82-3

# എഡിറ്റോറിയൽ സമിതി

സി.പി. ജോസ്

എം.വി. പ്രശാന്ത്

കെ.യു. ജയപ്രവീൺ

ലൗസിറ്റീച്ചർ

എൻ. രാജൻ

രാജലക്ഷ്മി

റഷീദ് വി.വൈ.

തോമാസ് മണ്ടുംപാൽ

ഉണ്ണികൃഷ്ണൻ സി.എ.

---

ശ്രീമതി. നബീസ

പഞ്ചായത്ത് സെക്രട്ടറി

---

കെ.എ. റോയി

കൺവീനർ

---

മറ്റ് സഹായികൾ

പി.എം. ഹമീദ്

പി.സി. തമ്പി

പി.എ. വേലായുധൻ

ടി.ഡി. ജാൻസി

രത്നകുമാരി രാജൻ

സീതാ രവീന്ദ്രൻ.

ഇതുമായി സഹകരിച്ച എല്ലാ സ്ഥാപനങ്ങളോടും വ്യക്തികളോടും നിസ്സീമമായ നന്ദി.....

2

# പ്രസിഡണ്ടിന്റെ കുറിപ്പ്



ജനകീയാസൂത്രണ പ്രക്രിയയിലെ ഒരു നാഴികക്കല്ലാണ് വികസനരേഖ. 73-74-ാം ഭരണഘടനാഭേദഗതിവഴി ത്രിതലപഞ്ചായത്തുകൾക്ക് കൈമാറിയ പ്രാദേശിക ആസൂത്രണത്തിന്റെ ആദ്യപടിയാണിത്.

തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ച ഈ അവസരം ജനോപകാരപ്രദമായവിധം രൂപപ്പെടണമെങ്കിൽ താഴെതലത്തിൽ നിന്നുള്ള ജനപങ്കാളിത്തം കൊണ്ടേ സാധ്യമാകു. പ്രാദേശിക പ്രശ്നങ്ങളും ആവശ്യങ്ങളും വിവേചിച്ചറിയാനും തദാനുസൃതമായവിധം പരിഹൃതമാക്കാനും ഓരോരുത്തർക്കും ജനപങ്കാളിത്തം ഉണ്ടെന്ന തോന്നൽ ഉണ്ടാകണം. അപ്പോൾ സംജാതമാകുന്ന പുത്തനുണർവ്വ് നമ്മുടെ ഗ്രാമങ്ങളിൽ വളർച്ചയുടെ അലകളുയർത്തും.

സാമൂഹ്യരംഗത്ത് പുനർനിർമ്മാണത്തിനുതകുന്ന ജനകീയപ്രസ്ഥാനത്തിന്റെ ഊടും പാവുമായി തീരുക എന്നതാണ് ഓരോ ഗ്രാമീണരുടേയും കർത്തവ്യം. രാഷ്ട്ര പുനരർപ്പണത്തിനായി തോളോട് തോൾ ചേർന്ന് വർദ്ധിതമായ ഇച്ഛാശക്തിയോടെ മുന്നോട്ട് പോകുമ്പോൾ ചില്ലറ അസ്വാരസ്യങ്ങൾ ഉണ്ടായേക്കാം. അത് സ്വാഭാവികം മാത്രമാണ്.

പിന്നിട്ട ഒരുവർഷക്കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുമ്പോൾ ജനോപകാരപ്രദമായ പല പദ്ധതികൾക്കും തുടക്കം കുറിക്കാൻ കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകമാണ്, പ്രാദേശിക ആരോഗ്യകേന്ദ്രം, വെറ്ററിനറി ആശുപത്രി, ICDS ബ്ലോക്ക്തല ആസ്ഥാനം, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായുള്ള ശാശ്വത പരിഹാരമാർഗ്ഗങ്ങൾ, ഭൂരഹിത കർഷകതൊഴിലാളികൾക്കുള്ള ഭൂവിതരണം എന്നിവ ഇവയിൽ ചിലതുമാത്രമാണ്.

9-ാം പദ്ധതി പ്രവർത്തനത്തിൽ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന്റെ വികസന രേഖ ഏറെ സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിന്റെ സദ്ദ്യുതമങ്ങളിൽ സഹകരിക്കുന്ന ഏവരോടും നന്ദി പറയാനും കൂടുതൽ വിമർശനാത്മകമായ ഉപദേശങ്ങളും ഉണ്ടാകണമെന്ന് അപേക്ഷിക്കട്ടെ.



പി.എം. ഹമീദ്
(വൈസ്. പ്രസിഡണ്ട്)



കെ.യു. ജയപ്രവീൺ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



തോമാസ് മണ്ടുമ്പാൽ
1-ാം വാർഡ് മെമ്പർ



പി.സി. തമ്പി
2-ാം വാർഡ് മെമ്പർ



റ്റി.ഡി. ജാൻസി
3-ാം വാർഡ് മെമ്പർ



എം.വി. പ്രശാന്ത്
4-ാം വാർഡ് മെമ്പർ



ലൗസി ടീച്ചർ
5-ാം വാർഡ് മെമ്പർ



രത്നകുമാരി രാജൻ
9-ാം വാർഡ് മെമ്പർ



പി.എ. വേലായുധൻ
10-ാം വാർഡ് മെമ്പർ



സീതാ രവീന്ദ്രൻ
11-ാം വാർഡ് മെമ്പർ

# പേജുകളിൽ

ആമുഖം

പൊതുവിതരണം

ഭൂവിഭാഗം

കൃഷി, ജലസേചനം

മൃഗ പരിപാലനം

വിദ്യാഭ്യാസം

ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

വ്യവസായം

റോഡുകൾ

ഊർജ്ജം

പാർപ്പിടം, ക്ഷേമ പ്രവർത്തനങ്ങൾ

സംസ്കാരം

വനിത

സഹകരണ മേഖല വിഭവ സമാഹരണം

പട്ടികജാതി ക്ഷേമം

# ആമുഖം

ചെറുകുന്നുകളും, ചെരിവുകളും സമതലപ്രദേശങ്ങളും, നെല്ലും-കവുങ്ങും-തെങ്ങും കൃഷി ചെയ്തുവരുന്ന കാർഷിക ഗ്രാമമാണ് ചൊവ്വന്നൂർ പഞ്ചായത്ത്.

വടക്ക് പോർക്കുളം പഞ്ചായത്തും, കിഴക്ക് കടങ്ങോട് പഞ്ചായത്തും തെക്ക് ചൂണ്ടൽ കണ്ടാണശ്ശേരി പഞ്ചായത്തും പടിഞ്ഞാറ് ആർത്താറ്റ് പഞ്ചായത്തും-കുന്നംകുളം മുനിസിപ്പാലിറ്റിയും അതിരുകളായി 18.39 ച കിമീറ്റർ വിസ്തൃതിയിൽ 11 വാർഡുകളായി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു.

അതിപുരാതനമായ ആരാധനാലയങ്ങളാലും, ചരിത്ര സ്മാരകങ്ങളാലും ഗതകാല സ്മരണകളുണർത്തുന്ന ഈ പ്രദേശം പുത്തൻ വികസന സംസ്കാരത്തിന്റെ ശംഖൊലി മുഴക്കുകയായി.

പ്രാചീന കാലത്ത് ജീവിച്ചിരുന്ന മുനിമാരുടെ ഗൃഹവും 1500 വർഷം പഴക്കമുള്ള ചെമ്മന്തട്ട ശിവക്ഷേത്രത്തിലെ കൊത്തുപണികളും, ഛായാചിത്രങ്ങളും പുരാതന സംസ്കാരത്തിന്റെ സമ്പന്നത വിളിച്ചോതുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് ബ്രാഹ്മണ ആചാര്യൻമാർ സമ്മേളിച്ചിരുന്ന ചൊവ്വന്നൂർ സഭാമഠവും, കൊച്ചി സാമൂതിരി രാജാക്കൻമാർ യുദ്ധം ചെയ്തതായി അറിയപ്പെടുന്ന പോർക്കളവും പുരാതന ക്രൈസ്തവ-മുസ്ലീം പള്ളികളും നൂറ്റാണ്ടുകൾ പിന്നിട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളും ക്ഷേത്രപ്രവേശന വിളംബരത്തിന് മുമ്പ് തന്നെ സാമൂഹ്യവിപ്ലവത്തിന് തുടക്കം കുറിക്കപ്പെട്ട വെള്ളിത്തിരുത്തി ശ്രീ വിഷ്ണു ക്ഷേത്രം പിന്നോക്കജാതിക്കാർക്ക് തുറന്നുകൊടുത്ത ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും പണ്ഡിതരാജൻ കാണിപ്പയൂർ ശ്രീ. ശങ്കരൻ നമ്പൂതിരിയും, ഇന്ത്യൻ നാഷ്ണൽ ആർമിയുടെ ലെഫ്റ്റനന്റും താമ്രപത്രം നേടിയ ശ്രീ. പടിയത്ത് രാമചന്ദ്രൻ നായർ, 1971 ൽ ഇന്ത്യ-പാക്ക് യുദ്ധത്തിൽ വീരചക്രം നേടിയ ശ്രീ. തോമാച്ചനും ഈ പഞ്ചായത്തിന്റെ അഭിമാനഭാജനങ്ങളാണ്.

സ്ത്രീ സ്വാതന്ത്ര്യം തടഞ്ഞുവെക്കപ്പെട്ട കാലഘട്ടത്തിൽ മേലാളൻമാരെ വശത്താക്കിയ താത്രിക്കുട്ടിയും ഈ പഞ്ചായത്തിലെ ചരിത്ര താളുകളിൽ സ്ഥാനം പിടിച്ചവരാണ്.

ജന്മി കുടിയാൻ സമ്പ്രദായമനുസരിച്ച് ചെറുതും വലുതുമായ ഭൂമിയിൽ കൃഷി ചെയ്തിരുന്ന കർഷകരും, പകലന്തിയോളം പാടത്തും പറമ്പിലും തൊഴിൽ ചെയ്ത് ഉപജീവനം ചെയ്തുപോന്ന പണിയാളൻമാരും അധിവസിച്ചിരുന്ന ഈ പഞ്ചായത്ത് 1951 ൽ രൂപം കൊണ്ടു.

നികുതിദായകർക്ക് വോട്ടവകാശമുണ്ടായിരുന്ന കാലഘട്ടത്തിൽ ശ്രീ. കെ.ബാലകൃഷ്ണൻ നായർ പ്രസിഡണ്ടായി നിലവിൽ വന്ന കമ്മിറ്റിയാണ് ആദ്യത്തേത്. തുടർന്ന് എ.മാധവൻ നായർ പ്രസിഡണ്ടായി.

1951ൽ 9754/50/LASWD At 3-8-51 കൽപ്പനപ്രകാരം ചൊവ്വന്നൂർ പഞ്ചായത്ത് നിലവിൽ വന്നു.

1954ൽ കെ. മാധവൻ നായർ സാർവ്വത്രിക വോട്ടവകാശമുള്ള തിരഞ്ഞെടുപ്പിലൂടെ പ്രസിഡണ്ടായി. 1960 ൽ പി. മാധവൻ നായരും 1963 ൽ എം.കെ. ഫ്രാൻസീസും പ്രസിഡണ്ടായി. അദ്ദേഹം അന്തരിച്ചതിനെതുടർന്ന് പി.കെ. ഗോപാലൻ പ്രസിഡണ്ടായി. 1979 ൽ എം. പരമേശ്വരൻ നമ്പൂതിരി പ്രസിഡണ്ടായി 1988 ൽ പി. ശ്രീധരൻ നായർ പ്രസിഡണ്ടായി. 1995 ൽ ചൊവ്വന്നൂർ പഞ്ചായത്ത് പ്രസിഡണ്ടായി സി.പി. ജോസ് തിരഞ്ഞെടുക്കപ്പെട്ടു.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ചൊവ്വന്നൂർ, ചെമ്മന്തട്ട, കാണിപ്പയ്യൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചൊവ്വന്നൂർ |
| താലൂക്ക് | : | തലപ്പിള്ളി |
| പാർലമെന്റ് മണ്ഡലം | : | ഒറ്റപ്പാലം |
| അസംബ്ലിമണ്ഡലം | : | കുന്ദംകുളം |
| വിസ്തീർണ്ണം | : | 18.39 ച.കി.മീ. |
| അതിരുകൾ | : | വടക്ക് പോർക്കുളം പഞ്ചായത്ത്<br>തെക്ക് ചൂണ്ടൽ, കണ്ടാണിശ്ശേരി പഞ്ചായത്ത്.<br>കിഴക്ക് കടങ്ങോട് പഞ്ചായത്ത്.<br>പടിഞ്ഞാറ് ആർത്താറ്റ് പഞ്ചായത്ത്<br>കുന്ദംകുളം മുനിസിപ്പാലിറ്റി. |
| ജനസംഖ്യ | | 25496 |
| പുരുഷന്മാർ | : | 12069 |
| സ്ത്രീകൾ | : | 13427 |
| വാർഡുകൾ | : | 11 |
| പ്രസിഡണ്ട് | : | സി.പി.ജോസ് |
| വൈ. പ്രസിഡണ്ട് | : | പി.എം. ഹമീദ് |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ | : | കെ.യു. ജയപ്രവീൺ |



# ഭൂവിഭവങ്ങൾ

മനുഷ്യരാശിയുടെ ഉൽപത്തിമുതൽ വിവിധതരം ആവശ്യങ്ങൾക്കായി പ്രകൃതിയിൽ ലഭ്യമായ വിഭവങ്ങളെ മനുഷ്യൻ ഉപഭോഗം ചെയ്ത് വരുന്നു. ക്രമാതീതമായ ജനപെരുപ്പവും അതിനെത്തുടർന്നുള്ള അധികരിച്ച ആവശ്യങ്ങളും ഭൂവിഭവ ശോഷണത്തിന് വഴിയൊരുക്കി ഈ അവസ്ഥ നമ്മുടെ ഭാവിക്ക് തന്നെ ഭീഷണിയായി.

മണ്ണ്, ജലം, സസ്യസമ്പത്ത്, മൃഗസംമ്പത്ത് എന്നിവയുടെ ഒത്ത് ചേർന്ന സംവിധാനത്തെ നാം ഭൂവിഭവം എന്ന് ഉദ്ദേശിക്കുന്നു. ഇവ തമ്മിലുള്ള ഭൗതിക രാസ പരിണാമ പ്രക്രിയയാണ് ഭൂമിയിൽ ജീവരാശിയെ നിലനിർത്തുന്നു എന്നത് ഒരു സത്യമാണ്.

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 18.39 ച.കി.മീ. ആണ്. ചൊവ്വന്നൂർ വില്ലേജ്, ചെമ്മംതട്ടവില്ലേജ്, കാണിപ്പയ്യൂർ വില്ലേജ് എന്നീ 3 റവന്യൂവില്ലേജുകൾ ഉൽപ്പെടുന്ന ഈ പഞ്ചായത്തിൽ 11 വാർഡുകളാണുള്ളത്.

1991ൽ സെൻസസ് റിപ്പോർട്ടു പ്രകാരം മൊത്തം ജനസംഖ്യ 25,496 ആണ്. അതിൽ 12069 പുരുഷന്മാരും 13427 സ്ത്രീജനങ്ങളും ആണ്. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 3035 പേരിൽ 1468 പരുഷന്മാരും 1567 സ്ത്രീജനങ്ങളും ആണ്. വാർഡ് തിരിച്ചിട്ടുള്ള കണക്ക് ചാർട്ട് 1ൽ കൊടുത്തിരിക്കുന്നു. ജനസംഖ്യയിൽ മുഖ്യ പങ്ക് ചെറുകിട കർഷകരും കർഷകതൊഴിലാളികളും ആണ്. ജനസംഖ്യ സാന്ദ്രത ച.കി. മീറ്ററിന് 1386 ആണ്. 1984ൽ ഇത് 1208 1971ൽ 1014 ആയിരുന്നു. കേരളത്തിൽ ഇത് ച.കി. മീറ്ററിന് 749 ആണ്.

## പഞ്ചായത്തിന്റെ ഭൂപ്രകൃതി

(അവലംബം വിഭവഭുപടങ്ങൾ, റവന്യൂരേഖകൾ, കൃഷിഭവൻ രേഖകൾ, പഠന പര്യടനം)

ഭൂപ്രകൃതി അനുസരിച്ച് ചൊവ്വന്നൂർ പഞ്ചായത്ത് പ്രധാനമായി മൂന്നുനാല് മേഖലകളായി തിരിക്കാം

1. ഉയർന്ന സമതലത്തോടുകൂടിയ കുന്നുകൾ
2. ചരിവ് പ്രദേശങ്ങൾ
3. താഴ്‌വരകൾ-സമതലപ്രദേശങ്ങൾ
4. നെൽകൃഷി പ്രദേശങ്ങൾ

## ഉയർന്ന സമതലം

1-ാം വാർഡിൽ പെട്ട നരിമടക്കുന്ന്, കല്ലഴിക്കുന്ന് മൂന്നാം വാർഡിൽപ്പെട്ട അടുപ്പുട്ടിക്കുന്ന്, പതിനൊന്നാം വാർഡിൽപ്പെട്ട ഇഞ്ചിക്കുന്ന് എന്നിവ ഉയർന്ന കട്ടികൂടിയ ചെങ്കൽപാറയോടുകൂടിയ ഭൂപ്രദേശമാണ്. ഇവ സമുദ്രനിരപ്പിൽനിന്നും 35മീറ്റർ മുതൽ 60മീ. വരെ ഉയർന്ന് സ്ഥിതി ചെയ്യുന്നതാണ്. ഈ ഉയർന്ന പ്രദേശങ്ങളിൽ ജലസേചനസൗകര്യം കുറവുള്ളതിനാൽ കാർഷികവിളകളുടെ കൃഷി ആസൂത്രിതമായി നടത്തുന്നില്ല. ഇതിൽ ആദ്യം സൂചിപ്പിച്ച നരിമടക്കുന്നിൽ പാറതെളിഞ്ഞുകാണുന്നതിനാൽ യാതൊരു കൃഷിയും ചെയ്യുന്നില്ല. താരതമ്യേന മണ്ണ് കൂടുതലുള്ള ചില ഭാഗങ്ങളിൽ പല ചെടികൾ വളരുമെങ്കിലും പൊതുവെ മഴക്കാലത്ത് പുല്ല് വളരുന്നവയാണ്. ജനസംഖ്യാവർദ്ധനവു മൂലം ഈ ഭൂപ്രദേശങ്ങളും ഇപ്പോൾ പുരയിടങ്ങളായികൊണ്ടിരിക്കുന്നു.

## 2. ചരിവുപ്രദേശങ്ങൾ

മുഖ്യമായും ഈ പഞ്ചായത്തിലെ ഭൂപ്രകൃതി വടക്കുകിഴക്കുഭാഗം ഉയർന്ന് തെക്ക് പടിഞ്ഞാറുഭാഗത്തേക്ക് ചരരിഞ്ഞുകിടക്കുന്നു. അതുകൊണ്ട് ജലത്തിന്റെ നീരൊഴുക്ക് മുഖ്യമായും വടക്കുനിന്ന് തേക്കോട്ടാണ്.

മുഖ്യമായും ഉയർന്ന പ്രദേശവും താഴ്ന്ന നെൽകൃഷി പ്രദേശവും തമ്മിൽ ബന്ധിപ്പിക്കുന്ന ചെറിയ ചരിവുകൾ മുതൽ കുത്തനെയുള്ള ബന്ധിപ്പിക്കുന്ന ചെറിയ ചരിവുകൾ മുതൽ കുത്തനെയുള്ള ചരിവുകൾ വരെ ഈ പഞ്ചായത്ത് പ്രദേശത്ത് ഉണ്ട് ചരൽ കലർന്ന ചെമ്മണാണ് ഈ പ്രദേശത്ത് പൊതുവെ കണ്ടുവരുന്നത്. മൺപുതുപ്പ് (Soial Coverage) താരതമ്യേന 2 മീ. മുതൽ 8 മീറ്റർ വരെ ആഴത്തിൽ ഈ പ്രദേശത്ത് കാണപ്പെടുന്നു. മഴ വെള്ളത്തിന് കിനിഞ്ഞിറങ്ങുവാൻ സാധിക്കുമെങ്കിലും മൺത്തരികൾക്ക് ജലാംശം പിടിച്ചു നിർത്താൻ കഴിവില്ലാത്തതുമൂലം വെള്ളം പെട്ടെന്ന് ഒഴുകിപോകുന്നു. കൃഷിചെയ്യാത്ത ഭൂമി ഈ പ്രദേശത്ത് കുറവാണെന്ന് പറയാം. ഇവിടത്തെ പ്രദേശത്ത് പ്രധാന കാർഷിക വിളകളായ തെങ്ങ്, കുരുമുളക്, കശുമാവ്, വാഴ, റബ്ബർ എന്നീ തോട്ടവിളകളും, പ്ലാവ്, മാവ് എന്നീ ഫലവൃക്ഷങ്ങളും കണ്ടുവരുന്നു.

## താഴ്‌വര പ്രദേശവും നെൽകൃഷിപ്രദേശവും

ഈ പഞ്ചായത്തിന്റെ വിസ്തൃതിയിൽ മുഖ്യമായും വരുന്ന ഈ പ്രദേശത്ത് എല്ലാ കാർഷിക വിളകളും കൃഷിചെയ്തുവരുന്നു. പ്രധാന കാർഷിക വിളകളായ കവുങ്ങ്, തെങ്ങ്, നെല്ല്, (ചാർട്ട്, വാഴ, പച്ചക്കറികൾ, എള്ള്, കിഴങ്ങ് വർഗ്ഗങ്ങൾ ഫലഭൂയിഷ്ടിയുള്ളവ ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്ന കാർഷിക വിളകളും മറ്റു വൃക്ഷങ്ങളും കാണിച്ചിരിക്കുന്നു.) മഴ വെള്ളം പ്രധാനമായും ശേഖരിക്കപ്പെടുന്ന ഭൂവിഭാഗമായതിനാൽ ഇവിടത്തെ മൺത്തരങ്ങൾ ലാറ്റ് റൈറ്റ് സോയിൽ മുതൽ Muddy latesite soil, Aluvial Soil എന്നിവ കണ്ടുവരുന്നു. താഴ്‌വരയുടെ പല ഭാഗങ്ങളിലും മണ്ണ് വ്യത്യസ്തതര

ത്തിലുള്ള പാറപ്രദേശങ്ങൾ (മൃദുവായ Laterterok മുതൽ കട്ടി കൂടിയ കരിം പാറവരെ കണ്ടുവരുന്നു. നെൽ കൃഷിക്കുള്ള സമതലപ്രദേശങ്ങൾ പ്രധാനമായും കലവണ്ണതോട്ടിൽ നിന്നും ആരംഭിക്കുന്ന ഒഴുക്കുപാറ തോടിന്റെ ഇരുഭാഗത്തേയും വാഴാനി കാഡ പദ്ധതിയുടെ ആയകട്ട് ഏരിയായ ചെമ്മംതട്ട, പഴുന്നാന, പുതുശ്ശേരി എന്നീ പ്രദേശങ്ങളായി പരന്നു കിടക്കുന്നു. പൊതുവെ ജലനിരപ്പ് 4 മീറ്റർ മുതൽ 18 മീറ്റർ താഴെ ഉപരിതല ജലവും അതിനു താഴെ ഭൂഗർഭജലവും ലഭിക്കുന്നു.

## കാലാവസ്ഥ:

ഉഷ്ണമേഖല പ്രദേശമായ ഈ പഞ്ചായത്ത് താരതമ്യേന ഒരു നല്ല മഴ ലഭിക്കുന്ന ഭൂപ്രദേശമാണ്. 1986 മുതൽ 1995 വരെ ലഭിച്ച മഴയുടെ കണക്ക് പരിശോധിക്കുകയാണെങ്കിൽ ശരാശരി ഒരു വർഷത്തിൽ 284 സെ.മീ. മഴ ഈ പ്രദേശത്ത് ലഭിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാം. കഴിഞ്ഞ 10 വർഷം ലഭിച്ച മഴയുടെ കണക്കിൽ ഓരോ മാസവും ലഭ്യമായ മഴയുടെ കണക്ക് ഒരു വൃത്ത ചിത്രീകരണം താഴെ കൊടുക്കുന്നു.



## കാലാവസ്ഥ കലണ്ടർ:

ഈ പഞ്ചായത്തിൽ കാലവർഷം സാധാരണയായി ജൂൺമാസം ആരംഭത്തിൽ തന്നെയാണ്. ആകസ്മികമായി ചില വർഷങ്ങളിൽ മെയ് മാസം അവസാനത്തിലും കാലവർഷം ആരംഭിക്കുന്നുണ്ട്. അതുപോലെ ഒക്ടോബർ അദ്യത്തെ ഫോർട്ട് നൈറ്റിൽ തുലാം വർഷവും ആരംഭിക്കുന്നു. ചില വർഷങ്ങളിൽ അപ്രതീക്ഷിതമായി തുലാംവർഷം വളരെ ശുഷ്ക്കമാകാറുണ്ട്. മഞ്ഞുകാലം ആരംഭിക്കുന്നത് നവംബർ അവസാനത്തോടുകൂടിയാണ്. സാധാരണയായി ഇത് ജനുവരിമാസം പകുതി വരെ തുടരാറുണ്ട്. അത് കഴിഞ്ഞാൽ വേനൽക്കാലം ആരംഭിക്കുന്നു. മേടപുലരിയിൽ വിഷുകാലയളവിൽ ചിലപ്പോൾ കുറച്ചുമഴ മുടക്കംകൂടാതെ ലഭിക്കാറുണ്ട്. ഈ കാലഘട്ടത്തെയാണ് കാർഷിക വർഷത്തിന്റെ ആരംഭമായി കണക്കാക്കുന്നത്. വേനൽമഴ ലഭിക്കുന്നത് കുംഭം മേടം മാസങ്ങളിലാണ്.

സുലഭമായി മഴ ലഭിക്കുന്ന പ്രദേശമാണെങ്കിലും ഫലപ്രദമായ രീതിയിൽ ഇത് സംഭരിക്കാനൊ ജല ദൗർലഭ്യം നേരിടുന്ന സമയത്ത് ഫലപ്രദമായി ഉപയോഗ പ്രദമാക്കാനുള്ള സംവിധാനമൊ ഇപ്പോൾ ഇല്ലെന്നുള്ളത് സത്യമാണ്. മാത്രമല്ല ശക്തിയായി മഴ ലഭിക്കാത്ത ജൂൺ ജൂലായം മാസങ്ങളിൽ അതിവൃഷ്ടി മൂലമുള്ള മണ്ണൊലിപ്പും, അതുമൂലം ഫലഭൂയിഷ്ടിത പോഷണത്തിനും കാരണമായി തീരാറുണ്ട്.

കൂടാതെ ശക്തിയായ മഴയും കാറ്റും മൂലം കാർഷിക വിളകൾക്കും സ്ഥിരമായി നാശനഷ്ടം സംഭവിക്കുന്ന ഭൂപ്രദേശമാണ്. ശരിയായ രീതിയിൽ ജലം സംഭരിക്കാൻ സാധിക്കാത്തതിനാൽ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷം തന്നെയാണ്. അതുകൊണ്ട് ഫലപ്രദമായ രീതിയിൽ വെള്ളം സംഭരിച്ചുകൊണ്ടുള്ള വികസന പദ്ധതികൾ പ്രത്യേകിച്ച് ഈ പഞ്ചായത്തിൽ മുൻഗണന ക്രമത്തിൽ നടപ്പിലാക്കേണ്ടതാണ്.

## മണ്ണ് (Soil)

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് ചെങ്കൽമണ്ണാണ്. (Laterite Soil) വെട്ടുകൽ കാലർന്ന ഈ ചെങ്കൽമണ്ണ് നീർവാഴ്ച സൗകര്യം ഏറ്റവും അധികമുള്ളതിനാൽ തീരെ വെള്ളം പിടിച്ച് നിർത്തുന്നില്ല. കുറഞ്ഞ ഫലഭൂയിഷ്ടതയും ജൈവാംശവും ഉയർന്ന വായു സഞ്ചാരവും ഈ മണ്ണിന്റെ മറ്റൊരു പ്രത്യേകതയാണ്. ഈ മണ്ണിൽ കൃഷി ചെയ്യുമ്പോൾ ജൈവ വളം കൂടുതൽ ഉപയോഗിച്ച് മണ്ണിന്റെ ഫലഭൂയിഷ്ടതയും ജല ആഗിരണ ശേഷിയും വർദ്ധിപ്പിക്കേണ്ടതാണ്. അമ്ലാംശം (PH) 3 മുതൽ 5.5 വരെ കാണപ്പെടുന്ന ഈ മണ്ണിൽ മുഖ്യ സസ്യമൂലകങ്ങളായ പാക്യജനകം, ഭാവകം, ക്ഷാരം എന്നിവ കുറവുതന്നെ.

വിവിധ തരം മണ്ണിനങ്ങളുടെ ഒരു രേഖ താഴെ കൊടുക്കുന്നു




## കൃഷിയും ഭൂവിനിയോഗവും:

(അവലംബം: വിഭവ ഭൂപടങ്ങൾ കൃഷിഭവൻ) രേഖകൾ:കാർഷികമേഖലയായിരുന്ന ഈ ഭൂപ്രദേശത്ത് വിഭിന്നമായ കൃഷി രീതികളാണ് അവംലംഭിച്ചു വരുന്നത്. കുന്നിൻ പ്രദേശങ്ങളിൽ കശുമാവ്, പയറുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൽ, തെങ്ങ്, കുരുമുളക്, തുടങ്ങിയ വിളകളും സമതലപ്രദേശങ്ങളിൽ കവുങ്ങ്, തെങ്ങ് ഇടവിളയായി കുരുമുളക്, വാഴ എന്നിവയും പാടശേഖരങ്ങളിൽ നെല്ല്, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, എള്ള് എന്നിവയും കൃഷിചെയ്തു വരുന്നു. കൂടാതെ ഫല വൃക്ഷങ്ങളായ മാവ് എന്നിവയും ധാരാളമായി കണ്ടുവരുന്നു.

റവന്യുരേഖകൾ പ്രകാരമുള്ള ഈ ഗ്രാമ പഞ്ചായത്തിലെ മൂന്നു വില്ലേജുകളിൽ ഉൽപ്പെടുന്ന കൃഷിഭൂമി (നിലം, കരഭൂമി (പുരയിടം, പുറംമ്പോക്ക്) എന്നിവയുടെ വിശദ വിവരങ്ങൾ താഴെകൊടുക്കുന്നു.

## ഭൂമിയുടെ ഉടമസ്ഥതയും

| | ചെമ്മന്തെട്ട | ചൊവ്വന്നൂർ | കാണിപ്പയ്യൂർ | വിസ്തീർണ്ണം |
|---|---|---|---|---|
| നിലം | 262 | 322 | 155 | 739 Hc |
| പുരയിടം | 193 | 454 | 360 | 1007 Hc |
| പുറമ്പോക്ക് | 19 | 44 | 33 | 96 |

## കാർഷിക വിളകളും:

ഈ പഞ്ചായത്തിൽ പൂർണ്ണമായി കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾ 25% ആണെന്ന് പറയാം. ഭൂരിപക്ഷം പേരും കൃഷി ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ്. ഭൂഉടമസ്ഥതയുടെ ഒരു ഏകദേശം പട്ടിക താഴെ കൊടുത്തിരിക്കുന്നു. കൃഷിക്ക് ഉപതൊഴിലായി സ്ഥീകരിച്ചിട്ടുള്ള ഉദ്യോഗസ്ഥരും, കച്ചവടക്കാരും, മറ്റ് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരും, വിദേശത്തുള്ളവരും, കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ താൽപര്യം കാട്ടുന്നില്ല. ഒരു വിഭാഗം ജനങ്ങൾക്ക് കൃഷിചെയ്യുന്നതിനുള്ള സമയമോ, താൽപര്യമോ ഒട്ടുമില്ലതാനും. ഈ പഞ്ചായത്തിലെ കാർഷികാഭിവൃദ്ധിക്ക് ഒരു മുഖ്യതടസ്സം ഇതാണ്.

ഇങ്ങനെയുള്ള ഭൂഉടമകളിൽ യഥാർത്ഥ കർഷകരുടെ എണ്ണം 1750 നടുത്തേ വരികയുള്ളു.

| നമ്പർ | ഭൂമിയുടെ വിവരം | ഉടമസ്ഥന്മാരുടെ എണ്ണം |
|---|---|---|
| 1. | 1 മുതൽ 10 സെ. വരെ | 2913 |
| 2. | 10 സെ. മുതൽ25 സെ. വരെ | 1840 |
| 3. | 25 സെ. മുതൽ 50 സെ. വരെ | 1023 |
| 4. | 50 സെ. മുതൽ 100 സെ. വരെ | 948 |
| 5. | 1.ഏ. മുതൽ 2.ഏ. വരെ | 123 |
| 6. | 2 ഏ. മുതൽ 5. ഏ. വരെ | 23 |
| 7. | 5 ഏക്കറിന് മുകളിൽ | 13 |
| | **ആകെ ഉടമസ്ഥരുടെ എണ്ണം** | **6883** |

## വിളകളുടെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും

1950 കളുടെ അവസാന കാലത്തും ഇപ്പോഴും ഈ പഞ്ചായത്തിൽ കൃഷിചെയ്യുന്ന കാർഷിക വിളകളുടെ ഭൂവിനിയോഗം ഉൽപാദനം എന്നിവയുടെ ചാർട്ടുകൾ കൊടുത്തിരിക്കുന്നു. 1960ൽ വരെ വാസ്തവത്തിൽ തെങ്ങ് കൃഷിക്ക് ഏറ്റവും അനുയോജ്യമായ തീര സമതലങ്ങളിൽ നെൽ കൃഷിയായി 6 മുതൽ 7 മേനി മാത്രം വിളയുന്ന വടക്കൻ പട്ടാമ്പി

ഇനങ്ങൾ മാത്രമാണ് (മോഡേൺ കൃഷി) ഇവിടെ കൃഷി ചെയ്തിരുന്നത്. ലാഭകരമല്ലാതിരുന്നിട്ടു പോലും ഈ കൃഷിക്ക് മുഖ്യകാരണം ഭൂ വ്യവസ്ഥിതിയായ ഭൂപാട്ട നിയമമാണ്.

ചൊവ്വന്നൂർ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ

A. ധാന്യങ്ങൾ

1. നെല്ല്

വരുക്, ചാമ എന്നിവ ഒരു കാലത്ത് കൃഷി ചെയ്തിരുന്നു.

B. പയറുവർഗ്ഗങ്ങൾ

1. വൻപയറ്
2. ഉഴുന്ന്
3. അമര വർഗ്ഗങ്ങൾ

C. കിഴങ്ങുവർഗ്ഗങ്ങൾ

1. മരച്ചീനി
2. ചേന
3. ചേമ്പ്
4. മധുരകിഴങ്ങ്
5. കൂർക്ക

D. ഫലവർഗ്ഗങ്ങൾ

1. വാഴ 5. പേര
2. കടപ്ലാവ് 6. മാവ്
3. സപ്പോട്ട 7. നാരകം
4. കശുമാവ് 8. പപ്പായ
9 പ്ലാവ്

E. എണ്ണകുരുക്കൾ

1. തെങ്ങ്
2. നിലക്കടല

F. പച്ചക്കറി ഇനങ്ങൾ

1. വഴുതന 4. ചീര 7.

കുക്കർ ബിറ്റിസ് ഇനങ്ങളായ

1.കുമ്പളം 2. കയ്പക്ക 3.മത്തങ്ങ

4 മുളക്

5. മുരിങ്ങക്കായ, പടവലം, മത്തങ്ങ തുടങ്ങിയ

G. റബ്ബർ ഇനങ്ങൾ

സ്വാഭാവിക മരങ്ങൾ

H. മറ്റ് വിളകൾ

1. കൊക്കോ 3. കവുങ്ങ്
2. വെറ്റില

I. സുഗന്ധവിളകൾ

1. മുളക് 4. കരയാംബു
2. കുരുമുളക് 5. ഇഞ്ചി
3. ജാതി 6. മഞ്ഞൾ

ചൊവ്വന്നൂർ പഞ്ചായത്തിൽ കാണപ്പെടുന്ന സാമ്പത്തിക പ്രധാന്യമുള്ള മരങ്ങൾ

1. തേക്ക്
2. കാട്ടുപന്ന
3. വെൻതേക്ക്
4. മാവ്
5. വാക
6. ഏഴിലംപാല
7. മുള്ള്വാക
8. മഹാഗണി
9. പ്ലാവ്
10. വേപ്പ്
11. പുളിമരം
12. കുടമ്പുളി
13. പഞ്ഞിമരം
14. കറിവേപ്പ്

15. അകിൽ
16. പൂവം
17. മുരിക്ക്
18. വട്ട (പൊടിനി)
19. കണിക്കൊന്ന
20. കടകൊന്ന
21. മന്ദാരഇനങ്ങൾ
22. അശോകം
23. അക്കോഷ്യ
24. പുളിവാക
25. പിലവാക്
26. ഞാവൽ
27. യൂക്കാലിപ്റ്റസ്
28. മൈലാഞ്ചി
29. കാര
30. ഏടന
31. കരിമുള്ളിപെറുമുലം ചെടികൾ
32. കാഞ്ഞിരം
33. നെല്ലി
34. ആൽമരങ്ങൾ (കല്ലാൽ, പേരാൽ, അരയാൽ)
35. ഏരുവനാക്ക്
36. കാറ്റാടിമരം
37. വിവിധ ഇനം പനകൾ (ആനപ്പന, കരിമ്പന, ചൂണ്ടപ്പന, കുടപ്പന)
38. വിവിധ ഇനം മുളകൾ (കല്പൽമുള, ശീമുള)
39. അരണമരം
40. ചെമ്പകം
41. ബദാം
42. ചേര്
43. അത്തി
44. കൂവളം
45. പ്ലാഗ്
46. മുള്ളിവാപ്പ്
47. ഉണ്ട്
48. അശോകം
49. ശീമകൊന്ന
50. ഇലിമ്പിപുളി
51. പപ്പായ
52. കവുങ്ങ്
53. പലതരം ഔഷധചെടികൾ
54. പൂള
55. മറ്റ് ഉഷ്ണമേഖല ചെടികൾ



| No.of Ward | Area of Panchayath in Sq/Km | No.of Occupied of Residential House | No.of Occupied of Residential | total population (including institutional and House less population) | | | total population in the age group | | | S/c | | Tribes | Liteerals | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | P | M | F | P | M | F | M | F | | M | F |
| | 18.39 | 4847 | 4871 | 25496 | 12069 | 13427 | | 1544 | 1523 | 1468 | 1567 | | 10021 | 10612 |
| I | - | 475 | 475 | 2490 | 1154 | 1336 | 273 | 146 | 127 | 191 | 194 | | 987 | 1135 |
| II | - | 565 | 572 | 2999 | 1506 | 1493 | 341 | 174 | 167 | 234 | 223 | | 1271 | 1185 |
| III | - | 574 | 563 | 2989 | 1407 | 1582 | 397 | 194 | 203 | 181 | 213 | | 1131 | 1186 |
| IV | - | 401 | 401 | 2198 | 1040 | 1158 | 270 | 137 | 133 | 37 | 45 | | 866 | 934 |
| V | - | 618 | 624 | 3352 | 1575 | 1777 | 422 | 209 | 213 | 169 | 200 | | 1296 | 1357 |
| VI | - | 388 | 388 | 2187 | 1044 | 1143 | 271 | 135 | 136 | 109 | 106 | | 843 | 895 |
| VII | - | 466 | 466 | 2353 | 1071 | 1282 | 254 | 120 | 134 | 92 | 101 | | 917 | 1047 |
| VIII | - | 426 | 426 | 2171 | 1026 | 1145 | 270 | 140 | 130 | 141 | 154 | | 839 | 875 |
| IX | - | 460 | 460 | 2253 | 1088 | 1165 | 272 | 140 | 132 | 179 | 185 | | 931 | 941 |
| X | - | 474 | 476 | 2504 | 1158 | 1346 | 297 | 149 | 148 | 135 | 146 | | 940 | 1053 |

## മാസം തോറുമുള്ള ഏറ്റവും ഉയർന്നതും താഴ്ന്നതുമായ അന്തരീക്ഷ ഊഷ്മാവിന്റെ ശരാശരി



17

മാസംതോറുമുള്ള ആപേക്ഷിക-ആർദ്രതയുടെ
ശരാശരി കണക്ക്



## ചൊവ്വന്നൂർ പഞ്ചായത്തിലെ പൊതുകുളങ്ങൾ

| വാർഡിന്റെ നമ്പർ | കുളത്തിന്റെ പേര് |
|---|---|
| I | പാങ്കുളം |
| I | കുട്ടംകുളം-ചൊവ്വന്നൂർ |
| I | പുത്തൻ കുളം |
| I | പാറേംപാടം അവിട്ടകുഴി. |
| II | വിമ്പിക്കുളം, ചൊവ്വന്നൂർ |
| II | കണ്ടംകുളം |
| IV | ഐനിക്കുളം |
| IV | കടയംകുളം |
| IV | എളാട്ടു കുളം |
| V | ചെമ്മന്തൊട്ട |
| V | ചിറ്റിലങ്ങാട് പുത്തൻകുളം |
| VI | പുതുകുളം പഴുന്നാന |
| VI | കാരക്കുളം പഴുന്നാന |
| VI | തട്ടാത്തികുളം പഴുന്നാന |
| VI | ഉറകുളം |
| VII | പുത്തൻകുളം |
| VII | അയ്യംകുളം പുതുശ്ശേരി |
| VIII | കൈകുളം പയ്യൂർ |
| X | കുറ്റ്യാട്ടുകുളം |



# കൃഷി ജലസേചനം

വളരെ പണ്ടുമുതൽക്കുതന്നെ കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തായിരുന്നു ചൊവ്വന്നൂർ. ഒട്ടുമിക്ക പ്രദേശങ്ങളും കൃഷിയിടങ്ങളായിരുന്നു. കൃഷി ഇറക്കാത്ത ഭൂപ്രദേശങ്ങളാകട്ടെ താരതമേന്യ മണ്ണു കുറഞ്ഞ വെള്ളം വേണ്ടത്ര ലഭ്യമല്ലാത്ത ഭൂപ്രദേശങ്ങളാണ്.

പഞ്ചായത്തിലെ പ്രധാന വിളയിനങ്ങൾ നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, കശുമാവ്, കുരുമുളക്, മരച്ചീനി, പച്ചക്കറികൾ എന്നിവയാണ്. ഇവയെ കൂടാതെ പറമ്പുകൃഷിയായി ചേന, ചേമ്പ്, കൂർക്ക, പയർ എന്നിവയും ജാതി, കരയാമ്പൂ, കറുകപ്പട്ട എന്നിവയും കൃഷിചെയ്യുന്നുണ്ട്.

| വില്ലേജുകൾ | | | | വിസ്തീർണ്ണം |
|---|---|---|---|---|
| | ചെമ്മന്തട്ട | ചൊവ്വന്നൂർ | കാണിപ്പയ്യൂർ | |
| നിലം | 262 | 322 | 155 | 739 Ha |
| പുരയിടം | 193 | 454 | 360 | 1007 Ha |
| പുറമ്പോക്ക് | 19 | 44 | 33 | 96 Ha |

കൃഷിയുടെ ഉപയോഗം 91

| വിളകൾ | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| നെല്ല് | 580-600 | 31%-32% |
| തെങ്ങ് | 600-640 | 34%-35% |
| മിശ്രവിള (കവുങ്ങ്, തെങ്ങ്,വാഴ) | 540-580 | 20%-30 |
| ഫലവർഗ്ഗങ്ങൾ (കശുമാവ് മാവ് പ്ലാവ്) | 50-60 | 2%-5% |

1960ന് മുമ്പ് നെൽകൃഷിയിടം 820 ഹെക്ടർ ആയിരുന്നു. എന്നാൽ ഇന്ന് 560ഹെക്ടർ ആയി കുറഞ്ഞു. ബാക്കിവരുന്ന നെൽകൃഷിയിടങ്ങൾ, തെങ്ങിൻത്തോപ്പുകളും, വീടുകളുമായി മാറിയിരിക്കുന്നു. ഈ പ്രവണതയുടെ ഗതിവേഗം ഗൾഫ് ബൂം കാലഘട്ടത്തോടെയാണ് കൂടുതലായത്.

1960 കൾക്ക് മുമ്പ് കൃഷി വ്യാപകമായി നിലനിന്നിരുന്നു. ഇതിനുകാരണം പ്രധാന തൊഴിൽമേഖല കാർഷിക മേഖലയായിരുന്നു എന്നതാണ്. മറ്റുതൊഴിൽ മേഖലകളുടെ സാന്നിദ്ധ്യം നാമമാത്രമായിരുന്ന എന്നതും ഈ അവസ്ഥയ്ക്ക് സഹായകമായി ത്തീർന്നു. അന്നു നിലനിന്നിരുന്ന കുടിയായ്മ വ്യവസ്ഥിതിയിൽ പ്രധാനമായും മൂന്നു രീതികളാണ് പ്രചാര ത്തിലുണ്ടായിരുന്നതെന്ന് കാണാം ജന്മം, വെറുംപാട്ടം എന്നിവയാണിവ. സഭാമഠം ദേവസ്വം, കടവല്ലൂർ ദേവസ്വം, പുന്നത്തൂർ ദേവസ്വം, കൊടുവായൂർ ദേവസ്വം ശങ്കരപുരം ദേവസ്വം, ഉഭയൂർ ദേവസ്വം, ചിറളയം രാജകുടുംബം, മണക്കുളം രാജകുടുംബം, ചേനോസ്, അകഴിമന എന്നിവരിൽ ആയിരുന്നു പ്രധാനമായും ഭൂമിയുടെ ഉടമസ്ഥത നിക്ഷിപ്ത മായിരുന്നത്.

1960കളുടെ അവസാനത്തിൽ പ്രാബ ല്യത്തിൽ വന്ന ഭൂപരിഷ്ക്കരണ നിയമം സമൂഹത്തിൽ സാമ്പത്തികമായും, സാമൂഹ്യ മായും, വിദ്യാഭ്യാസപരമായും വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് വഴിതെളിയിച്ചു. ഈ നിയമത്തിന്റെ ഗുണഭോക്താക്കളിൽ ഏറിയ

പങ്കും ചെറുകിട കർഷകരായിരുന്നു. ഇവർക്കാകട്ടെ തുടർ വർഷങ്ങളിൽ കാർഷിക മേഖലയിൽ വന്ന നവീന കാർഷീക രീതികളോ, യന്ത്രങ്ങളോ ഉപയോഗിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി ഉണ്ടായിരുന്നില്ല. എന്നാൽ സാർവ്വത്രിക വിദ്യാഭ്യാസവും ജീവിത നിലവാരത്തിലെ ഉയർച്ചയും സാമൂഹ്യ ബന്ധങ്ങളിലും അടിസ്ഥാനതൊഴിലാളി വിഭാഗങ്ങളിലും വലിയ മാറ്റത്തിന് വഴിതെളിയിച്ചു. ഇവരുടെ പിൻമുറക്കാർ മറ്റു തൊഴിൽ മേഖലകളിലേക്ക് ചേക്കേറാൻ തുടങ്ങിയത് കാർഷീക തൊഴിലാളിയുടെ അപര്യാപ്തയിലേക്കും കൂലി വർദ്ധനവിലേക്കും നയിച്ചു. ഇത് നെൽകൃഷിയെ പ്രതികൂലമായി ബാധിച്ച പ്രാധന ഘടകങ്ങളിൽ ഒന്നാണ്.

മുൻകാലങ്ങളിൽ പാടശേഖരങ്ങളിലെ നിലങ്ങൾ കൃഷിചെയ്തുവന്നിരുന്നത്. കാലങ്ങളായി താരതമേന്യ ഉയർന്ന ഭാഗങ്ങളിൽ നിന്നും ഒഴുകി വന്നിരുന്ന വെള്ളത്തെ ആശ്രയിച്ചായിരുന്നു. എന്നാൽ റോഡരികിലെ നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്താൽ തുടങ്ങിയതു മൂലം മുകളിൽ നിന്ന് വന്നിരുന്ന വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടാൻ ഇടയാക്കി. ഉദാഹരണമായി പന്തല്ലൂരിലെ വടക്കാഞ്ചേരി കുന്നംകുളം റോഡിന്റെ തെക്കുഭാഗത്തുള്ള പാറനിലങ്ങളിൽ ഭൂരിഭാഗവും ഇന്ന് തരിശായി ഇട്ടിരിക്കുകയാണ്. ചിലത് വർഷത്തിലൊരിക്കൽ മാത്രമാണ് കൃഷിചെയ്യുന്നത്. ഇതിനു കാരണം വേണ്ട സമയത്ത് വേണ്ട അളവിൽ ജലം ലഭ്യമല്ല എന്നതാണ്. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ ഇപ്രകാരം നികത്തപ്പെട്ട നിലങ്ങൾ മറ്റു വ്യവസായിക ഉല്പാദനയൂണിറ്റുകൾക്കായി ഉപയോഗിക്കപ്പെടുന്നില്ല എന്നു മാത്രമല്ല ക്രയവസ്തുവായും മാറിയിരിക്കുകയാണ്. മണ്ണിട്ട് നികത്തൽ മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് കർഷകർക്കാകട്ടെ അവഗാഹവുമില്ല. ഭൂമിയ്ക്ക് ഉയർന്ന വില ലഭിക്കുന്നുവെന്നതിനാൽ ഇതിന് പ്രോത്സാഹ ജനകമായ നിലപാടാണ് പൊതുവെ ആവർത്തിച്ച് വരുന്നത്. എന്നാൽ ഇവ തടസ്സപ്പെടുത്താൻ ബാധ്യതയുള്ള കൃഷിക്കാരും ഉദ്യോഗസ്ഥർമാരും മൗനം ദീക്ഷിക്കുന്ന നിലപാട് ആവർത്തിച്ചു പോരുന്നു. അതിനാൽ പാടം നികത്തൽ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്. അല്ലാത്തപക്ഷം ഭൂമി ക്രയവസ്തുവായി മാറുകയും പൊതുവെ കൃഷിക്ക് പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

കാർഷിക തൊഴിലാളികളുടെ അപര്യാപ്തതയും ഉയർന്ന കൂലിയും നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചു. ഇതിനെല്ലാം ഉപരിയായി നെല്ലിന് വേണ്ടത്ര വില ലഭിക്കാത്ത അവസ്ഥയും ഇടത്തട്ടുകാരുടെ ചൂഷണവും നെൽകൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥ സംജാതമാക്കി. ഇതുമൂലം കൃഷിയിടങ്ങൾ നികത്തി, തെങ്ങ്, കവുങ്ങ് വാഴ എന്നിവ കൃഷിചെയ്യുന്ന രീതി സാധാരണമായി. ഇത് ഹ്രസ്വകാല ഭക്ഷ്യവിളകളായ പച്ചക്കറി കൃഷിയെയും പ്രതികൂലമായി ബാധിച്ചു. വീട്ടുവളപ്പിൽ വരെ ഈ മാറ്റം വളരെ പ്രകടമായി

കാണാം. അടുക്കളത്തോട്ടങ്ങളോ, പച്ചക്കറി കൃഷിയോ ഇല്ലാത്ത അവസ്ഥയാണ് പഞ്ചായത്തിലെന്ന് പൊതുവെ പറയാം.

കാർഷീക മേഖലയെ പ്രതികൂലമായി ബാധിച്ച മറ്റൊരു പ്രധാന ഘടകം ജനസംഖ്യാ വർദ്ധനവാണ്. 1960 കളിലെ ജനസ്ഖ്യവർദ്ധനവ് വർദ്ധനവിനനുസരിച്ച് കരഭൂമിയില്ല എന്ന സ്ഥിതി മറ്റിടങ്ങളെക്കുറിച്ച് ചിന്തിക്കാൻ മനുഷ്യനെ നിർബന്ധിതനാക്കി. ഇത് പാർപ്പിട നിർമ്മാണത്തിന് പാടശേഖങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയിലെത്തിച്ചു. കൂടാതെ കര ഭൂമിയെ അപേക്ഷിച്ച് നെൽകൃഷിയിടങ്ങൾക്ക് വില കുറവാണെന്നതും ഈ പ്രവണതയെ പാരമ്യത്തിലെത്തിക്കുവാൻ സഹായിച്ചു. ഇതുകൂടാതെ ഗൾഫ് മേഖലകളിൽ നിന്നുണ്ടായ അത്ഭുതപൂർവ്വമായ വരുമാന വർദ്ധനവ് കൃഷി ഭൂമിയെ ഒരു ക്രയവസ്തുവായി മാറ്റി.

## ജലസേചനവും ജലവിഭവങ്ങളും:

പ്രധാനമായും മഴയെമാത്രം ആശ്രയിച്ചുള്ള ഒരു കാർഷീക രീതിയാണ് ചൊവ്വന്നൂർ പഞ്ചായത്തിലുള്ളത്. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട പൊതുകുളങ്ങളുടെയും തോടുകളുടേയും ഒരു ചാർട്ട്കൊടുത്തിരിക്കുന്നു. പട്ടിക 1ൽ 5

ആദ്യ കാലങ്ങളിൽ കുളങ്ങൾ, തോടുകൾ കിണറുകൾ തുടങ്ങിയ പൊതുജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യ സംവിധാനം ഭൂപരിക്ഷ്കരണ നിയമം മൂലം ഇല്ലാതായി. കുടിയാൻമാരുടെ സഹായത്തോടുകൂടി ജന്മിമാരായിരുന്നു ഇവ സംരക്ഷിച്ചു പോന്നിരുന്നത്. ഇപ്പോഴത്തെ അവസ്ഥയിൽ മിക്ക ജലസ്രോതസ്സുകളും കാടും പടലങ്ങളും പിടിച്ച് നിർക്കെട്ടിന് കാരണമായി കൊണ്ടിരിക്കുകയാണ്. ക്ഷേത്രം വക കുളങ്ങളും മറ്റും സമൂഹത്തിന്റെ പൊതുസ്വത്തായതോടുകൂടി സംരക്ഷിക്കുവാൻ ആളില്ലാത്ത അവസ്ഥയാണ്.

## ആസൂത്രിത ജലസേചന പദ്ധതികൾ:

ചൊവ്വന്നൂർ പഞ്ചായത്തിലെ ഏക ആസൂത്രിത പദ്ധതി വാഴാനികാഡപദ്ധതികൾ 5,6,7 എന്നീ വാർഡുകൾ ഉൾപ്പെടുന്ന ജലവിതരണ ശൃംഖലയാണ്. അതും പ്രധാന ജലസ്രോതസ്സായ പാറന്നൂർ ചിറ, മുട്ടിക്കൽ ചിറ എന്നിവയാണ്. എന്നാൽ ഇവയിൽ നിന്ന് ജലം ലഭ്യമാകണമെങ്കിൽ ചൂണ്ടൽ, കടങ്ങോട് എന്നീ പഞ്ചായത്തുകൾ കനിഞ്ഞാൽ മാത്രമേ സാധിക്കുകയുള്ളൂ. പ്രധാനപ്പെട്ടതോടുകളായ ഒഴുക്കുപാറതോട് പറാതോട് ചെമ്മന്തട്ടതോട്, യൂണിറ്റി ബൈപാസ്തോട് കാക്കാതോട്, ശങ്കരപുരം തോട് എന്നിവയും കുളങ്ങളായി ബന്ധപ്പെട്ടവയാണ്.

താരതമ്യേന മെച്ചപ്പെട്ട ഭൂഗർഭജല സമ്പത്തുള്ളതിനാൽ മുഖ്യവിളകളായ കവുങ്ങ്, തെങ്ങ്, എന്നിവയെ സംരക്ഷിച്ചു പോരുന്നു.

കാർഷിക മേഖലയിലെ മറ്റൊരു പ്രധാന വശം ഉൽപാദനക്ഷമതയുമായി ബന്ധപ്പെട്ടതാണ്. ഉൽപാദനക്ഷമതയെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ (1) കൈവശ ഭൂമിയുടെ വിസ്തീർണ്ണം 2. നവീന കാർഷിക രീതികളുടെ ഉപയോഗപ്പെടുത്തൽ 3. കർഷക തൊഴിലാളികളുടെ ലഭ്യത എന്നിവയാണ് ഇവയെല്ലാം ഉപരിയായി കാർഷിക സംസ്കാരത്തിൽ നിന്ന് ഉപഭോഗ സംസ്കാരത്തിലേക്കുള്ള പരിവർത്തനം കാർഷീക മേഖലയിലെ എല്ലാ മാറ്റങ്ങൾക്കുമുള്ള ഒരു അന്തർ ധാരയായി വർത്തിക്കുന്നു.

## പട്ടിക 1ൽ 3

## വിള വിസ്തീർണ്ണവും ഉത്പാദനവും

[1960 കാലത്തെ വിള സംവിധാനം]

| No | വിള | വിസ്തീർണം | മൊത്തം ഉത്പാദനംTon | ഉദ്പാദന ക്ഷമത |
|---|---|---|---|---|
| 1. | നെല്ല്(ഒന്നാം വിള) | 780-820 | 900-950 | 1.2 to 1.5 Ton/ha |
| 2. | നെല്ല് (രണ്ടാം വിള) | 720-780 | 950-1000 | 1.4-1.5 |
| 3. | പയർ | 80-100 | 240-250 | 3-4 |
| 4. | എള്ള് | 15-20 | 3-4 | 150-300 |
| 5. | പച്ചക്കറികൾ | 100-120 | 260-280 | 3-4 |
| 6. | തെങ്ങ് | 300-340 | 25 | 40-50 |
| 7. | വാഴ | 80-110 | 2000-2500 | 80-100 |
| 8. | മരച്ചീനി | 4-6 | 100-170 | 15-20 |
| 9. | കുരുമുളക് | 30-35 | - | 200-300 |
| 10. | കശുമാവ് | 35-50 | - | 8-10 |
| 11. | കവുങ്ങ് | 480-520 | - | 100-50 |
| 12. | വെറ്റില | 4-5 | - | |
| 13. | റബ്ബർ | 2 ഹെക്ടർ | | |

ഇവ കൂടാതെ ധാന്യവിളകളായി ചായ, വരക്, കൂവരക്, എന്നിവയും കിഴങ്ങ് വർഗ്ഗവിള കളായ ചേന, ചേമ്പ്, മധുരക്കിഴങ്ങ്, നനകിഴങ്ങ്, കൂർക്ക , പയറു വർഗ്ഗങ്ങൾ എന്നിവയും വള രെയധികം മുൻകാല ങ്ങളിൽ കൃഷി ഉണ്ടായിരുന്നു എന്നു കാണാം.

നെല്ലുതന്നെ ഒന്നാംവിള പറമ്പുകൃഷി അല്ല (മോഡൽ വിള) മഴയെ മാത്രം ആശ്രയിച്ച്

## CADA പദ്ധതി പ്രകാരം ചൊവ്വന്നൂർ പഞ്ചായത്തിൽ തുടങ്ങിയ പണികളുടെ വിവരം

| ക്രമനമ്പർ | പ്രവൃത്തി | നീളം (മീറ്റർ) | ആയകെട്ട് (ഹെ) | ചിലവ് |
|---|---|---|---|---|
| 1. | SP No:-5 പൊറനൂർ ചിറ | 216M | 37 | 1,72,952 |
| 2. | SP No:-6 " " | 167M | 33 | 1,95854 |
| 3. | SP No:-7 " " | 448M | 34 | 1,53268 |
| 4. | SP No:-8 " " | 343M | 30 | 1,75,665 |
| 5. | SP No:-9 " " | 390M | 27 | 1,77,815 |
| 6. | SP No:-10 " " | 458.5M | 35.45 | 1,96,868 |
| 7. | SP No:-11 " " | 512M | 39.65 | 2,02,115 |
| 8. | SP No:-12 " " | 252M | 20.70 | 1,32,200 |
| 9. | SP No:-13 " " | 504M | 40.00 | 2,79,156 |
| 10. | SP No:-14 " " | 520M | 40.00 | 2,87,177 |
| 11. | SP No:-15 " " | 413M | 33.22 | 2,18,108 |
| 12. | SP No:-16 " " | | 40.43 | |
| 13. | SP No:- 17 " " | | 40.43 | |

## കൈവശ ഭൂമി വിസ്തീർണ്ണം

| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|
| Families 3052 Nos | Families 948 Nos | Families 123 Nos |

## പട്ടിക 1-4
## പഞ്ചായത്തിലെ പ്രധാവ വിളകളും വിള വിസ്തീർണ്ണവും ഉത്പാദനവും

ഇപ്പോഴത്തെ അവസ്ഥ

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാനം ക്ഷമത |
|---|---|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 510-560 | 1500 ton 1550 | 2.4-2.5.Ha |
| 2. | നെല്ല് (രണ്ടാംവിള) | 540-600 Ha | 1550-1600 ton | 2.8-3 Ha |
| 3. | പയർ | 15-20 Ha | 150-160 ton | 1.8-10 Ha |
| 4. | എള്ള് | 3-5 Ha | 1200-1520 Kg | 300-400Kg Ha |
| 5. | പച്ചക്കറികൾ | 25.30 Ha | 200-250 ton | 8-10 ton Ha |
| 6. | തെങ്ങ് | 660-680 Ha | 5 Lack nuts | 45-60 Nuts pack |
| 7. | വാഴ | 50-60 Ha | 1000-1200 ton | 8-10 Kg |
| 8. | മരച്ചീനി | 10-12 Ha | 200-240 tons | 20-25 ton/Ha |
| 9. | കുരുമുളക് | 40-60 Ha | 10-15 tons | 300-400 gm |
| 10. | കശുമാവ് | 30-60 Ha | 40-50 tons | 8-10 Kg |
| 11. | കവുങ്ങ് | 540-580 Ha | 40-50 tons | 200-250Nuts pack |
| 12. | വെറ്റില | 1-2 Ha | | |

കരപറമ്പിൽ നെൽകൃഷി ചെയ്തിരുന്നു.

ഇവ കൂടാതെ പറമ്പ് കൃഷിയായി ചേന, ചേമ്പ്, കൂർക്ക പയറു വർഗ്ഗങ്ങൾ എന്നിവയും കുറച്ച് Fruit Plants, Spices ഇനത്തിൽപ്പെട്ട ജാതി, കരയാമ്പൂ, കറുകപ്പട്ട എന്നിവയും ഈ കുറവ്,

പട്ടിക 1-6

| സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം | | കീടനാശിനി | രാസവളം | | കീടനാശിനി | രാസവളം | | കീടനാശിനി |
| കാണിപ്പയൂർ സർവ്വീസ് സഹകരണം | 68378 | 750 | 1343 Litre | 53002 | 850 | 1151 Litre | 49126 | 600 | 1091 Litre |

കിട്ടുന്ന ലാഭം മാത്രം എടുക്കുന്നത് എന്നത്.

പട്ടിക ഒന്നിൽ ഒന്നിനെ അടിസ്ഥാനമാക്കി വിലയിരുത്തുമ്പോൾ നാമമാത്രകർഷകരുടെ അനുപാതം വളരെ കൂടുതലാണ് എന്ന് കാണാവുന്നതാണ്. ഈ വസ്തുത പ്രധാന വിളകളായ നെല്ലിന്റെയും, തെങ്ങിന്റെയും ഉൽപ്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. ഇവർക്ക് ആധുനിക കാർഷിക രീതികൾ അവലംബിക്കുന്നതിനോ, ആധുനിക ഉൽപാദന ഉപാദികൾ സ്വീകരിക്കുന്നതിനോ, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ ചിലവാക്കേണ്ടി വരുന്ന തുകയ്ക്ക് പര്യാപ്തമായ അളവിൽ പ്രതിഫലം ലഭിക്കുവാൻ ആവശ്യമായ അത്രയും അളവ് കൃഷിയിടങ്ങൾ അവർക്കില്ല എന്നുള്ളത് ഇവരെ ആധുനിക കാർഷിക രീതികൾ അവലംബിക്കുന്നതിൽ നിന്നും അവരെ വിമുഖരാക്കുന്നു. വിശദാംശങ്ങൾക്ക് പട്ടിക ഒന്നിൽ രണ്ട് കാണുക.

പട്ടിക 1-3, 1-4 മുകളിൽ പറഞ്ഞ വസ്തുക്കൾ നിലനിൽക്കുമ്പോൾ തന്നെ നെൽ കൃഷിയിടങ്ങളുടെ വിസ്തീർണ്ണം കുറയുന്നു എന്നും ഉൽപാദനക്ഷമത പ്രതീക്ഷിത നിലവാരത്തിൽ വർദ്ധിക്കുന്നില്ല എന്നതുമാണ് പട്ടിക 1-3, 1-4 ഇവ കാണുക ഇതിനാധാരം പ്രധാന ഘടകങ്ങൾ കാർഷിക തൊഴിലാളി കളുടെ ലഭ്യതക്കുറവ്, ഉയർന്നകൂലി, ആധുനിക ഉൽപാദന രീതികളുടെ അഭാവം, ഉൽപന്നത്തിന്റെ കുറഞ്ഞ വില എന്നിവയാണ്. ജലസേചനത്തിലെ അപര്യാപ്തതയും, കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവും മൂലം വർഷത്തിൽ രണ്ട് വിളകൾ കൃഷിയിറക്കുന്ന പല നെൽകൃഷിയിടങ്ങളിലും വർഷത്തിൽ ഒരിയ്ക്കൽ മാത്രം വിളവെടുക്കുന്ന 'കരിങ്കൂറ' എന്ന നാടൻ പേരിൽ അറിയപ്പെടുന്ന വിളവെടുപ്പ് രീതിയാണ് അനുവർത്തിക്കുന്നത്. ഈ അവസ്ഥ വാർഷിക ഉൽപാദനത്തിൽ കാര്യമായ കുറവു വരുത്തുന്നു. ഇവയെകൂടി ചേർത്താണ് രണ്ടാം വിളയിലെ മൊത്തം ഉൽപന്നത്തിന്റെ അളവ് പട്ടികയിൽ കാണിച്ചിരിക്കുന്നത്. കൂടാതെ രണ്ടാം വിളവെടുപ്പിൽ വ്യാപകമായി ഉപയോഗിക്കുന്ന വിത്തിനങ്ങൾ നാടൻ വിത്തിനങ്ങളാണ് ഇതിന് പ്രധാനപ്പെട്ടകാരണം. അവയുടെ ഉയർന്ന

# തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | കായ് ക്കാത്തത് Nos | കായ് ക്കുന്നത് Nos | ആകെ Nos | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | |
| 1. | 19751 | 2887 | 14386 | 17273 | Nil | - | - | - | - | 17273 |
| 2. | 17930 | 1611 | 7795 | 9406 | Nil | - | - | - | - | 9406 |
| 3. | 6292 | 248 | 1254 | 1502 | Nil | - | - | - | - | 1502 |
| 4. | 14643 | 987 | 6485 | 7472 | Nil | - | - | - | - | 7476 |
| 5. | 25605 | 4631 | 13338 | 17969 | Nil | - | - | - | - | 17969 |
| 6. | 18240 | 2865 | 11940 | 14805 | Nil | - | - | - | - | 14805 |
| 7. | 14314 | 2424 | 7912 | 10336 | Nil | - | - | - | - | 10336 |
| 8. | 18720 | 1794 | 10480 | 12264 | Nil | - | - | - | - | 12264 |
| 9. | 10109 | 1003 | 5721 | 6724 | Nil | - | - | - | - | 6724 |
| 10. | 8760 | 1811 | 5516 | 7327 | Nil | - | - | - | - | 7327 |
| 11. | 16507 | 2611 | 10363 | 12974 | Nil | - | - | - | - | 12974 |
| **Total** | **170871** | **22872** | **95190** | **118052** | | | | | | **118052** |

രോഗപ്രതിരോധ ശേഷിയും, മോശമായ കാലാവസ്ഥയെ അതിജീവിക്കുവാനുള്ള ഉയർന്ന തണ്ടുറപ്പുമാണ്. കൂടാതെ അവയുടെ വയ്ക്കോൽ വളരെ വലുപ്പമേറിയതാണ്. ഇപ്രകാരമുള്ള നാടൻ വിത്തിനങ്ങളുടെ വയ്ക്കോലിന് വളരെ ഉയർന്ന വിലകിട്ടുന്നു എന്നതും ഇവ വ്യാപകമായ രീതിയിൽ കൃഷിചെയ്യുന്നതിന് സഹായകമായി വർത്തിക്കുന്നു. ഈ വസ്തുത നില നിൽക്കേതന്നേ താരതമ്യേന ഉയർന്ന ഉൽപാദന ക്ഷമതയുള്ള ഗുണമേന്മകൂടിയ നാടൻ വിത്തിനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രാദേശിക സൗകര്യങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല എന്നതും ശ്രദ്ധാർഹമായ ഒന്നാണ്.

കൃഷിയിടങ്ങളുടെ അളവിൽ കാര്യമായ കുറവ് സംഭവിച്ചിരിക്കുന്ന പ്രധാനവിളകൾ പയർ, എള്ള് പച്ചക്കറികൾ, വെറ്റില വാഴ എന്നിവയാണ്. പട്ടിക 1-3, 1-4 ഇവകാണുക. നെല്ലിന്റെ രണ്ടാം വിളവെടുപ്പിനുശേഷമാണ് ഇടവിളയായി ഇവ കൃഷിചെയ്യപ്പെട്ടിരുന്നത്. എന്നാൽ നെൽ കൃഷിയിടങ്ങൾ കുറഞ്ഞതും ജലത്തിന്റെ അപര്യാപ്തതയും പച്ചക്കറി കൃഷിയെ പ്രതികൂലമായി ബാധിച്ചു. ഇവയ്ക്കുപുറമെ ഉയർന്ന ഉൽപ്പാദന ചിലവ്, ഉൽപന്നങ്ങളുടെ താഴ്ന്ന വില, ഉൽപ്പാദനചിലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപന്നങ്ങൾ മാർക്കറ്റിൽ ലഭ്യമാകുന്നു എന്ന അവസ്ഥയും പച്ചക്കറി കൃഷിയെ പ്രതികൂലമായി ബാധിച്ച ഘടകങ്ങളാണ്. ഇതിനെല്ലാം ഉപരിആയയി കാർഷിക സംസ്കാരത്തിൽ നിന്ന് ഉപഭോഗസംസ്കാരത്തിലേക്കുള്ള സമൂഹത്തിന്റെ സമൂഹത്തിന്റെ പരിവർത്തനവും ഉയർന്ന ജീവിത നിലവാരവും ഈ മാറ്റങ്ങൾക്കു പിന്നിലുള്ള പ്രധാന ഘടകങ്ങളായി വർത്തിക്കുന്നു.

തെങ്ങ്, കവുങ്ങ് എന്നീ വിളകളുടെ കാര്യം പരിശോധിക്കുമ്പോൾ 1960 കൾക്ക് ശേഷം മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണവും ഉൽപാദനക്ഷമതയും വർദ്ധിച്ചിരിക്കുന്നതായി കാണാവുന്നതാണ്. പാടശേഖരങ്ങൾ നികത്തിയെടുത്ത് ഇത്തരം വിളകൾ കൃഷിചെയ്യുന്നു എന്നതാണ് ഇത്തരം കൃഷിയിടങ്ങളുടെ വിസ്തീർണ്ണം വർദ്ധിക്കുവാൻ ഇടയാക്കിയ വസ്തുത. നാടൻ വിത്തിനങ്ങളിൽ നിന്നും വിഭിന്നമായി ഉൽപാദനക്ഷമത കൂടിയ പുതിയതരം വിത്തിനങ്ങൾ നടീൽ വസ്തുക്കളായി ഉപയോഗിക്കുന്നു എന്നത് ഉൽപാദനക്ഷമത വർദ്ധിക്കാൻ ഇടയാക്കിയ ഘടകങ്ങളിൽ ഒന്നാണ്.

## രോഗകീടബാധ

ചൊവ്വന്നൂർ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളെ ബാധിക്കുന്ന രോഗകീടങ്ങൾ താഴെ പറയുന്നതാണ്.

### 1. നെല്ല്

നെല്ലിന് പ്രധാനമായും കണ്ടുവരുന്ന രോഗം മൂട് ചീയൽ, പോളരോഗം, കുലവാട്ടം എന്നിവയാണ്. ഗാളീച്ച, ചാഴി, കുഴൽപുഴു, ഓലചുരുട്ടിപുഴു എന്നിവയാണ് പ്രധാന കീടങ്ങൾ.

### 2. തെങ്ങ്

കൂമ്പുചീയൽ - ചെന്നീരൊലിപ്പ്, ഓലകരിച്ചിൽ എന്നിവയാണ് പ്രധാന രോഗങ്ങൾ. കീടങ്ങൾ

കൊമ്പൻ ചെല്ലി ചെമ്പൻ ചെല്ലി പൂക്കുല ചാഴി എന്നിവയാണ്.

**3. കവുങ്ങ്**

കവുങ്ങിന് പ്രധാനമായി മഹാളിരോഗവും മഞ്ഞളിപ്പും അനുഭവപ്പെടുന്നു. മൈറ്റ് മീലിമുട്ട എന്നീ കീടങ്ങളും കണ്ടുവരുന്നു.

**4. കുരുമുളക്**

കുരുമുളകിന് പ്രധാനമായി കണ്ടുവരുന്നത് ധൃതവാട്ടരോഗമാണ്. പ്രധാനകീടം. പോള്ളു വണ്ടാണ്.

**5. നേന്ത്രവാഴ**

നേന്ത്രവാഴ കൃഷിയെ ബാധിക്കുന്ന കുറുനാമ്പ് രോഗമാണ് പ്രധാനമായും കണ്ടു വരുന്നത്. പ്രധാന കീടങ്ങൾ പിണ്ടി വണ്ടാണ്.

**6. മാവ്-കശുമാവ്**

പ്രധാനമായും പൂക്കുലയിൽ നിന്നും നീരൂറ്റി കുടിക്കുന്ന കീടങ്ങളാണ് കണ്ടുവരുന്നത്. മാവിന് കൊമ്പുണക്ക രോഗവും കണ്ടുവരുന്നു.

**7. പച്ചക്കറികൾ**

പച്ചക്കറികളിൽ പ്രധാനമായ വൈറസ് രോഗമായ മഞ്ഞളിപ്പ് അഴുക്കൽ രോഗങ്ങൾ കായ് തുരപ്പൻ പുഴുക്കൾ എന്നിവ.

കീടങ്ങളുടെ ആക്രമണം പ്രതിരോധിക്കുന്നതിനും കൃത്യമായ വളർച്ച ലഭിക്കുന്നതിനും രാസവളങ്ങൾ കീടനാശിനികൾ എന്നിവ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഇവ വ്യാപകമായി നിലനിൽക്കുമ്പോൾ തന്നെ മണ്ണ് പരിശോധ നയുടെ ആവശ്യകതയെ കുറിച്ച് കർഷകർ തീർത്തും അജ്ഞരാണ്. വള പ്രയോഗങ്ങളെ കുറിച്ച് വിദ്ഗ്ദ്ധോപദേശങ്ങൾ ലഭ്യമാകുന്നതിനുള്ള സംവ്വിധാനങ്ങൾ പഞ്ചായത്തിലില്ല. കൃഷിഭവനമായി ബന്ധപ്പെടുന്ന കർഷകരുടെ എണ്ണം വളരെ പരിമിതമാണ്. രാസവളങ്ങൾക്കും കീടനാശിനികൾക്കും കർഷകർ ആശ്രയിക്കുന്നത് കുന്നംകുളം പട്ടണത്തിലെ കടകളെയാണ്. എന്നാൽ ഈ മേഖലയിൽ പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. കാണിപ്പയ്യൂർ സർവ്വീസ് സഹകരണ സംഘം സംഘത്തിലെ കഴിഞ്ഞ കാലകണക്കുകൾ പരിശോധിക്കുമ്പോൾ രാസവളത്തിന്റെയും കീടനാശിനികളുടെയും വിപണനം കുറഞ്ഞു വരുന്നതായിട്ടാണ് പട്ടിക 1-6 കാണുക.

കാർഷിക തൊഴിലാളികളുടെ അപര്യാപ്തത കാർഷീക മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിയെ കൂടുതൽ രൂക്ഷതരമാക്കുന്നു. ഇതിനു പ്രധാനപ്പെട്ട കാരണം വിദ്യാഭ്യാസത്തിന്റെ സാർവത്രികതയാണ്. ഇതിനു പുറമെ കായിക അദ്ധ്വാനത്തോടുള്ള സമൂഹത്തിന്റെ പുച്ഛമനോഭാവം കൂടുതൽ പേരെ ഈ മേഖലയിലേക്ക് സ്വാഗതം ചെയ്യപ്പെടുന്നത് തടസ്സപ്പെടുത്തുന്നു. ഇതിനെല്ലാം പുറമെ കായികധ്വാനം ചെയ്യുന്ന കൂലിവേലക്കാർ താരതമ്യേന കൂടുതൽ വേതനം ലഭിക്കുന്ന നിർമ്മാണ രംഗങ്ങളിലേക്ക് കുടിയേറുന്നു എന്നതും കാർഷിക തൊഴിലാളികളുടെ അപര്യാപത്തയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

വിദ്ഗ്ദരായ കർഷകതൊഴിലാളികളുടെ അപര്യാപ്തതയിൽ പോലും വേണ്ട അളവിൽ കർഷകർ കാർഷിക ഉപകരണങ്ങളെ ഉപയോഗപ്പെടുത്തുന്നില്ല ഇതിനുകാരണം കൃഷിയെ

മുഖ്യവരുമാന മാർഗ്ഗമായി കാണുന്നവരുടെ സംഖ്യ കുറയുന്നു എന്നതാണ്. കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ ശോച്യാവസ്ഥയാണ് ഇതിനു കാരണം. അതിനാൽ ഇവർക്ക് കാർഷിക മേഖലയുടെ ഉൽപാദന വർദ്ധനവിനായി നവീന സാങ്കേതിക രീതികളോ യന്ത്രങ്ങളോ ഉപയോഗിക്കുവാൻ കഴിയുന്നില്ല. അതിനാൽ കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയുന്നുമില്ല.

മുകളിൽ പറഞ്ഞ വസ്തുതകളെ ചുരുക്കി പറഞ്ഞാൽ കൃഷി ലാഭകരമായി നടത്തുന്നതിന് അനുഗുണമായ ഒരു ഭൗതീക സാഹചര്യമല്ല നിലനിൽക്കുന്നത്. ഈ അവസ്ഥയ്ക്ക് പരിഹാരം കണ്ടെങ്കിൽ മാത്രമാണ് കാർഷിക മേഖലയുടെ പുരോഗതി യാഥാർത്ഥ്യമാവുകയുള്ളു.

## കാർഷിക രംഗത്തെ പ്രശ്നങ്ങൾ

1. ജലസേചന സൗകര്യങ്ങൾ പ്രയോജനപ്രദമല്ല.

2. വെള്ളം ലിഫ്റ്റ് ചെയ്യുന്നതിന് പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതി ലഭിക്കുന്നതിനും നിലവിലുള്ളവയെ പ്രവർത്തിപ്പിക്കുന്നതിന് വോൾട്ടേജ് ക്ഷാമവും, വിതരണ ശൃംഖലയിലെ അപര്യാപ്തതയും നിമിത്തം ഫലപ്രദമായി ജലസേചനം നടത്തുവാൻ സാധിക്കുന്നില്ല.

3. കാർഷിക മേഖലയിൽ വളരെ ഉയർന്ന കൂലിനിരക്ക് ഉണ്ടായിട്ടുപോലും തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നു. തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹാരമാണെങ്കിലും ഈ രംഗത്തേക്ക് യുവതലമുറകളുടെ സമീപനം ആശാവഹമല്ല മാത്രമല്ല നിലവിലുള്ളവയുടെ സേവനനിലവാരം വളരെ കുറഞ്ഞുവരുന്നു.

4. മണ്ണിന്റെ സമ്പുഷ്ടത യഥാവിധി നിലനിർത്തുന്നതിലേക്ക് അത്യന്താപേക്ഷിതമായ ജൈവവളങ്ങൾക്ക് വേണ്ടത്ര കിട്ടാനില്ല. രാസവളത്തിനാണെങ്കിൽ ക്രമാതീതമായ വില വർദ്ധനവ് അതിന്റെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നു. (ചാർട്ട് കാണുക)

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തില്ല മിക്ക കർഷകരും രാസവളം ചെയ്തു വരുന്നത്.

5. അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ വേണ്ടത്ര കൃത്യസമയത്ത് ലഭിക്കാറില്ല.

6. പാടശേഖരങ്ങളിലേക്ക് ട്രാക്ക്ടർ, തുറക്കുന്നതിനും, കാർഷികോപകരണങ്ങൾ കൊണ്ടുപോകുന്നതിനും സൗകര്യം ഇല്ലാത്തിനാൽ കൂടുതൽ ചിലവുകൾ അനുഭവപ്പെടുന്നു. ആയതിനാൽ താരതമ്യേന നഷ്ടത്തിലായ നെൽകൃഷിയെ സംരക്ഷിക്കുന്നതിന് പാടശേഖരങ്ങളിലേക്കുള്ള വഴികൾ വീതികൂട്ടി ട്രാക്ക്ട്രർ, ടെമ്പൊ എന്നിവ വാഹ നങ്ങൾ എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

7. കൃഷി മുഖ്യ തൊഴിലായവരുടെ എണ്ണം വളരെ കുറവാണ്. ആയതിനാൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള താൽപര്യകുറവ് പൊതുവെ എല്ലായിടത്തും അനുഭവപ്പെടുന്നു.

8. പ്രധാന കാർഷിക വിഭവങ്ങളായ നെല്ല്, കൊപ്ര, അടയ്ക്ക, വേനക്കാല പച്ചക്കറികറികൾ

ഇവയെ സംഭരിക്കുന്നതിനും, സംസ്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നിലവിൽ ഇല്ല.

9. ചില രോഗങ്ങളും ഉദ: അടയ്ക്കക്ക് മഹാളി എന്നിവ വ്യാപകമായി കണ്ടുവരുന്നു.

## സാധ്യതകൾ

{ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കപ്പെടേണ്ട പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവായണ്.}

1. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പഞ്ചായത്തിലുള്ള എല്ലാ കുളങ്ങളും വിസ്തൃതി കൂട്ടി ആഴം വർദ്ധിപ്പിച്ച് അവയിൽ നിന്ന് വെള്ളം എടുത്ത് വിതരണം നടത്തുവാൻ വിതരണ വെള്ളച്ചാലുകളും നിർമ്മിക്കുക കഴിയുന്ന കുളങ്ങളിൽ Lift irrigation സൗകര്യം ഏർപ്പെടുത്തുക.

2. പ്രധാനതോടായ ഒഴുക്ക്പുറ പാറാതോട് തോട് സംരക്ഷിച്ച് ഒഴുക്കുപാറ, പള്ളിത്താഴം എന്നീ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക.

3. വീമ്പിക്കുളം, കുട്ടുകുളം തമ്മിൽ ബന്ധിപ്പിക്കുന്ന തോടുകൾ നിർമ്മിച്ച് പരപ്പിൻതോടുമായി ബന്ധിപ്പിക്കുക.

4. അയിനിക്കുളം നന്നാക്കി ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. ചെമ്മംതട്ട ബസ്സ്റ്റോപ്പിനടത്തുവരെ എത്തിനിൽക്കണ കാഡ പദ്ധതി ഒരു കിലോമീറ്റർ ദൂരം തോട് നിർമ്മിച്ച് വാഴാനിതോട് തിരിച്ച് കൊണ്ടുവന്ന് പഴുന്നാന പാറക്കുളം വരെ എത്തിച്ച് വെള്ളം സംരംഭിക്കുക.

6. കൊട്ടാവു ചിറയുടെ ഭാഗത്ത് ഒരു ഹെക്ടർ സ്ഥലം അക്വയർ ചെയ്ത് വെള്ളം ശേഖരിക്കുക.

7. പാറന്നൂർ ചിറയിൽനിന്നുള്ള കൊട്ടാവു ചിറയിലേക്കുള്ള വെള്ളച്ചാല് പരിപൂർണ്ണമായി ചൊവ്വന്നൂർ പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരിക.

8. യൂണിറ്റി ആശുപത്രിക്കടുത്തുള്ള വരിയംപുള്ളി കുളം പഞ്ചായത്ത് ഏറ്റെടുത്ത് യൂണിറ്റ് ബൈപാസ് റോഡ് കാക്കാതോടുമായി ബന്ധിപ്പിക്കുക.

9. തൊഴിലാളികളുടെ ദൗർലഭ്യവും ഭീമമായ കൂലിനിരക്കും കണക്കിലെടുത്ത് നമ്മുടെ പാടശേഖരങ്ങളിലേക്ക് ഉപയോഗപ്രദമായ യന്ത്രോൽക്കരണം കൊണ്ടുവരിക.

10. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് സുഗമമായ സൗകര്യങ്ങൾ ഉണ്ടാക്കുക.

11. സ്ഥിരമായി അതനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വൈദ്യുതിക്ഷാമപരിഹാരത്തിന് പുതിയ ഫീഡർ ലെയിനുകൾ സ്ഥാപിക്കണം.

12. കർഷകർക്ക് കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി അവർ ഉൽപന്നങ്ങൾ ശേഖരിക്കുന്നതിനും അവ സംസ്കരണം നടത്തി വിപണനം നടത്തുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുക.

13. പരിസ്ഥിതിയ്ക്ക് ഹാനികരമാകുംവിധം കൃഷിഭൂമിയുടെ പരിവർത്തനം നിയന്ത്രിക്കുക.

14. കൃഷി ഉപതൊഴിലായവരുടെ കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിന് നവീന കൃഷി രീതികളായ പച്ചക്കറി കൃഷി, പൂക്കൾ കൃഷി, കൂൺകൃഷി എന്നിവ പ്രചരിപ്പിക്കുക.

15. വീട്ടമ്മമാർക്കുവേണ്ടി കാർഷിക മേഖലയിൽ അടുക്കളതോട്ട കൃഷി ഫലവർഗ്ഗകൃഷി, കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്ക്കരണം എന്നിവ പ്രചരിപ്പിക്കുക.

16. കൃഷിയും, മൃഗസംരക്ഷണവും, മത്സ്യബന്ധനവും അടങ്ങിയ സമ്മിശ്ര കൃഷിയിലൂടെ കാർഷികവരുമാനം വർദ്ധിപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.

17. കാർഷിക പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമൂഹ്യജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ട ഇൻഷുറൽസ് പെൻഷൻ വ്യവസ്ഥകൾ കൊണ്ടുവരുക.

18. ചൊവ്വന്നൂർ പഞ്ചായത്തിലെ ചെമ്മംതട്ട വില്ലേജിൽ മാത്രം ഒതുങ്ങിനിൽക്കുന്ന കമോന്റ് ഏരിയ ഡവലപ്പ്മെന്റ് അതോററ്റിയുടെ പ്രവർത്തനമേഖല കാണിപ്പയ്യൂർ, ചൊവ്വന്നൂർ വില്ലേജുകളിലേക്ക് വ്യാപിപ്പിക്കണം.

19. കൊട്ടാവ് ചിറതാഴ്ത്തി സൈഡ്കെട്ടി ഷട്ടർ ഇട്ട് വെള്ളം സംഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക.

20. വെള്ളം തുറന്നുവിടേണ്ട സമയങ്ങളിൽ ചൂണ്ടൽ പഞ്ചായത്ത് അതിർത്തിയിൽ തോട്ടിൽ മത്സ്യം പിടിക്കുന്നതിന് വെള്ളം തടഞ്ഞ് നിർത്തുന്നത് കർശനമായി തടയണം.

21. ചൊവ്വന്നൂർ പഞ്ചായത്തിലെ പല സ്വകാര്യ വ്യക്തികൾക്കും ക്ഷേത്രം, ദേവസ്വം എന്നിവയ്ക്കും പല വലിയ കുളങ്ങളും, ജലാശയ ചിറകളും ഉണ്ട്. എന്നാൽ വൻ മുതൽ മുടക്കിന്റെ പോരായ്മമൂലം ഇവ ഒരിക്കലും സംരക്ഷിക്കപ്പെടുന്നില്ല. അതുകൊണ്ട് ഇവ സംരക്ഷിക്കുകയാണെങ്കിൽ ഇവിടത്തെ കരകൃഷിയ്ക്കും നാണ്യവിളകൾക്കും, വേനൽക്കാല പച്ചക്കറി കൃഷിയ്ക്കും, പച്ചക്കറിയുടെ ഉൽപാദനവർദ്ധനവിനും സഹായിക്കുമെന്ന് മാത്രമല്ല തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.

22. നമ്മുടെ പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങളിൽ ഒരു മുഖ്യ പ്രാധാന്യമർഹിക്കുന്നത് ഇവിടുത്തെ മണ്ണിനങ്ങളുടെ ഫലഭൂയിഷ്ഠതയാണ്. എന്നാൽ ഈ പഞ്ചായത്തിലെ ഭൂരിപക്ഷംവരുന്ന ചെറുകിട കർഷകർ പരസ്ഥിതി സംതുലനത്തിനും ഇണങ്ങുന്ന വിള സംവിധാനം മിക്കപ്പോഴും ആസൂത്രണം ചെയ്യുന്നില്ല. ഭൂമിയുടെ ഉപരിതലത്തിലെ 20-30cm കനത്തിലുള്ള മണ്ണിന്റെ സവിശേഷതകളാണ് സസ്യങ്ങളുടെയും മനുഷ്യനടക്കമുള്ള എല്ലാ ജീവികളുടെയും നിലനിൽപിന്ന് ആധാരമായിട്ടുള്ളത്. എന്നാൽ വിവേചനരഹിതമായ കൃഷിരീതികളും (ഉദാ:- നരിമടക്കുന്നിലെ മരച്ചീനികൃഷി, ഇഞ്ചിക്കുന്ന്, അടുപ്പുട്ടിക്കുന്ന് എന്നിവയിലെ കൃഷിരീതികൾ) ഭൂമിപരിവർത്തനങ്ങളും മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുന്നു എന്ന് മാത്രമല്ല, അനേകായിരം വർഷങ്ങളിലൂടെ രൂപംകൊണ്ട നമ്മുടെ മണ്ണിനങ്ങൾ മൃതപ്രായമായിക്കൊണ്ടിരുക്കുന്നു. ഇതിനെല്ലാം ഉപരിയായി മണ്ണിന്റെ മലിനീകരണം,

അതായത് തീരെ ജൈവവളം ഉപയോഗിക്കാതെ രാസവളം ഉപയോഗിച്ചുള്ള കൃഷിരീതിയാണ് ഇത്. ആയതുകൊണ്ട് പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഈ പഞ്ചായത്തിലെ പൊതുകുളങ്ങളും, ജലാശയങ്ങളും, മണ്ണ് സസ്യജാലങ്ങളും സംരക്ഷിക്കേണ്ടി വന്നിരുന്നു.

23. നാമമാത്രമായ ജൈവവളങ്ങളുടെ ഉപയോഗവവും അധികരിച്ച മണ്ണൊലിപ്പും മൂലം മേൽമണ്ണിന്റെ ഫലഭൂയിഷ്ട കുറയ്ക്കുകയും ഒലിച്ച് പോകുന്ന മണ്ണ് കുളങ്ങളിലും, ജലാശയങ്ങളിലും വെള്ളച്ചാലുകളിലും നിറഞ്ഞ് അവയുടെ സംഭരണശേഷി കുറച്ച് ഉപയോഗം കുറയ്ക്കുന്നു. ആയതുകൊണ്ട് കർഷക പങ്കാളിത്വത്തോടുകൂടി മണ്ണ് സംരക്ഷണം, ജലസംരക്ഷണം, കൃഷിവികസനം, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിവ സംയോജിപ്പിച്ച് നീർമറി അടിസ്ഥാനത്തിൽ (വാട്ടർ, എഡ് സ്കിം) സമഗ്രമായ ജലവിനിയോഗ മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് ഈ പഞ്ചായത്തിലെ ഭൂപ്രദേശങ്ങളും ജലാശയങ്ങളും സംരക്ഷിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ വേനൽകാലത്ത് വറ്റാത്ത കുളങ്ങളിൽ (സ്വകാര്യപൊതുകുളം) ശുദ്ധജല മത്സ്യകൃഷി പ്രചരിപ്പിക്കേണ്ടതാണ്.

24. ഈ പഞ്ചായത്തിൽ ധാരാളം ഉയർന്ന പ്രദേശങ്ങൾ ഉള്ളതിനാൽ അടുത്തുള്ള നെൽപാട പരിവർത്തനത്തിന് ആവശ്യമായ മണ്ണ് വ്യവസായം ദ്രുതഗതിയിൽ നടന്ന് വരുന്നതായിട്ടാണ് കണ്ടുവരുന്നത്. യോജ്യമായ കൃഷിരീതികൾ (കശുമാവ് കൃഷി) ആരംഭിക്കേണ്ടതും, മണ്ണൊലിപ്, മണ്ണിലെ ഈർപ്പം സംരക്ഷിക്കേണ്ട ആധുനിക ജലസേചന മാർഗ്ഗങ്ങൾ എന്നിവ നടപ്പിൽ വരുത്തേണ്ടതാണ്.

25. മണ്ണ് സംരക്ഷണ പ്രവർത്തനത്തിന് കൂടുതൽ സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ദീർഘകാല വായ്പ ലഭ്യമാക്കേണ്ടതിനും, ചെലവ് കുറഞ്ഞ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളായ തീറ്റപ്പുല്ല്, കൈത എന്നിവകൊണ്ട് നിർമ്മിക്കുന്നു. ജൈവബണ്ടുകളും ഇടയ്ക്കിടെ ശീമക്കൊന്ന, പൂളമരം, പീലിവാക, പൂമരം തുടങ്ങിയവ ഉപയോഗിച്ചുള്ള വൃക്ഷങ്ങളും ഇവയ്ക്കിടയ്ക്കുള്ള ചെരുവുകളിൽ കശുമാവ് - ഫലവർഗ്ഗങ്ങൾ അവയ്ക്കിടക്കുള്ള ചെരുവുകളിൽ കശുമാവ് - ഫലവർഗ്ഗങ്ങൾ കൃഷി നടപ്പിൽ വരുത്തേണ്ടതാണ്. ഇങ്ങനെ ചെയ്ത് ഉണ്ടാകുന്ന വെള്ളം വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ച് മണ്ണിൽ തന്നെ ആഗിരണം ചെയ്യിപ്പിച്ച് മണ്ണൊലിപ്പ് ധാതുലവണ നഷ്ടവും കുറച്ച്കൊണ്ട് വരേണ്ടതാണ്.

26. വീട്ടാവശ്യത്തിന് സസ്യജാലകങ്ങൾ, മരങ്ങൾ എന്നിവ നശിപ്പിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തി വീട്ടുപണികൾക്ക് ഉപയോഗപ്പെടുത്തുന്ന നവീന സമഗ്രകിളെ (മരം കൂടാതെയുള്ള വീടുപണികൾ) അറിവ് കൊടുക്കുകയും നവീന അടുപ്പുകൾ സ്ഥാപിച്ച് കൊണ്ട് വിറകിന് വേണ്ടി മരങ്ങൾ നശിപ്പിക്കുന്നതിനുള്ള പ്രവണത കുറച്ചുകൊണ്ടുവരണം.

27. സൗരോർജ്ജ ആസൂത്രണ പദ്ധതി

കഴിയുന്നത്ര നടപ്പിൽ വരുത്തുവാൻ ബോധവൽക്കരണം നൽകണം.

28. കൃഷി ഭൂമി പരിവർത്തനം ചെയ്യുന്നതിന് നിലവിലുള്ള ഭൂവിനിയോഗ നിയമങ്ങൾ കർശനമായി നടപ്പിൽ വരുത്തുന്നതിന് കർഷകരുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. കൃഷിഭൂമി പാർപ്പിടആവശ്യങ്ങൾക്ക് ദൂരവിനിയോഗം ചെയ്യാതിരിക്കുവാൻ ആവശ്യമെങ്കിൽ റെസിഡൻഷ്യൽ ഏരിയാ തിരിച്ച് അവിടെ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകേണ്ടതാണ്.

9. കൃഷി നന്നായെങ്കിലെ നാട് നന്നാവൂ. ആഹാരം, ജലം, പ്രാണവായു എന്നിവ നൽകി സസ്യജാലങ്ങൾ നിലനിർത്തുന്നു എന്ന അടിസ്ഥാന തത്വം ഉൾകൊണ്ട് നമ്മുടെ പ്രകൃതി ഭൂവിഭവങ്ങളായ മണ്ണ്, ജലം, പരിസ്ഥിതി സംരക്ഷണം, മാനവശക്തി എന്നിവ ഉറപ്പ് വരുത്തുക.

# കൃഷി ഉപകരണങ്ങൾ

| നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതെളി ഉപകരണങ്ങൾ | | | മെതിയന്ത്രം | തെങ്ങ് കയറ്റ യന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രയർ | നാപ്സ്റ്റാക്ക് സ്പ്രയർ | മറ്റുള്ളവ | | | |
| I | I | - | - | 4 | 7 | - | | | |
| II | I | - | - | 5 | 9 | | | | |
| III | I | - | - | 1 | 4 | - | | | |
| IV | I | - | - | 5 | 9 | - | 1 | | |
| V | - | I | - | 6 | 8 | - | | 1 | |
| VI | - | I | - | 5 | 11 | - | | | |
| VII | I | - | - | 4 | 10 | - | 1 | | |
| VIII | 34 | - | - | 3 | 12 | - | 1 | | |
| IX | - | - | - | - | 4 | - | | | |
| X | I | - | - | 2 | 7 | - | | | |
| XI | I | - | - | 1 | 8 | - | | | |
| Total | | | | 36 | 91 | - | 3 | 1 | |



# മൃഗസംരക്ഷണം

കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലങ്ങളായി സംസ്ഥാനത്തെ സാമൂഹ്യ-സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണ മേഖലയുടെ സംഭാവനകൾ മികവുറ്റതാണ്.

ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനത്തിൽ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന മേഖലയാണിത്. വ്യവസായ സംരംഭങ്ങളുടെ മുരടിപ്പ്മൂലമുണ്ടായ തൊഴിലില്ലായ്മ ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിക്കാൻ കാരണമായി.

കുറ്റമറ്റ സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനയും ജനിതകഗുണമേന്മയും ഉൽപാദന വർദ്ധനവിന് കാരണമായിട്ടുണ്ട്. ഈ മേഖലയുടെ സാധ്യതകളിൽ പോഷകപ്രധാനമായ പാൽ-മുട്ട-മാംസം എന്നിവയുടെ ഉൽപാദനം പ്രാധാന്യമർഹിക്കുന്നു.

നമ്മുടെ കന്നുകാലിസമ്പത്തിന്റെ 94% വും ഗ്രാമപ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കൃഷിക്കാരുടേതാണ്. അതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണ മേഖലയുടെ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കും. ഈ മേഖലയിൽ 60% ജോലി ചെയ്യുന്നതും സ്ത്രീകളാണ്.

പണ്ട് മുതൽ തന്നെ നിലം ഉഴുവാനും, തേവാനും, ഭാരം വലിക്കാനും,യാത്ര ചെയ്യാനും, ചക്കാട്ടാനും കാളകളെയും പോത്തുകളെയും ഉപയോഗിച്ചുവന്നിരുന്നു. വീട്ടിലെ ആവശ്യത്തിനായുള്ള പാലിനും ചെറിയ ഉപജീവനമാർഗ്ഗത്തിനും പശു, എരുമ, ആട് എന്നിവയെ വളർത്തിപോന്നിരുന്നു. കൃഷിക്കാർക്ക് ചാണകആവശ്യത്തിനും ഇവ പ്രയോജനപ്പെട്ടു.

പണ്ട് കന്നുകാലികളെ കെട്ടഴിച്ച് വിട്ടാണ് തീറ്റിയിരുന്നത്. എന്നാൽ വിളകൾ നശിപ്പിക്കുന്നതിനാൽ അത് നിരോധിച്ചു. അലഞ്ഞുതിരിഞ്ഞുനടന്നിരുന്ന കന്നുകാലികളെ പഞ്ചായത്ത്വക ആലകളിൽ പിടിച്ചുകെട്ടി പിഴ അടപ്പിക്കുമായിരുന്നു.

പണ്ട്കാലത്ത് കന്നുകാലികൾക്ക് വന്നിരുന്ന പകർച്ചവ്യാധികൾ ആ ഭാഗത്തെ കാലികളെ ചത്തൊടുക്കുമായിരുന്നു. അന്ന് ഇതിന് നാട്ടുചികിത്സയായിരുന്നു ചെയ്തുവന്നിരുന്നത്.

പണ്ട് കാളകളെ പ്രത്യേകം പരിപാലിച്ച് പശുക്കളെ ചവിട്ടിക്കുന്ന രീതി നിലവിലുണ്ടായിരുന്നു. ഇന്ന് ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടായി.

**പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ**

പഞ്ചായത്തിലെ മൃഗാശുപത്രി (വെറ്റിനറി ഡിസ്പെൻസറി 1996 മാർച്ചിലാണ് പുതുശ്ശേരിയിൽ പ്രവർത്തനമാരംഭിച്ചത്. ഒരു വെറ്റിനറി സർജനും-ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും-അറ്റന്ററും-ഒരു പാർട്ട്ടൈം സ്വീപ്പറും സബ് സെന്ററുകളിൽ ഓരോ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഓരോ അറ്റന്ററും ജോലി ചെയ്യുന്നു. ആശുപത്രി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതി

**1987 ലെ ലൈവ് സ്റ്റോക്ക് സെൻസ് പ്രകാരം**
**ചെവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ കന്നുകാലികളുടെ സെൻസസ് ഇപ്രകാരമാണ്**

| തരം | കാള,പോത്ത് | പശുക്കൾ,എരുമ | ചിനപിടിക്കാത്തത് |
|---|---|---|---|
| I സങ്കരവർഗ്ഗം | 122 [കാള] | 1368 [പശു] | 849 |
| II നാടൻ | 123 [കാള] | 689 [പശു] | 427 |
| III എരുമ | 132 [പോത്ത്] | 153 [എരുമ] | 101 |

| തരം | എണ്ണം |
|---|---|
| IV പന്നികൾ | 4 |
| V നായകൾ | 856 |
| VII a) കോഴികൾ | 12876 |
| b) സങ്കരവർഗ്ഗം | 1126 |
| c) താറാവ് | 70 |

നാൽ സൗകര്യങ്ങൾ വേണ്ടത്രയായിട്ടില്ല.

സൗകര്യപ്രദമായ കെട്ടിടം, ലാബ്, ഓപ്പറേഷൻ തിയ്യേറ്റർ, കാർഷിക പരിശീലനഹാൾ, റെഫ്രിജറേറ്റർ തുടങ്ങിയ ഉപകരണങ്ങൾ ആവശ്യമുണ്ട്. ഇപ്പോൾ ഇവിടെ ചികിത്സ, സർജറി, കൃത്രിമ ബീജദാനം, വന്ധ്യതനിവാരണ സൗകര്യങ്ങൾ, പ്രതിരോധ കുത്തിവെപ്പുകൾ, പേവിഷ നിർമ്മാർജ്ജന കുത്തിവെയ്പ്പ്, കർഷകപരിശീലനം തുടങ്ങിയവ ലഭ്യമാണ്.

പഞ്ചായത്തിൽ രണ്ട് മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. 10 വർഷമായിപഞ്ചായത്ത് വക മാർക്കറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രങ്ങളിലും 5 വർഷം മുമ്പ് ആരഭിച്ചതും, കാണിപ്പയൂർ ക്ഷീര വികസന ഉപകേന്ദ്രത്തിലും, കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ ഉണ്ട്.

പഞ്ചായത്തിലെ പ്രധാന മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പശുവളർത്തൽ, ആട് വളർത്തൽ, വീട്ടുമുറ്റത്തെ കോഴിവളർത്തൽ തുടങ്ങിയവയാണ്.

## പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ

**a) പ്രത്യേക കന്നുകുട്ടി പരിശീലനപരിപാടി.**

നടപ്പുപദ്ധതികളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ജനിതകഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി ആദ്യ പ്രസവം 23 മാസത്തിനുള്ളിലാക്കുക. പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുക. ഇൻഷൂറൻസ് പരിരക്ഷനൽകുക എന്നിവയാണ് ലക്ഷ്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ ക്ഷീരവ്യവസായസംഘം പ്രവർത്തിക്കുന്ന കാണിപ്പയ്യൂരിൽ മാത്രമെ ഈ പ്രയോജനം ലഭ്യമാകുന്നുള്ളൂ. പഞ്ചായത്തിലെ മുഴുവൻ സങ്കരവർഗ്ഗ കന്നുകുട്ടികൾക്കും ഈ പ്രയോജനം ലഭ്യമാക്കണം.

**b) പേവിഷ നിർമ്മാർജ്ജന പദ്ധതി**

രണ്ടായിരമാണ്ടോടെ പേവിഷ നിർമ്മാർജ്ജനം ലക്ഷ്യംവെച്ച് ജനസഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. വളർത്തുനായ്ക്കളെ കുത്തിവെയ്പ്പിന് വിധേയമാക്കിയും, നായകളെ വളർത്തുന്നതിന് ലൈസൻസ് കർശനമാക്കിയും പേവിഷബാധയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വ്യാപകമായ പ്രചരണം നടത്തിയും അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്താൽ ഈ പദ്ധതി ഫലപ്രദമായിത്തീരും.

**c) വന്ധ്യതാനിവാരണം**

പഞ്ചായത്ത്തലത്തിൽ വന്ധ്യതാനിവാരണ ക്യാമ്പുകൾ നടത്തി വിദഗ്ദരുടെ സേവനം ലഭ്യമാക്കി ഇതിന് ഒരു പരിഹാരം കാണണം. വന്ധ്യത ഒരു പ്രധാന പ്രശ്നമാണ്. നിർബന്ധമായും ഫോളോ അപ് ക്യാമ്പുകളും നടത്തണം.

d) പ്രത്യേക ഘടകപദ്ധതിമൂലം ഹരിജനഗിരിജനങ്ങൾക്ക് മൃഗസംരക്ഷണമേഖലയിൽ സഹായം നൽകുന്നുണ്ട്. അതിന്റെ പ്രയോജനം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കാൻ ഹരിജൻ വീടുകളുടെ സമുച്ചയും ഉള്ള സ്ഥലങ്ങളെ ഹരിജൻകോളനികളായി പ്രഖ്യാപിക്കണം.

e) പ്രത്യേക ഘടകപദ്ധതിപ്രകാരം ഹരിജൻ കോളനികളിൽ കിടാരിവളർത്തൽ യൂണിറ്റും പശു വളർത്തൽ യൂണിറ്റും സ്ഥാപിച്ചതുമൂലം ജീവിത നിലവാരം ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്.

**e) പാലുത്പാദനരംഗം**

പഞ്ചായത്തിൽ ഒരു പാൽ സൊസൈറ്റിയാണ് നിലവിലുള്ളത്. അത് 10-ാം വാർഡിലാണ് പ്രവർത്തിക്കുന്നത്. ഈ സംഘത്തിൽ പ്രതിവർഷം ഏകദേശം 68570 ലിറ്ററോളം പാൽ അളക്കുന്നുണ്ട്. പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാൽ മുഴുവനും വിപണനം ചെയ്യുവാനുള്ള സൗകര്യം ഇല്ലാത്തതിനാൽ 1,2,3,4 വാർഡുകൾക്ക് മറ്റൊരു സൊസൈറ്റിയും മറ്റുസ്ഥലങ്ങളിൽ നിന്നും സ്പോട്ട് കളക്ഷനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തണം. നമ്മുടെ പഞ്ചായത്തിൽ 87 സെൻസസ് പ്രകാരം ഏകദേശം 629260 ലിറ്ററോളം പാൽ പ്രതിവർഷം ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഉത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ മൂല്യം 629260 രൂപയോളം വരും. ഇതിന്റെ മൂല്യം നോക്കുമ്പോൾ ഇന്നത്തെ സങ്കരവർഗ്ഗത്തിൽ പെട്ട കന്നുകാലികളുടെ ഉത്പാദനം മൂലം ഈ രംഗത്ത് അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചതായി കണക്കാക്കാം.

ഈ രംഗത്തെ നിലവിലുള്ള പ്രശ്നങ്ങളിൽ പ്രധാനമായത് കാലിത്തീറ്റയുടെ വിലവർദ്ധന, ഉത്പാദനരോഗങ്ങൾ, അകിടുവീക്കം, വന്ധ്യത എന്നിവയാണ്.

പശുക്കളുടെ പദ്ധതിയിൽ പകുതി ബാങ്ക്വായ്പയും, നാലിലൊന്ന് ധനസഹായവും ബാക്കി സംരഭകരുടെ മുതൽമുടക്കും ഉപയോഗിച്ച് തുടങ്ങാം.

കൂടാതെ IRDP വഴിയുള്ള പദ്ധതികളും കുറേക്കൂടി വിപുലമാക്കാം.

**f) മാംസോത്പാദനരംഗം**

പഞ്ചായത്തിൽ ശാസ്ത്രീയമായ ആധുനിക രീതിയുലുള്ള അറവുശാല നിലവിലില്ല. അറവു നടത്തുന്നതും വില്പന നടത്തുന്നതുമായ വഴിയോര വിപണനകേന്ദ്രങ്ങളാണ് നിലവിലുള്ളത്. അവ വളരെ ശോചനീയമായ അവസ്ഥയിലാണ്. ആയതിനാൽ പഞ്ചായത്ത്തലത്തിൽ ആധുനിക രീതിയിലുള്ള ഒരു അറവുശാല നിർമ്മിക്കുകയും, സഹകരണാടിസ്ഥാനത്തിൽ ഒരു മീറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുകയും ചെയ്താൽ ഇടത്തട്ടുകാരെ ഒഴിവാക്കി ന്യായ വില ഉറപ്പിക്കുവാനും, ശുദ്ധമായ മാംസം ഉത്പാദിപ്പിക്കുവാനും, വഴിയോരവിപണന കേന്ദ്രങ്ങൾ ഇല്ലാതാക്കാനും മാംസ പരിശോധന കൃത്യമായും വെറ്റിനറി ഡോക്ടർമാരുടെ സഹായത്തോടെ നടത്തി പൊതുജനാരോഗ്യം ഉറപ്പുവരുത്തുവാനും സാധിക്കും. മാംസോത്പാദനത്തിനുള്ള മൃഗങ്ങളിൽ ഭൂരിഭാഗവും (90% വരെ) പുറത്തുനിന്നാണ് വരുന്നത്. അതുമൂലം നമുക്ക് ഭീമമായ സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നുണ്ട്. അതിനാൽ ആടുവളർത്തൽ, പന്നിവളർത്തൽ, കാളക്കുട്ടി പരിപാലനം മുയൽ വളർത്തൽ തുടങ്ങിയവയുടെ കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുകയും കോൾഡ് സ്റ്റോറേജ് തുടങ്ങിയ സൗകര്യങ്ങൾ തുടങ്ങുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യാം.

**c) ആടുവളർത്തൽ**

പാവപ്പെട്ടവരുടെ പശുവാണ് ആട്. ഇട ത്തരം കർഷകരുടെ പരിമിതികൾക്കനുയോജ്യം കുറഞ്ഞ മൂലധനത്തിൽ ഏവർക്കും വികേന്ദ്രീ കൃതമായി നടത്താവുന്ന പ്രവർത്തനമാണിത്. വീട്ട മ്മമാരുടെയും, കുട്ടികളുടെയും അധ്വാനശേഷി ഫലപ്രദമായി ഉപയോഗിക്കാം പഞ്ചായത്തിൽ ആടുവളർത്തലിന്റെ ചെറിയ യൂണിറ്റുകൾ നില വിലുണ്ട്. അഴിച്ചുവിട്ട് തീറ്റുന്നതാണ് കൂടുതൽ. കെട്ടിയിട്ടും തീറ്റ നൽകുന്നുണ്ട്. തീറ്റരീതികൾ ശാസ്ത്രീയമല്ല. വിരമരുന്നുകൾ സ്ഥിരമായി കൊടു ക്കുന്ന പതിവില്ലാത്തതുമൂലം വയറിളക്കം പിടി പെട്ട് ആട്ടിൻകുട്ടികൾ ചത്തൊടുങ്ങുന്നതാണ് പതിവ്. സങ്കരവർഗ്ഗത്തിലുള്ള മികച്ചയിനം ആട്ടിൻകുട്ടികളുടെ ലഭ്യതക്കുറവുണ്ട്. ആടുവ ളർത്തലിൽ താത്പര്യമുള്ള വീട്ടമ്മമാർക്ക് പരി ശീനലം കൊടുത്ത് കടുതൽ ആട്വളർത്തൽ യൂണിറ്റുകൾക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്.

**b) പന്നിവളർത്തൽ**

ഹോട്ടൽവേസ്റ്റ്, അറവുശാലാവേസ്റ്റ്, പച്ച ക്കറിമാർക്കറ്റിലെ അവശിഷ്ടങ്ങൾ ഇവ ശാസ്ത്രീ യമായി സംസ്കരിച്ചാൽ പന്നിത്തീറ്റയാക്കാം. മാത്ര മല്ല, മാലിന്യ ദുരീകരണവും നടത്താം.

**c) പോത്തിൻകുട്ടി, മൂരിക്കുട്ടി പരിപാലനം**

പഞ്ചായത്തിലുണ്ടാകുന്ന 70% - 90% ശതമാനം വരെ മൂരി/പോത്തിൻ കുട്ടികൾ ചത്തു പോകുന്നു. താത്കാലികമായ ലാഭം നോക്കി കുട്ടികൾക്ക് കുടിക്കാൻ പാൽ തീരെ കൊടു ക്കാത്തവരും, വിരമരുന്ന് കൊടുക്കാത്തതും അശാ സ്ത്രീയമായ പരിപാലനവുമാണ് കാരണം, സാമൂ ഹിക ബോധവൽക്കരണം നടത്തി 2മുതൽ 3മാസം വരെ പ്രായമുള്ള 5 കാളക്കുട്ടി, 1 പോത്തിൻകുട്ടി എന്നിവരെ തിരഞ്ഞെടുത്ത് 12മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാ വശ്യത്തിനായി ഉപയോഗിക്കുന്നു. സ്കീമിലുള്ള കാളക്കുട്ടികൾക്ക് ഇൻഷൂറൻസ് പരിരക്ഷ ലഭ്യ മാക്കിയാൽ കർഷകർക്കും ഉപകാരപ്രദമാകും. ഇതിന് പരിശീലനവും, ശാസ്ത്രീയമായ അറവു ശാലയുടെയും വിപണനശൃംഖലയുടെയും ആവ ശ്യമുണ്ട്. കാലിത്തീറ്റ, പുല്ല്, വൃക്ഷവിളകൾ തുട ങ്ങിയവയുടെ ലഭ്യതയും പരിഗണന അർഹി ക്കുന്നു.

**d) മുയൽ, കാട, ടർക്കി, താറാവ് വളർത്തൽ**

ഇവയും വളരെ പ്രാധാന്യമർഹിക്കുന്നു. കാടയുടെയും, ടർക്കിയുടെയും മറ്റും കുഞ്ഞു ങ്ങളുടെ ലഭ്യത പ്രധാനമാണ്. സ്കൂൾകുട്ടി കൾക്ക് മുയൽ വളർത്താൻ പദ്ധതി ഏർപ്പെടു ത്താം. വിവിധ സ്കൂളുകളിൽ 8-ാം ക്ലാസിൽ പഠിക്കുന്ന 50 കുട്ടികളെ വീതം തിരഞ്ഞെടുത്ത് അവർക്ക് ഒരു ആൺമുയലും, 2 പെൺമുയലും അടങ്ങിയ യൂണിറ്റ് നൽകാം. 9-ാം ക്ലാസിലും, 10-ാം ക്ലാസിലുമെത്തുമ്പോൾ അവർ ഓരോ ജോടി കുഞ്ഞുങ്ങളെ പഞ്ചായത്തിന് തിരികെ നൽകണം. അവയെ വീണ്ടും വിതരണം ചെയ്യാം. ഇതിനും ബോധവൽക്കരണം, വിപണനശൃംഖല എന്നിവ ആവശ്യമാണ്.)

**g) കാലിത്തീറ്റ ഉത്പാദനരംഗം**

പഞ്ചായത്തിൽ കാലിത്തീറ്റയുടെയും, വൈക്കോലിന്റെയും വിലവർദ്ധനയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും മൂലം കാലിവളർത്തൽ പ്രതിസന്ധിയെ നേരിടുകയാണ്. പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന വൈക്കോലിൽ ഭൂരിഭാഗവും ഇവിടെ ത്തന്നെ ഉപയോഗിക്കുന്നു. കൂടുതൽ കർഷകരും കമ്പനികളുടെ കാലിത്തീറ്റയാണ് ഉപയോഗിക്കുന്നത്.

പ്രാദേശികമായി ലഭ്യമായ പിണ്ണാക്ക്, കപ്പ, പുളിങ്കുരു മുതലായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത വസ്തുക്കൾക്ക് ന്യായവില ലഭിക്കുന്നതിനും, നിയന്ത്രിതവിലക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും, പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ ലേലവ്യവവസ്ഥയിൽ തീറ്റപ്പുൽ കൃഷിക്കുപയോഗിക്കാം. അതുപോലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, തെങ്ങിൻതോപ്പിലെ ഇടവിളയായും, വഴിയോരങ്ങൾ, കനാൽ വരമ്പുകൾ, ഓഫീസ്, സ്കൂൾവളപ്പിലെ സ്ഥലങ്ങൾ മുതലായവയും ഉപയോഗിക്കാം. ഇത് സഹകരണാടിസ്ഥാനത്തിൽ ചെയ്യാം. ബോധവൽക്കരണവും, പരിശീലനവും ആവശ്യമാണ്.

**h) ബ്രോയിലർ കോഴിവളർത്തൽ**

പ്രത്യേക പ്രജനന പ്രക്രിയവഴി വികസിപ്പിച്ചെടുത്ത ഇവ 7മുതൽ 8 ആഴ്ചകൾക്കുള്ളിൽ ഉപയോഗത്തിനും, വിപണനത്തിനും യോഗ്യമാകും. വർഷം അഞ്ചുപ്രാവശ്യം വളർത്തിയെടുക്കാവുന്ന നമ്മുടെ ബ്രോയിലർ ഫാമുകൾ ഒന്നും തന്നെയില്ല. കുടുംബത്തിലെ കുട്ടികളുടെയും സ്ത്രീകളുടെയും ഒഴിവ്സമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചികോഴികളെ വീതം വിൽപനക്ക് സജ്ജമാക്കുന്ന പദ്ധതിയിലേക്ക് സർക്കാർ ഹാച്ചറി/സ്വകാര്യ ഫാമുകളിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം. പഞ്ചായത്തിലെ 20 ഗ്രാമീണവനിതകളടങ്ങിയ സംഘം രൂപീകരിച്ച് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങി പദ്ധതിയുടെ ധനവിനിയോഗം നടത്താം. സാമൂഹ്യക്ഷേമ വകുപ്പിന്റെ ഗ്രാമീണ വനിത ശിശു വികസനപദ്ധതിയിൽ ലഭ്യമാകുന്ന ധനസഹായം വിനിയോഗിക്കാം. പഞ്ചായത്തിലെ കോഴിമാംസത്തിന്റെ ഉപയോഗത്തിന്റെ ഭൂരിഭാഗവും പുറത്തുനിന്നും വരുന്നു. കോഴി വളർത്തലിൽ താത്പര്യമള്ള ധാരാളം കർഷകരുണ്ട്. പരിശീലനം, ചികിത്സ, വിപണനസൗകര്യങ്ങൾ മുതലായവ തരപ്പെടുത്തണം. പഞ്ചായത്തിൽ ഏകദേശം 3 ലക്ഷത്തോളം രൂപക്കുള്ള കോഴിയിറച്ചി പ്രതിവർഷം ഉപയോഗിക്കുന്നു. ഭൂരിഭാഗവും പുറത്തുനിന്നാണ് വരുന്നത്. അതിലും സ്വയം പര്യാപ്തത ആവശ്യമാണ്.

**i) മുട്ടയുൽപാദനം**

1. വീട്ടുമുറ്റത്തെ കോഴിവളർത്തലിന്റെ ഗുണങ്ങളിൽ വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യതയും ഭക്ഷണത്തിൽ ഉയർന്ന മാംസ്യത്തിന്റെ

തോതും ആണ് പ്രധാനം. 2 മാസം വീതം പ്രായമുള്ള 5 കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ നൽകാം. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ കൊടുത്ത് വളർത്താം. ഇത് നമ്മുടെ പഞ്ചായത്തിൽ നടന്നുവരുന്ന പദ്ധതിയാണ്. കുറഞ്ഞത് അത്തരം ആയിരം യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കണം.

2. **എഗ്ഗർ നഴ്സറി:** നമ്മുടെ പഞ്ചായത്തിൽ ഒരു എഗ്ഗർ നഴ്സറിയുണ്ട്. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ്. വീട്ടുമുറ്റത്തെ കോഴിവളർത്തൽകാർക്കും, സ്കൂൾ പൗൾട്രി ക്ലബ്ബിനും നൽകാം. 500 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റുകൾ തുടങ്ങാം. വർഷം അഞ്ച് പ്രാവശ്യമെങ്കിലും വളർത്തി വിൽക്കാം. പഞ്ചായത്തിൽ കൂടുതൽ യൂണിറ്റുകൾ തുടങ്ങാം.

3. സ്കൂൾ പൗൾട്രി ക്ലബ്ബ്: കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താത്പര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. 5 രൂപ അംഗത്വ ഫീസ് വാങ്ങി കുട്ടികളെ അംഗങ്ങളാക്കി താത്പര്യമുള്ള ഒരു അധ്യാപകന് ചുമതല നൽകണം. 60 ദിവസം പ്രായമുള്ള മൂന്ന് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകാം.

കോഴിമുട്ടയുടെയും, ഇറച്ചിയുടെയും കാര്യത്തിൽ നാം തീരെ സ്വയം പര്യാപ്തരല്ല. വൻതോതിൽ നാം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ഈ തൊഴിലിൽ താത്പര്യമുള്ള സാമ്പത്തികശേഷിയുള്ള കർഷകർ ഗൾഫിൽനിന്നും മടങ്ങിയ തൊഴിൽരഹിതരായ സാധാരണക്കാർ തുടങ്ങിയവരെ ഏകോപിപ്പിച്ച് മുട്ട ഉൽപാദന, വിപണനസംഘങ്ങൾ രൂപീകരിച്ച് കോഴിത്തീറ്റ ഉൽപാദനസംഘം ഏറ്റെടുത്ത് നടത്തണം. കോഴികളെ കൂട്ടിലിട്ടു വളർത്താം. കുറഞ്ഞത് 5000 കോഴികളെങ്കിലും ഉണ്ടാകണം. മുട്ട ഉൽപാദന കാലശേഷം ഇവയെ ഇറച്ചിക്കായി ഉപയോഗിക്കാം.

**j) ജൈവവളം**

ജൈവവളം കൃഷിക്ക് വളരെ അത്യാവശ്യമായതാണ്. ഭൂരിഭാഗവും നമ്മുടെ പഞ്ചായത്തിൽതന്നെ ഉപയോഗിക്കപ്പെടുന്നു.

**k) മൃഗശക്തി**

കൃഷിപ്പണിയിൽ യന്ത്രവൽക്കരണം വന്നിട്ടുകൂടി കാളകളും, വണ്ടിവലിക്കുന്ന പോത്തുകളും നിലവിലുണ്ട്. മൃഗശക്തിയിൽ വളരെ ഏറിയപങ്കും വണ്ടിവലിക്കാനും, ബാക്കി ഉഴവുകാളകളായും അണ് ഉപയോഗിക്കപ്പെടുന്നത്.

**l) ഊർജ്ജം**

പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചാണകത്തിന്റെ ചെറിയൊരംശം മാത്രമെ ബയോഗ്യാസുണ്ടാക്കാൻ ഉപയോഗിക്കുന്നുള്ളു. കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ടാകണം. രണ്ട് പശുവിന്റെ ചാണകം കൊണ്ട് ഒരു ചെറിയ കുടുംബത്തിന്റെ പാചകാവശ്യം കഴിച്ച് ഒരു ലൈറ്റുകൂടി പ്രവർത്തിക്കുവാൻ കഴിയും.

**m) കർഷക പരിശീലനം**

ആയതിന് ഒരു LMTC തൃശ്ശൂരിൽ

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരിശീലനത്തിന് അതിന്റെ സേവനം ഉപയോഗപ്പെടുത്താം.

n) കന്നുകാലികളുടെ ആകസ്മികമായ മരണം മൂല മുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ

അകിടുവീക്കം വന്ന് ഉത്പാദനം നഷ്ടപ്പെടൽ ആകസ്മികമരണം മുതലായ പ്രശ്നങ്ങൾ കാതലായവയാണ്. ഇൻഷുറൻസ് പ്രീമിയം വളരെ വലുതാണ്. കർഷകർ നഷ്ടം താങ്ങേണ്ടിവരുന്നു.

അതിനാൽ പഞ്ചായത്ത് തലത്തിൽ ഒരു സമഗ്ര കന്നുകാലി ഇൻഷൂറൻസ് മാസ്റ്റർ പോളിസി ഏർപ്പെടുത്തണം.

**p) സമ്മിശ്രമൃഗ പരിപാലനം**

മൃഗപരിപാലനത്തോടൊപ്പം കൃഷി, മത്സ്യം വളർത്തൽ, കോഴി, പശു, താറാവ് ഇവ യോജിപ്പിച്ച് ലഭ്യമായ കൃഷിസ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തി ലാഭം കൂട്ടാം. നിലവിലുള്ള കാർഷികവിളകൾക്കൊപ്പം 3പശു + 3 ആട്ടിൻകുട്ടി, 5 + 1 പന്നികൾ, 25 കോഴികൾ പുൽകൃഷി മുതലായവ ഉപയോഗപ്പെടുത്താം. കോഴിക്കാഷ്ഠം പന്നിക്ക് തീറ്റയാകും, പന്നിക്കാഷ്ഠം കുളത്തിലെ മത്സ്യം വളർത്തലിനും ഉപയോഗിക്കാം. 3 ക്യൂബിക്മീറ്റർ ഗോബർ ഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാം. അതിന്റെ സ്ലറി കാർഷികവിളക്കും, പുൽകൃഷിക്കും ജൈവവളമായും ഉപയോഗിക്കാം. താൽപര്യമുള്ള കൃഷിസ്ഥലങ്ങളുള്ള കർഷകർ നമ്മുടെ പഞ്ചായത്തിലുണ്ട്.

മൃഗസംരക്ഷണമേഖലയിലെ കർഷകരെ പ്രത്യേകം ആദരിക്കണം. ആയതിന് പഞ്ചായത്ത് തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തണം.



# വിദ്യാഭ്യാസം

18-ാം ശതകത്തിന്റെ ദക്ഷിണാർദ്ധത്തിൽ പഞ്ചായത്തിൽ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് വേദങ്ങൾ ചർച്ചചെയ്യാൻ ഋഗ്വേദികൾ ഒത്തുകൂടിയിരുന്ന സഭാമഠവും (പിന്നീട് തന്ത്രവിദ്യാ പീഠം) പണ്ഡിതരാജൻ ശ്രീ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപാടിന്റെ ജന്മം കൊണ്ട് സാർത്ഥമായ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ നൂറ്റാണ്ടു പിന്നിട്ട വിദ്യഭ്യാസ സ്ഥാപനങ്ങളാൽ പ്രശോഭിതമായ സാംസ്കാരിതലം പുരാതനമായി നിലനിന്നിരുന്നു എന്ന് ഇവ സാക്ഷ്യപ്പെടുത്തുന്നു.

ഇന്നുകാണുന്ന ഔപചാരിക വിദ്യാഭ്യാസ മണ്ഡലത്തിന്റെ ചരിത്രം കേരളത്തിലെത്തിയ വിദേശമിഷനറിമാരുടെ ഏറ്റവും പഴക്കം ചെന്ന സ്കൂളായി കരുതപ്പെടുന്നത് 1881ൽ മാഡം നിക്കോൾസനാൽ സ്ഥാപിക്കപ്പെട്ട മാർത്തോമ സിറിയൻ സ്കൂളാണ്. ഏതാണ്ട് ഇതിനോടടുത്ത കാലഘട്ടത്തിൽ തന്നെ സ്ഥാപിതമായ മറ്റൊരു പ്രൈമറി സ്കൂളും ഈ പഞ്ചായത്തതിർത്തിയിൽ ഉണ്ട്. 1888ൽ സ്ഥാപിതമായ ALPS പയ്യൂർ 1918ൽ സ്ഥാപിതമായ സെന്റ് ഫ്രാൻസിസ് LP സ്കൂൾ പുതുശേരി 1935ൽ സ്ഥാപിതമായ ദേവിസഹായം സ്കൂൾ പഴുന്നാന എന്നിവയാണ് സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് സ്ഥാപിക്കപ്പെട്ട മറ്റ് സ്കൂളുകൾ. ഈ വസ്തുതകളെ അടിസ്ഥാനമാക്കി വിലയിരുത്തുമ്പോൾ വളരെ സമ്പന്നമായ ഒരു വൈജ്ഞാനിക ചരിത്രം ചൊവ്വന്നൂർ പഞ്ചായത്തിനുണ്ടെന്ന് കാണാവുന്നതാണ്.

ഈ പഞ്ചായത്തതിർത്തിയിൽ എട്ട് സ്കൂളുകളും ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും, ഒരു ചിത്രകലാ വിദ്യാലയവും പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളിൽ ഒരു ഗേൾസ് ഹൈസ്കൂളും രണ്ട് അപ്പർ പ്രൈമറി സ്കൂളും അഞ്ച് പ്രൈമറി സ്കൂളുകളും നിലനിൽക്കുന്നു. ഇതിൽ ഒന്ന് അൺ എയ്ഡഡ് മലയാളം മീഡിയം സ്കൂളുമാണ്. ഈ വിദ്യാലയങ്ങളെല്ലാം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവയാണ്.

1964ൽ ചാരിറ്റി സന്യാസിനി മഠത്തിനാൽ സ്ഥാപിതമായ സെന്റ് മേരീസ് അപ്പർ പ്രൈമറി സ്കൂളാണ് 1982ൽ ഹൈസ്കൂളായി ഉയർത്തിയത്. 1881ൽ വിദേശമിഷനറിമാരാൽ സ്ഥാപിക്കപ്പെട്ട MTSLPS ചൊവ്വന്നൂർ മാർത്തോമാ സുവിശേഷ പ്രസംഗ സംഘത്തിന്റെ മേൽനോട്ടത്തിലാണ് ഇന്ന് പ്രവർത്തിക്കുന്നത്. 1888ൽ ഒരു സ്വകാര്യവ്യക്തിയാൽ സ്ഥാപിക്കപ്പെട്ട ALPS പയ്യൂർ ഇന്ന് സ്റ്റാഫ് മാനേജ്മെന്റിന്റെ മേൽ നോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 1976ൽ സ്ഥാപിതമായ സെന്റ് മേരി മഗ്ദലിൻ കോൺവെന്റ് അടുപ്പുട്ടി സന്യാസിനി സമൂഹത്തിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ഏക സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ഗുഡ്ഷേപ്പർഡ് ഐ.ടി.സി.

എന്ന സ്ഥാപനവും ക്രിസ്തീയ സന്യാസസമൂഹത്തിന്റെ മേൽ നോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. മുകളിൽ പറഞ്ഞ ഔദ്യോഗിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ മൂന്ന് ട്യൂട്ടോറിയൽ കോളേജുകളും രണ്ട് ടൈപ്പ്റൈറ്റിങ്ങ് സെന്ററുകളും ഒരു ടൈലറിങ്ങ് സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വളരെ നല്ല നിലയിൽ നടന്ന ഒരു പഞ്ചായത്താണ് ചൊവ്വന്നൂർ പഞ്ചായത്ത്. എന്നാൽ ഫലപ്രദമായ രണ്ടാംഘട്ടമോ മറ്റു തുടർ പഠന പരിപാടികളോ കാര്യക്ഷമമായി നടക്കാത്തതിനാൽ നവ സാക്ഷരർ വീണ്ടും നിരക്ഷരരായ അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്.

പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന ഒരു ഹൈസ്കൂൾ ഒഴികെ മറ്റൊരു ഹൈസ്കൂളും ഇല്ല എന്നതിനാലും പര്യാപ്തമായ അളവിൽ അപ്പർ പ്രൈമറി സ്കൂളുകൾ ഇല്ലാത്തതിനാലും വിദ്യാർത്ഥികളിൽ വലിയൊരു വിഭാഗം അയൽ പഞ്ചായത്തുകളിലേയോ മുൻസിപ്പാലിറ്റിയിലേയോ സ്കൂളുകളെ ആശ്രയിക്കേണ്ട ഒരവസ്ഥയാണ് നിലവിലുള്ളത്. ഇപ്രകാരം ചൊവ്വന്നൂർ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആശ്രയിക്കുന്ന പ്രധാന സ്കൂൾ GMBHS കുന്നംകുളം, MJDHS കുന്നംകുളം, ബഥനി കോൺവെന്റ് ചിറളയം, GHS മരത്തംകോട് UPS മരത്തംകോട് LIG ചൂണ്ടൽ, സെന്റ് തോമാസ് യു.പി. കൂനംമൂച്ചി, അപ്പുമെമ്മോറിയൽ തൈക്കാട്, സെന്റ് സെബാസ്റ്റ്യൻ HS ചിറ്റാട്ടുകര എന്നിവയാണ് ഇവക്കെല്ലാം ഉപരിയായി ഉയർന്ന സാമ്പത്തിക നിലവാരമുള്ള ഒരു വിഭാഗം കുന്നംകുളം നഗരത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളെയും ആശ്രയിക്കുന്നുണ്ട്.

കഴിഞ്ഞകാലങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്ന സ്കൂളുകൾ DSS പഴുന്നാന സെന്റ് ഫ്രാൻസിസ് പുതുശ്ശേരി, ALPS പയ്യൂർ എന്നിവയാണ്. ഇതിന് പ്രധാനപ്പെട്ട കാരണം സമീപ പ്രദേശങ്ങളിൽ ഉയർന്ന പഠനനിലവാരവും ഉയർന്ന പഠനസൗകര്യങ്ങളും ഉള്ള സ്കൂളുകളുടെ സാന്നിദ്ധ്യവും ചെറിയ തോതിൽ ബാധിക്കുന്നുണ്ട്. മുകളിൽ പറഞ്ഞ സ്കൂളുകളിൽ പഠനത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങളുടെ അവസ്ഥ വളരെ ശോചനീയമാണ്. വേണ്ടത്ര ഫർണ്ണിച്ചറോ, നല്ല നിലവാരമുള്ള കെട്ടിടമോ കളിസ്ഥലമോ ഇല്ല എന്നുള്ളത് വളരെ അടിയന്തിരമായി ശ്രദ്ധ അർഹിക്കുകന്ന വസ്തുതകളാണ്. എന്നാൽ മുകളിൽ പറഞ്ഞവയിൽ നിന്നും തികച്ചും വ്യത്യസ്ഥമായ അവസ്ഥയാണ് സെന്റ് മേരീസ് ഹൈസ്കൂളിനും, സെന്റ് എം.എം.യു.പി.എസ്. കാണിപ്പയൂരിനുമുള്ളത്. ആയതിന് ആവശ്യമായ ജീവിതസൗകര്യങ്ങൾ തികച്ചും പര്യാപ്തമായ അവസ്ഥയിലുള്ള ഈ സ്ഥപനങ്ങൾ ഉയർന്ന പഠനനിലവാരം പുലർത്തുകയും ചെയ്യുന്നു.

1992ലെ S.S.L.C പരീക്ഷയിൽ 7-ാം റാങ്ക് കരസ്ഥമാക്കുവാൻ സെന്റ് മേരീസ് ഹൈസ്കൂളിന് കഴിഞ്ഞു എന്നത് ഇതന് ഉത്തമ ദൃഷ്ടാന്തമായി വർത്തിക്കുന്നു.

കഴിഞ്ഞ് അഞ്ച് വർഷക്കാലത്തെ സെന്റ് മേരീസ് ഹൈസ്കൂളിലെ വിജയ ശതമാനം താഴെകൊടുക്കുന്നു.

| S.S.L.C റിസൾട്ട് | ജയിച്ചവർ | % |
|---|---|---|
| 1992 March | 112 / 115 | 97.4 |
| 1993 March | 144 / 144 | 100 |
| 1994 march | 126 / 139 | 90.6 |
| 1995 March | 110 / 128 | 86 |
| 1996 March | 102 / 117 | 87 |

ഉയർന്ന വിജയ ശതമാനം നിലനിർത്തുന്ന ഈ കലാലയത്തിലേക്ക്, വിദൂരമേഘലയിൽ നിന്നുപോലും വിദ്യാർത്ഥികളെ ആകർഷിക്കുന്നു എന്നത് ഒരു വസ്തുതയാണ്. എന്നാൽ ഈ സ്കൂളുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന പഞ്ചായത്തിനകത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിയാത്ത സഹാചര്യമാണ് നിലനിൽക്കുന്നത്. ഇതുമൂലം പഞ്ചായത്തതിർത്തിയിലെ വിദ്യാർത്ഥികൾക്ക് താരതമ്യേന വിജയ ശതമാനംകുറഞ്ഞ, മറ്റുപഞ്ചായത്തിലേയോ മുൻസിപ്പാലിറ്റിയിലേയോ, വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ സംജാതമാക്കുന്നു. ഇത് അഞ്ചോ ആറോ കിലോമീറ്റർ ദൂരം വിദ്യാർത്ഥികളെ യാത്ര ചെയ്യുവാൻ നിർബന്ധിതരാക്കുന്നു. എന്നാൽ ഇതേസമയം മറ്റു വിദൂരമേഘലകളിൽ നിന്നെത്തുന്ന വിദ്യാർത്ഥികൾക്ക് ഇവിടെ പ്രവേശനം ലഭിക്കുന്നത് വ്യാപകമായ പ്രതിഷേധം ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു. അതിനാൽ ഈ പഞ്ചായത്തതിർത്തിയിലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിയുന്ന വിധത്തിൽ ഈ സ്കൂളുകൾ വിപുലീകരിക്കണം എന്ന ആവശ്യം കാലങ്ങളായി നില നിൽക്കുന്നതാണ്.

വിദ്യാലയങ്ങളിലെ അധ്യാപക സർവ്വേ പ്രകാരം ഏഴുസ്കൂളുകളിലായി 114 അധ്യാപകരാണ് ഉള്ളത്. ഇതിൽ 109 പേർ സ്ത്രീകളും 5 പേർ പുരുഷന്മാരുമാണ്. ഇതിൽ അറബിക് അധ്യാപകരൊഴികെ ബാക്കിയുള്ളവരെല്ലാം ടി.ടി.സി., ബി.എഡ്. എന്ന സാങ്കേതിക ബിരുദം

നേടിയവരുമാണ്. അധ്യാപകരിൽ സ്ത്രീ അനുപാതം വളരെ കൂടുതലായതിനാൽ പാഠ്യേതര വിഷയങ്ങളിലുള്ള വിദ്യാർത്ഥികളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കാൻ ഇടയാക്കുന്നു.

എല്ലാ സ്കൂളുകളിലും മാതൃസംഘങ്ങളും, PTA സംഘങ്ങളും നിലവിലുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം മാതൃകാപരമായ രീതിയിൽ നടക്കുന്നില്ല ഇവ കേവലം 'മീറ്റുങ്ങു'കളിൽ മാത്രമായി ഒതുങ്ങിക്കൂടുന്നു.

സ്കൂളുകളിലെ ഭൗതീക സാഹചര്യം മൊത്തത്തിൽ വിലയിരുത്തപ്പെടുമ്പോൾ പൂർണ്ണമായും, തൃപ്തികരമായ നിലയിലല്ല എന്നു കാണുന്നു. പഞ്ചായത്തിലെ എല്ലാ LP സ്കൂളുകളിലും കളി സ്ഥലങ്ങളുടെ അഭാവം പ്രകടിതമാണ്. അതുപോലെ സ്റ്റാഫ് മുറിയുടെ നിലയും അപര്യാപ്തമാണ്. സ്കൂളുകളിലെ ലൈബ്രറി സൗകര്യം പൂർണ്ണമായും വിനിയോഗിക്കുന്ന നിലയല്ല ഇന്നുള്ളത്. ദൃശ്യ, ശ്രവ്യ ഉപകരണങ്ങളുടെ അഭാവവും ശ്രദ്ധാർഹമാണ്. പല സ്കൂളിലെയും കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും, ഫർണീച്ചറുകളുടെ അപര്യാപ്തതയും പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. കുട്ടികളുടെ കായിക ക്ഷമത പരിപോഷിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളും പല സ്കൂളുകളിലും പര്യാപ്തമായ അളവിൽ ഇല്ല. ഇതിനെല്ലാമുപരിയായി, അതാതു വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അധ്യാപകരുടെ അഭാവം വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

മുകളിൽ പറഞ്ഞ വസ്തുകൾ നിലനിൽക്കുമ്പോൾ തന്നെ, സമീപ പ്രദേശങ്ങളിലെ വിദ്യാലയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പലതുകൊണ്ടും ഗുണകരമായ നിലവാരമാണ് ഈ സ്കൂളുകൾക്ക് അവകാശപ്പെടാനുള്ളത്. കുടിവെള്ളത്തിന്റെ കാര്യത്തിൽ എല്ലാ സ്കൂളുകളും സ്വയം പര്യാപ്തമാണ്. മൂത്രപ്പുര, കക്കൂസ് എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യം പരിഗണിക്കുമ്പോൾ ഒരു സ്കൂൾ ഒഴികെ മറ്റു എല്ലാ സ്കൂളുകളിലും തൃപ്തികരമായ നിലയിലാണ്. പഞ്ചായത്തിലെ എല്ലാ അപ്പർപ്രൈമറി സ്കൂളുകളിൽ വളരെ വിപുലമായ ലബോറട്ടറി സൗകര്യം നിലവിൽ ഉണ്ട്. ഗണിത ശാസ്ത്രമേള, പ്രവർത്തി പരിചയമേള, സയൻസ് എക്സിബിഷൻ, കലോത്സവങ്ങൾ എന്നിവയിൽ പ്രകടിപ്പിക്കുന്ന ശുഷ്കാന്തിയും, ഉന്നത നിലവാരവും, പ്രശംസാർഹമാണ്.

കസ്തുർബാ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന 4 അംഗൻവാടികളും 4 നഴ്സറികളും, മഹിളാസമാജത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 2 ബാലവാടികളും അടങ്ങുന്നതാണ് ശിശു വിദ്യാഭ്യാസസ്ഥാപനങ്ങൾ. ഇവയ്ക്കുപുറമേ മന്ദബുദ്ധികളായകുട്ടികൾക്കായി നടത്തുന്ന ഒരു പഠന കേന്ദ്രവും നിലവിൽ ഉണ്ട്. കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും, കളിക്കോപ്പുകളുടെ അഭാവവുമാണ് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ അലോസരപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ.

1. ആൺകുട്ടികൾക്കായി ഹൈസ്കൂൾ ഇല്ലാത്തതും, പര്യാപ്തമായ അളവിൽ അപ്പർപ്രൈമറി സ്കൂളുകൾ ഇല്ലാത്തതും ന്യൂനതകളാണ്.
2. ഇംഗ്ലീഷ് മീഡിയം സ്കുളുകളുടെ കടന്നു കയറ്റം മറ്റു സ്കൂളുകളിൽ വിദ്യാർത്ഥികളുടെ

എണ്ണത്തെ കുറയ്ക്കുന്നു.

3. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ ശോചനീയമായ അവസ്ഥ.

4. പഞ്ചായത്തിലെ ഉയർന്ന വിജയശതമാനമുള്ള സ്കൂളുകളിൽ പഞ്ചായത്തിനകത്തുള്ള പഠിക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിയാതെ വരുക എന്നാൽ വിദൂരമേഘലകളിൽ നിന്നെത്തുന്നവർക്ക് പ്രവേശനം നൽകുന്നു.

4. വിദ്യാലയങ്ങളിലെ അധ്യാപികമാരുടെ എണ്ണകൂടുതൽ അധ്യാപകൻമാരുടെ എണ്ണക്കുറവ്.

5. P.T.A. സംഘങ്ങളുടെ മാതൃകാപരമായ പ്രവർത്തനങ്ങളുടെ അപര്യാപ്തത.

6. അതാതുവിഷയങ്ങളിൽ പ്രാവീണ്യം നേടിയവരല്ല ഓരോ വിഷയവും പഠിപ്പിക്കുന്നത്.

7. അനൗപചാരിക വിദ്യാഭ്യാസത്തിലെ സാക്ഷരതാ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ അപര്യാപ്തത.

| | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലൈബ്രറി | ലാബോറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | മാർത്തോമ സ്കൂൾ, ചൊവ്വന്നൂർ | 48 സെന്റ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 2. | ദേവ സഹായം സ്കൂൾ, പഴുന്നാന | 50 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3. | സെന്റ് ഫ്രാൻസിസ് എൽ.പി. സ്കൂർ പുതുശ്ശേരി | 54 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | എയിഡഡ് എൽ.പി. സ്കൂൾ പയ്യൂർ | 44 സെന്റ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 5. | സെന്റ് മേരീസ് മഗ്ലന ലോവർ പ്രൈമറി സ്കൂൾ അടുപ്പൂട്ടി | | | | | | | | | | | |
| 6. | സെന്റ് മേരീസ് മഗ്ലന ലോവർ അപ്പർ പ്രൈമറി സ്കൂൾ അടുപ്പൂട്ടി | .5 ഹെക്ടർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7. | സെന്റ് മേരിസ് ഹൈസ്കൂൾ ചൊവ്വന്നൂർ | 3.10 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |



# ആരോഗ്യം

പരമ്പരാഗത നാട്ടുവൈദ്യ ചികിത്സാ രീതിയ്ക്ക് വളരെയേറെ പ്രാധാന്യമുള്ള ഒരു പഞ്ചായത്താണ് ചൊവ്വന്നൂർ തലമുറകളിലൂടെ കൈമാറിവന്ന് പ്രചുര പ്രചാരം നേടിയ ഈ ചികിത്സാ രംഗം ഒട്ടേറെ പ്രഗത്ഭമതികൾക്ക് ജന്മം നൽകി എന്ന വസ്തുതയാകാം ഇതിന്റെ സാധാരണത്വത്തിന് ഹേതുവായത്. ഇന്നും ഈ മേഖലയുടെ സാന്നിദ്ധ്യം ഉണ്ടെങ്കിലും ആധുനിക ചികിത്സ രീതികളുടെ വ്യാപനവുംലഭ്യതയും ആരോഗ്യസേവന രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴിവെച്ചു. ഈ മാറ്റം പഞ്ചായത്തിനകത്ത് ആരോഗ്യ രംഗത്ത് വളരെ പ്രകടിതമായി അനുഭവപ്പെടുകയും ചെയ്യുന്നു. മലമ്പനി, വസൂരി, കോളറ തുടങ്ങിയ സാംക്രമിക രോഗങ്ങളുടെ ഉന്മൂലനം ഈ മേഖലയിലെ പുരോഗതിയുടെ പ്രതിഫലനമായി കാണാവുന്നതാണ്.

പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും മൂന്ന് ഉപകേന്ദ്രങ്ങളും ഒരു ആയുർവേദ ഡിസ്പൻസറിയും പ്രവർത്തിച്ചുവരുന്നു. ആധുനിക സൗകര്യങ്ങളോട് കൂടിയ രണ്ട് സ്വകാര്യ ആശുപത്രികളും ഒരു ഹോമിയോ ക്ലിനിക്കും പ്രവർത്തിയ്ക്കുന്നുണ്ട്. ഇതിന് പുറമേ ആയുർവേദ ചിക്ത്സാരംഗത്ത് പാരമ്പര്യ വൈദ്യന്മാരുടെയും സേവനം ലഭ്യമാണ്.

വാർഡ് 10ൽ ആനായ്ക്കൽ പ്രദേശത്ത് 7-2-1996 ന് പ്രവർത്തനം ആരംഭിച്ച പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ഥിരമായ ഒരു ഡോക്ടറുടെ സേവനം ലഭ്യമാകുന്നുണ്ട്. ഒൻപത് മാസ കാലയളവിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആകെ 3667 രോഗികളെ ചികിത്സിക്കുകയുണ്ടായി. ഇവരിൽ 28 പേർക്ക് വയറിളക്കവും 754 പേർക്ക് ശ്വാസകോശസംബന്ധമായ രോഗങ്ങളും 2885 പേർക്ക് പനി, ജലദോഷം, ദന്തരോഗം തുടങ്ങിയ രോഗങ്ങളുമാണ്.

## പഞ്ചായത്തിലെ ആരോഗ്യരംഗം-വാർഡ് തിരിച്ച സ്ഥിതിവിവരം

| വാർഡ് | സ്ഥാപനങ്ങൾ | | കണ്ടുവരുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| I | ഇല്ല | ഇല്ല | വയറിളക്കം മലമ്പനി,ക്ഷയം ടൈഫോയ്ഡ് | ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സേവനം ലഭ്യമാണ് | ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളോ കുടുംബക്ഷേമകേന്ദ്രമോ സ്ഥാപിക്കുക. ഈച്ച,കൊതുക്എന്നിവയെ നശിപ്പിക്കുവാൻ വേണ്ടനടപടികൾ എടുക്കുക. |
| II | ഇല്ല | ഇല്ല | വയറിളക്കം ചിക്കൻപോക്സ് | കുത്തിവെപ്പുകൾ നടത്തുന്നുണ്ട് | പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ എടുക്കുക |
| III | സബ് സെന്റർ ഉണ്ട് | അലോപ്പതി ആശുപത്രി1 ഹോമിയോ ആശുപത്രി1 | ചെങ്കണ്ണ് വയറിളക്കം | കുത്തിവെപ്പുകൾ നടത്തുന്നുണ്ട് | ഹെൽത്ത് സെന്ററിന് സ്വന്തമായകെട്ടിടം നിർമ്മിക്കണം. സ്വകാര്യആശുപത്രിയിൽനിന്നുള്ള അവശിഷ്ടങ്ങൾപരിസരംവൃത്തിഹീനമാക്കുന്നത് തടയണം. സബ്സെന്ററിലെ നഴ്സിന്റെ സേവനം ഉറപ്പുവരുത്തുക |
| Iv | ഇല്ല | ഇല്ല | വയറിളക്കം പനി | പൊതുധനകാര്യ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാണ് | ക്ലാസ്സുകൾ നടത്തുക, പകർച്ച വ്യാധികൾ തടയുന്നതിന് വേണ്ട നടപടികൾ എടുക്കുക |
| V | സബ് സെന്റർ ഉണ്ട് | ഇല്ല | വയറിളക്കം പനി | സബ്സെന്ററിൽ കുത്തിവെപ്പുകൾ നടത്തുന്നുണ്ട് | ഡോക്ടറുടെ സേവനം ലഭ്യമാക്കുക സൗജന്യമായി ലഭിച്ച സ്ഥലത്ത് സബ്സെന്ററിന് സ്വന്തമായ കെട്ടിടം പണിയാനുള്ള നടപടിയെടുക്കുക |
| VI | ആയുർവ്വേദ ഡിസ്പെൻസറി ഉണ്ട് | - | വയറിളക്കം പനി | താൽകാലിക കെട്ടിടത്തിൽ പ്രവർത്തനം നടക്കുന്നു. | ഉയർന്ന കെട്ടിടം പുതുക്കിപ്പണിയുക ഡിസ്പെൻസറി ആശുപത്രിയാക്കി മാറ്റുക അലോപ്പതി ഡിസ്പെൻസറി ആരംഭിക്കുക. |
| VII | സബ് സെന്റർ ഉണ്ട് | - | വയറിളക്കം ചിക്കൻ പോക്സ് | നഴ്സിന്റെ സേവനം ലഭ്യമാണ് കുത്തിവെപ്പുകൾ നടത്താറുണ്ട് | സബ് സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. |

| വാർഡ് | സ്ഥാപനങ്ങൾ | | കണ്ടുവരുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനം | സ്വകാര്യ സ്ഥാപനം | | | |
| VIII | ഇല്ല | ഇല്ല | പനി, വയറിളക്കം | രണ്ട് സ്വകാര്യ ആശുപത്രികളിലെ സേവനം ലഭ്യമാണ് | പകർച്ചവ്യാധികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക വീടുകളിൽ നിന്നും മലിനജലം പുറത്തേക്ക് വിടുന്നത് തടയുക |
| IX | സബ് സെന്റർ ഇല്ല | സ്വകാര്യ ആശുപത്രി | വയറിളക്കം ദന്ത രോഗങ്ങൾ | സ്വകാര്യ ആശുപത്രിയിലെ സേവനം ലഭ്യമാണ് | സബ്സെന്ററർ പ്രവർത്തിക്കുന്നില്ല ആരോഗ്യക്ലാസ്സുകൾ നടത്തുക. ഈച്ച കൊതുക് എന്നിവയെ നശിപ്പിക്കാനുള്ള നടപടി കൈക്കൊള്ളുക |
| X | പ്രൈമറി ഹെൽത്ത് സെന്റർ | ഇല്ല | വയറിളക്കം പനി | സ്ഥിരമായ ഡോക്ടറുടെ സേവനം ലഭ്യമാണ് കുത്തിവെപ്പുകൾ നടത്തുന്നു. ആരോഗ്യ ക്ലാസ്സുകൾ നടത്താറില്ല | രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. സ്വന്തമായ കെട്ടിടം നിർമ്മിക്കുക. ആരോഗ്യക്ലാസ്സുകൾ നടത്തുക. |
| XI | ഇല്ല | ഇല്ല | വയറിളക്കം ചിക്കൻ പോക്സ് പനി | P.H.C. യിലെ ഡോക്ടറുടെ സേവനം ലഭ്യമാണ്. കുത്തിവെപ്പുകൾ നടത്താറുണ്ട് | ഹെൽത്ത് സെന്റർ നിർമ്മിക്കുന്നതിന് സൗജന്യമായി ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുക. |

### പ്രായാടിസ്ഥാനത്തിൽ

| സ്ത്രീയുടെ പ്രായക്രമം | എണ്ണം |
|---|---|
| 15 മുതൽ 19 | 96 |
| 20 - 24 | 541 |
| 25 - 29 | 649 |
| 30 - 34 | 549 |
| 35 - 39 | 420 |
| 40 - 44 | 97 |
| ആകെ | 2352 |

### അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| കുട്ടികളുടെ എണ്ണം | എണ്ണം |
|---|---|
| 1വയസ്സിനു താഴെ | 156 |
| 1 | 303 |
| 2 | 707 |
| 3 | 538 |
| 4 | 390 |
| 5 നു മുകളിൽ | 258 |
| ആകെ | 2352 |

| രോഗങ്ങൾ | | എണ്ണം |
|---|---|---|
| ജലജന്യരോഗങ്ങൾ | | 223 |
| വായുജന്യരോഗങ്ങൾ | | 27 |
| പ്രാണിജന്യരോഗങ്ങൾ: | | |
| മലേറിയ | 1994 | 12 |
| | 1995 | 10 |
| | 1996 | 13 |

### കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം |
|---|---|
| 1 | 164 |
| 2 | 278 |
| 2 ന് മുകളിൽ | 1152 |

### കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

| മാർഗ്ഗം | എണ്ണം |
|---|---|
| സ്ഥിരമാർഗ്ഗം | 1370 |
| താൽകാലിക മാർഗ്ഗം | 224 |
| ആകെ | 1594 |

ഇപ്പോൾ സൗകര്യപ്രദമല്ലാത്ത വാടക കെട്ടിടത്തിലാണ് പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത്. അതിനാൽ ജീവനക്കാർക്കും രോഗികൾക്കും ഒരുപോലെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. പരിഹരിക്കുന്നതിനുവേണ്ടി 11-ാം വാർഡിൽ ശ്രീ. ചീരോത്ത് മുത്തുലക്ഷ്മി അമ്മ പോർക്കളങ്ങാട് സൗജന്യമായി നൽകിയ 50 സെന്റ് ഭൂമിയിൽ സ്ഥിരമായ കെട്ടിടം നിർമ്മിയ്ക്കുന്നതിനുവേണ്ട നടപടി കൈക്കൊണ്ടുവരുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ആരോഗ്യ സംരക്ഷണ ബോധവൽക്കരണം നടത്തുകയും ഉദ്യോഗസ്ഥരുടെ ഫീൽഡ്‌വിസിറ്റ് ഊർജിതപ്പെടുത്തുകയും ചെയ്താൽ ഹെൽത്ത് സെന്ററിന്റെ പ്രവർത്തനത്തിൽ കൂടുതൽ നേട്ടം കൈവരിയ്ക്കാൻ കഴിയുന്നതാണ്. III, V, VII വാർഡുകളിലെ സബ്സെന്ററുകളിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്.

ത്വക്‌രോഗ ചികിൽസാരംഗത്ത് അഭൂതപൂർവ്വമായ നേട്ടമാണ് പഞ്ചായത്തിൽ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ 1960 മുതൽ ഈ രംഗത്ത് കുഷ്ഠരോഗ നിവാരണ പ്രവർത്തനം നടത്തിവരുന്നു. ഈ ചികിത്സാരംഗത്ത് ഫലപ്രദമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് 1990 ഒക്ടോബർ മുതൽ നടപ്പിലാക്കിയ എം.ഡി.റ്റി. ചികിത്സാ രീതിയോടെയാണ്. 1990 മുതൽ 96 വരെയുള്ള കാലയളവിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് 57 രോഗികളെ എം.ഡി.റ്റി. ചികിൽസയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഇവരിൽ 54 പേർ രോഗവിമുക്തരായവരാണ്. ചികിത്സ തുടരുന്ന 3 പേരെ രോഗവിമുക്തരാക്കാൻ കഴിയുമെന്ന് വിദഗ്ദ്ധർ ഉറപ്പു നൽകുന്നു. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും 1996-97 വർഷത്തിൽ ത്വക് രോഗ പരിശോധന നടത്തിയിട്ടുണ്ട്. എന്നാൽ പ്രാരംഭലക്ഷണമുള്ളവരായി ആരെയും കണ്ടെത്തിയിട്ടില്ല.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ആരോഗ്യ ക്ലാസ്സുകളും, ചികിത്സാ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. പഞ്ചായത്തിന്റെ നിലവിലുള്ള ഒഴിവിലേക്ക് പുതിയ ഒരാളെ നിയമിച്ചുകൊണ്ട് സബ്സെന്ററുകൾ പ്രവർത്തനയോഗ്യമാക്കണം. സബ്സെന്ററുകൾക്ക് സ്വന്തമായ കെട്ടിടമില്ല എന്നതാണ് ഒരു പോരായ്മ. V-ാം വാർഡിൽ സബ്സെന്ററിനു വേണ്ടി സൗജന്യമായി ലഭിച്ച ഭൂമിയിൽ കെട്ടിടം പണിയുകയും മറ്റു സബ്സെന്ററുകൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ കൈകൊള്ളേണ്ടതുണ്ട്.

വാർഡ് VI ലെ പഴുന്നാന പ്രദേശത്ത്, പ്രവർത്തനമാരംഭിച്ച ആയുർവേദ ഡിസ്പെൻസറി, സ്വന്തമായ സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചുവരുകയായിരുന്നു. എന്നാൽ കെട്ടിടത്തിന്റെ സുരക്ഷിതത്വം സംബന്ധിച്ച് പ്രശ്നങ്ങളാൽ ഡിസ്പൻസറി അടുത്തുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരികയാണ്. നാല് ജീവനക്കാർക്കുള്ള ഈ ഡിസ്പൻസറിയിൽ ആവശ്യാനുസരണമുള്ള മരുന്നുകൾ ലഭ്യമല്ല. ഈ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തിയാൽ ആരോഗ്യരംഗത്ത് പുരോഗതി കൈവരിക്കാവുന്നതാണ്.

പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ഥിര

മായ ഡോക്ടറുടെ സേവനം ലഭ്യമാണ് എങ്കിലും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സൗകര്യപ്രദമല്ലാത്ത കെട്ടിടമായതിനാൽ ജീവനക്കാർക്കും രോഗികൾക്കും ഒരു പോലെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ഇത്രയേറെ രോഗികൾ ചികിത്സക്കായി ആശ്രയിക്കുന്ന ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ, രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ സൗകര്യമില്ല. ആയത് പരിഹരിക്കുന്നതിനുവേണ്ടി XI-ാം വാർഡിൽ ശ്രീ. ചീരോത്ത് മുത്തുലക്ഷ്മി അമ്മ, പോർക്കളെങ്ങാട് സൗജന്യമായി നൽകിയ 50 സെന്റ് ഭൂമിയിൽ സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടി കൈകൊണ്ട് വരുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ആരോഗ്യ സംരക്ഷണ ബോധവൽക്കരണം നടത്തുകയും ഉദ്യോഗസ്ഥരുടെ "ഫീൽഡ് വിസിറ്റ്" ഊർജ്ജിതപ്പെടുത്തുകയും ചെയ്താൽ ഹെൽത്ത് സെന്ററിന്റെ പ്രവർത്തനത്തിൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിയുന്നതാണ്. III, V, VII വാർഡുകളിലെ സബ്സെന്ററുകളിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്.

ആശുപത്രികൾ ഹോട്ടലുകൾ വീടുകൾ എന്നിവയിൽ നിന്ന് ഒഴുകുന്ന മലിനജലം പരിസരവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും റോഡ് വക്കിൽ നടത്തുന്ന ഇറച്ചി കച്ചവടം പരിസര ശുചിത്വത്തിന് ഹാനികരമാകുന്നു.

പഞ്ചായത്തിന്റെ പൊതുമാർക്കറ്റിനായുള്ള സ്ഥലം പ്രയോജനപ്പെടുത്തിയാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കാവുന്നതാണ്.

പരിസരശുചിത്വം

നഗരവൽകരണം ഏറെ ബാധിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ഒറ്റപ്പെട്ട ഭാഗങ്ങളിൽ മാത്രമേ പരിസര മലിനീകരണം കണ്ടുവരുന്നുള്ളൂ. ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നു.

പൊതുജനാരോഗ്യം

കക്കൂസ്

പഞ്ചായത്തിലെ ആകെ വീടുകളുടെ 22% വീടുകൾക്ക് സ്വന്തമായി കക്കൂസ് ഇല്ല. സാമ്പത്തികമായ പിന്നോക്കാവസ്ഥയാണ് ഇതിന് കാരണമായി ചൂണ്ടികാണിക്കാൻ കഴിയുന്നത്. ഇക്കാരണത്താൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പകർച്ച വ്യാപികൾ കണ്ടുവരുന്നു.

ഗ്രാമസഭാചർച്ചകളുടെ അടിസ്ഥാനത്തിൽ കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസുകളില്ലാത്തതിന് കാരണം സാമ്പത്തിക പരാധീനത, സ്ഥലപരിമിതി, ആവശ്യകതയെ കുറിച്ചുള്ള അജ്ഞത എന്നിവയാണ്. ഇതിനുല്ല പരിഹാര മാർഗ്ഗം സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്താൽ പരിഹാരമുണ്ടാക്കുക എന്നതാണ്. കൂടാതെ കോളനികൾ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിപുലമാക്കുകയും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതള പാനീയശാലകൾ എന്നിവടങ്ങളിലെ ഭക്ഷണ സാധനങ്ങളുടെ വിൽപന ആരോഗ്യ

നിയന്ത്രണ നിയമങ്ങൾക്കു വിധേയമാക്കേണ്ട തും, ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിൽ വരു ത്തേണ്ടതും അത്യാവശ്യമാണ്.

പഞ്ചായത്തിന്റെ വ്യവസായ മേഖലകളി ലും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലും പൊതു ചവറ്റുകൊട്ടകൾ സ്ഥാപിക്കുകയും എല്ലാ ആഴ്ച കളിലും വൃത്തിയാക്കുകയും ചെയ്യാവുന്ന ഒരു സംവിധാനം പൊതുജന പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കേണ്ടതാണ്.

വർഷകാലങ്ങളിൽ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പകർച്ചവ്യാധികൾ പടർന്നുപിടി ക്കുക സാധാരണയാണ്. ഇതിനെതിരെ ക്ലോറി നേഷൻ, ഈച്ച, കൊതുക് നശീകരണം എന്നീ മാർഗ്ഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കാവുന്ന താണ്. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പു ചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ, അടു ക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കുന്ന തിലൂടെ ഗൃഹപരിസരം വൃത്തിയായിത്തീരുകയും വീടിനടുത്ത് മലിനജലം കെട്ടി നിൽക്കുന്നത് തടയുക, കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെ ണ്ണയൊഴിച്ച് അവയെ നശിപ്പിക്കുക. വീടുകളിൽ DDT തളിക്കുക. തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കൊതുകുനശീകരണം എളുപ്പമാണ്. ഈ പരി ഹാരമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ ആവശ്യമായ സ്ഥലങ്ങളിൽ നടത്തേണ്ടതാണ്.

പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കൾ ജന ങ്ങൾക്ക് ഭീക്ഷണി സൃഷ്ടിക്കുന്നു. ഇത് പരി ഹരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി ഏകോപിപ്പിച്ച് പ്രവർത്തനത്തിലൂടെ വളർത്തു നായ്ക്കൾക്ക് കുത്തിവെപ്പുകൾ നടത്തുകയും തുടർന്ന് പഞ്ചായത്ത് മുഖേന ലൈസൻസ് നൽകേണ്ടതുമാണ്. നിശ്ചിത സമയ പരിധി ക്കുള്ളിൽ ലൈസൻസ് എടുക്കാത്ത നായ്ക്കളെ കണ്ടെത്തി നശിപ്പിച്ചാൽ വിഷബാധയിൽ നിന്നും പൂർണ്ണമായും മുക്തി നേടാൻ കഴിയും.



# കുടിവെള്ളം

**കുടിവെള്ള** പ്രശ്നം രൂക്ഷമായ പഞ്ചായത്താണ് ചൊവ്വന്നൂർ. പുഴകളോ മറ്റ് ജലാശയങ്ങളോ പഞ്ചായത്തിൽ ഇല്ല. അതിനാൽ ലഭ്യതയിൽ പരിമിതമായ പ്രാദേശിക ജല സ്രോതകളുടെ ആശ്രയിക്കുകമാത്രമാണ് ഏകമാർഗ്ഗം.

കുടിവെള്ളത്തിനായുള്ള പഞ്ചായത്തിന്റെ മുറവിളിക്ക് ഇതുവരേയും പരിഹാരമായിട്ടില്ല. പാവർട്ടി ശുദ്ധജലവിതരണ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉണ്ടായിരുന്ന ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആ പദ്ധതി വഴി ശുദ്ധജലം കിട്ടാൻ എത്രകാലം വേണ്ടിവരും എന്ന് നിശ്ചയമില്ല.

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കിണറുകളെ ആശ്രയിച്ചാണ് കഴിയുന്നത്. പഞ്ചായത്തിൽ ആകെ 44 പൊതുകിണറുകളും 18 കുഴൽകിണറുകളും ഉണ്ട്. ഈ പൊതു കിണറുകളിൽ ഭൂരിഭാഗവും മാർച്ച്, ഏപ്രിൽ മാസങ്ങളോടെ വരണ്ടുപോകുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. ഹാന്റ് പമ്പ് ഉപയോഗിച്ച് വെള്ളം ലഭിക്കുന്ന കുഴൽ കിണർ കഴിഞ്ഞാൽ ചിലത് മാത്രമെ ജലവിതരണത്തിനായി പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളു. പഞ്ചായത്തിലെ മറ്റൊരു പ്രധാന ജല സ്രോതസ്സാണ് പൊതുകുളങ്ങൾ. പതിനൊന്നു വാർഡുകളിലായി 20 പൊതുകുളങ്ങൾ ഉണ്ട്. ഈ കുളങ്ങളിൽ കൂടുതലും 30 മുതൽ 100സെന്റ് വരെ വിസ്തൃതിയുള്ളവയാണ്. എന്നാൽ ഈ കുളങ്ങളെ ശരിയായ രീതിയിൽ വിനിയോഗിച്ചുകൊണ്ട് സമീപ സ്ഥലത്ത് ജലക്ഷാമം പരിഹരിക്കാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ കുടിനീർപ്രശ്നം പരിഹരിക്കാൻ പ്രാദേശികമായ ജലവിഭവങ്ങളെ ആസൂത്രിതമായ വിധം പ്രയോജനപ്പെടുത്തുകയേ കരണീയമായിട്ടുള്ളു.

പഞ്ചായത്തിൽ ഇത്രയും രൂക്ഷമായ രീതിയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ട സാഹചര്യത്തിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മുൻകാലങ്ങളിൽ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ കാർഷികമേഖല പുരോഗതി കൈവരിച്ചതോടുകൂടി ജലസേചന രംഗത്തെ പുതിയ സാദ്ധ്യതകൾ കർഷകർ ആശ്രയിച്ചു തുടങ്ങി. പഞ്ചായത്തിലെ പ്രധാന കൃഷികൾ തെങ്ങ്, കവുങ്ങ്, നെല്ല് എന്നിവയാണ്. നെല്ല്, തെങ്ങ് എന്നീ വിളകൾ കാലവർഷത്തെ മാത്രം ആശ്രയിച്ചാണ് കൃഷി

ചെയ്യുന്നത്. നാളികേരത്തിന് വിലയിടിയുകയും, നെൽകൃഷി ലാഭകരമല്ലാതായിത്തീരുകയും ചെയ്ത സാഹചര്യത്തിൽ കർഷകർ കവുങ്ങ് കൃഷിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയു ണ്ടായി. കവുങ്ങ് കൃഷി പ്രധാനമായും ജലസേ ചന സൗകര്യങ്ങളെ മാത്രം ആശ്രയിച്ചാണ് നട ക്കുന്നത്. ഈ സന്ദർഭത്തിൽ, ലാഭകരമായ രീതി യിൽ നടത്തിവരുന്ന കവുങ്ങ് കൃഷിയെ അഭി വൃദ്ധിപ്പെടുത്തുന്നതിനായി, കർഷകർ അവരുടെ കൃഷിയിടങ്ങളിലെ കിണറുകളിലെ ജലഭ്യത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളാരംഭിച്ചു. ഈ സാഹ ചര്യത്തിലാണ്, സ്വകാര്യ കുഴൽ കിണറുകൾ പ്രചാരത്തിൽ വരുന്നത്. ഓരോ കർഷകരും അവ രുടെ കൃഷിയിടങ്ങളിലെ കിണറുകളിൽ 100 മുതൽ 300 അടി വരെ താഴ്ചയുള്ള കുഴൽ കിണറുകൾ കുഴിച്ച്കൊണ്ട് ജല ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള ശ്രമങ്ങളാരംഭിക്കുകയും ചെയ്തു. പ്രാരംഭത്തിൽ, ഭീമമായ ചിലവിനെ അവഗണിച്ചുകൊണ്ട് പരീക്ഷണമായിതന്നെ കുഴൽകിണറുകൾ കുഴിച്ച കർഷകർക്ക് അവി ശ്വസനീയമാം വിധത്തിൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞതോടുകൂടി കർഷകർ മൽസര ബുദ്ധി യോടുകൂടിതന്നെ കുഴൽ കിണറുകൾ കുഴി ക്കുവാൻ ആരംഭിച്ചു തുടങ്ങി. ഇതിന്റെ ഫല മായി കുഴൽ കിണർ നിർമ്മാണ ചിലവ് കുത്തനെ താഴുകയും കൂടാതെ ഓരോ 50സെന്റ് കൃഷിയിടങ്ങളിലും ശരാശരി 150 അടി താഴ്ച യിൽ ഒരു കുഴൽ കിണർ എന്ന സ്ഥിതിവി ശേഷം സംജാതമാകുകയും ചെയ്തു. കുഴൽകി ണറുകളുടെ എണ്ണത്തിൽ വന്ന ഈ വർദ്ധന വ്, നാം പരമ്പരാഗതമായി ഉപയോഗിച്ചുവന്നി രുന്ന ജലസ്രോതസ്സുകളിലെ ജലഭ്യതയെ പ്രതി കൂലമായി ബാധിച്ചുവെന്ന് മാത്രമല്ല, നമ്മുടെ പഞ്ചായത്തിന്റെ സുപ്രധാന ഘടകമായ ഭൂഗർഭ ജലവിഭവശേഷി, ഏതാനും ചില പ്രദേശങ്ങ ളിൽ മാത്രമായി പരിമിതപ്പെടുകയും ചെയ്തു. തൽഫലമായി നാം രൂക്ഷമായ കുടിവെള്ള ക്ഷാമ ത്തിലേക്ക് വഴുതി വീഴുകയും ചെയ്തു.

## ശുദ്ധജല വിതരണ പദ്ധതികൾ

പഞ്ചായത്തിലെ III, VII, X എന്നി വാർഡു കളിലായി മൂന്ന് ശുദ്ധജല വിതരണ പദ്ധതി കൾ നിലവിലുണ്ട്. ഈ പദ്ധതികളിലായി 72 ടാപ്പുകൾ വഴി ശുദ്ധജല വിതരണം നടത്തു ന്നു. (ഇതിൽ VII-ാം വാർഡിലെ മൈക്രോ വാട്ടർ സപ്ലൈ സ്കീം ഡിസംബർ അവസാനം കമ്മീ ഷൻ ചെയ്യു.)

III വാർഡിലെ അടപ്പൂട്ടികുന്ന് ശുദ്ധജല സംഭരണിയിൽ 50,000 ലിറ്റർ ജലം സംഭരിക്കാ വുന്നതാണ്. ഇതിലേക്ക് IV-ാം വാർഡിൽ നിന്നുള്ള കുഴൽകിണറിൽ നിന്ന് ജലം പമ്പ് ചെയ്യുന്നു. 29 ടാപ്പുകൾ വഴി ജലവിതരണം നടത്തുകയും ചെയ്യുന്നു എന്നാൽ ആവശ്യമായ വെള്ളത്തിന്റെ അഭാവം ജനങ്ങളെ ദുരിതപൂർണ്ണ മാക്കുന്നു. KWA നിയന്ത്രണത്തിലുള്ള ഈ പദ്ധതി ആവശ്യമായ വിധം പ്രയോജനപ്പെടു ന്നില്ല. കുഴൽകിണറിലെ വെള്ളത്തിന്റെ അഭാ വം, വൈദ്യുതി പ്രശ്നങ്ങളും മറ്റ് സാങ്കേതിക

കാരണങ്ങളാലും ഈ പദ്ധതി ജനങ്ങളുടെ ആവശ്യത്തിനനുസൃതമായിട്ടില്ല.

ഭൂഗർഭ ജലവകുപ്പിന്റെ സഹായത്താൽ പൂർത്തീകരിച്ച മൈക്രോ വാട്ടർ സപ്ലെ സ്കീം അനുസരിച്ച് VII-ാം വാർഡിന്റെ മുഴുവൻ ഭാഗങ്ങളിലും ശുദ്ധജലം വിതരണം ചെയ്യാൻ കഴിയുന്നതാണ്. രാജീവ് നാഷണൽ ഡ്രിംങ്കിംഗ് വാട്ടർ മിഷൻ പദ്ധതിയുടെ ഭാഗമായും കുടിവെള്ളം ലഭ്യമാകും. കുഴൽ കിണറിൽ നിന്നുള്ള വെള്ളത്തെ ആശ്രയിച്ചുള്ള ജലവിതരണം നിശ്ചിത സമയങ്ങളിൽ പമ്പ് ചെയ്യാനാണ് കഴിയുക. കൂടുതൽ ജല സാധ്യതയുള്ള പ്രദേശത്ത് കുഴിക്കുന്ന കുഴൽ കിണറിൽ നിന്ന് വെള്ളം ജലസംഭരണിയിൽ എത്തിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്താലെ ഭാവിയിൽ ജലവിതരണം ഗുണകരമാകൂ.

X-ാം വാർഡിൽ പുതുശ്ശേരി കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കേച്ചേരിയിൽ നിന്ന് രാജീവ് നാഷണൽ ഡ്രിംങ്കിംഗ് വാട്ടർ മിഷ്യന്റെ സഹായത്താൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇതുവഴി പ്രസ്തുത കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടും.

1-ാം വാർഡിൽ ജന സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിനീർപദ്ധതി മാർച്ച് മാസത്തിന് മുൻമ്പ് നടപ്പിലാകും, കല്ലഴി കുന്നത്ത് നിന്നു കുഴൽകിണർ വഴി കുടിവെള്ളം വിതരണം ചെയ്യുകയാണിത്.

VIII-ാം വാർഡിൽ നിർദ്ധിഷ്ട കുഴൽകിണറിൽ നിന്ന് VIII-ാം വാർഡിലും III-ാം വാർഡിലെ ജലസംഭരണിയുടെ ശേഷി വർദ്ധിപ്പിച്ച് III-ാം വാർഡിലും IV, IX, II വാർഡിലെ ചില സ്ഥലങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് ശ്രമിച്ച് വരുകയാണ്.

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പ്രാദേശിക ജലസ്രോതസ്സ് ഉപയോഗപ്പെടുത്തണം. അതിൽ പ്രധാനപ്പെട്ടതാണ്. പഞ്ചായത്തിലെ പൊതുകുളങ്ങൾ.

| കുളത്തിന്റെപേര് | വാർഡ് | |
|---|---|---|
| കുട്ടംകുളം | I | 30 സെന്റ് |
| മീംഭികുളം | II | 25 സെന്റ് |
| അയിനികുളം | IV | 50 സെന്റ് |
| പുതുക്കുളം | V | 30 സെന്റ് |
| കാരകുളം | VI | 25 സെന്റ് |
| പറാകുളം | VII | 1ഏ |
| കൈകുളം | VII | 15 സെന്റ് |

ഈ പൊതുകുളങ്ങൾ ആഴം വർദ്ധിപ്പിച്ചുകൊണ്ട് സംരക്ഷിക്കപ്പെടുന്ന ഒരു പദ്ധതി പ്രകാരം, സമീപ പ്രദേശങ്ങളിലെ ജലലഭ്യത, കിണറുകളുടെ ജലശേഷി എന്നിവ വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

2. വാർഡ് XI ലെ ഇഞ്ചികുന്ന്, പ്രദേശത്ത് ജല ലഭ്യതയുള്ള സ്ഥാനം നിർണ്ണയിച്ചുകൊണ്ട് കുഴൽകിണർ കുഴിച്ച് കാണിയാച്ചാൽ ഒഴികെ X, XI വാർഡുകളിലെ എല്ലാ ഭാഗങ്ങളിലേക്കും ജലവിതരണം നടത്താനുള്ള ശ്രമങ്ങൾ ചെയ്തു വരുന്നു.

3. കേച്ചേരി കുമ്പഴ ജലവിതരണപദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ ദീർഘിപ്പിക്കുക വഴി V, VI വാർഡുകളിലെ ചെമ്മന്തട്ട പഴുന്നാന പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. V-ാം വാർഡിൽ പൂശപ്പിള്ളിയിൽനിലവിലുള്ള കുഴൽകിണറിൽ നിന്നും ജലം സംഭരിച്ച് ജലവിതരണം നടത്തി ഈ പ്രദേശങ്ങളിലെ കുടി വെള്ള പ്രശ്നം പരിഹരിക്കേണ്ടതാണ്. കൂടാതെ വാർഡ് V ലെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന ഭാഗങ്ങളിൽ ഹാന്റ്

പമ്പ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുഴൽ കിണർ കുഴിക്കേണ്ടതാണ്.

4. വാർഡ് IVൽ ജലസാദ്ധ്യതയുള്ള അമ്പല പരിസരത്ത് സർവ്വേ നടത്തി സ്ഥാനം നിർണ്ണയിച്ച് കുഴൽ കിണർ കുഴിച്ചാൽ സമീപ വാർഡായ VI ലേയ്ക്കും കൂടി ജലവിതരണം നടത്താൻ കഴിയുന്നതാണ്.

ഈ നാല് പദ്ധതികൾ കൂടാതെ ഇപ്പോഴുള്ള കിണറുകളുടെയും മറ്റു ജലസ്രോതസ്സുകളുടെയും ജലശേഷി നിലനിർത്തുന്നതിനായി മറ്റൊരു പദ്ധതി കൂടി പരിഗണനയിലുണ്ട്.

ഇത്തരത്തിൽ പ്രാരംഭം കുറിച്ച പദ്ധതികൾ പൂർത്തിയാക്കികൊണ്ട് പരിഗണനാർഹമായ പദ്ധതികൾ നടപ്പിൽ വരുത്തുകയും, നിലവിലുള്ള ജല സ്രോതസ്സുകൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ സമന്വയിപ്പിക്കുകയും ചെയ്താൽ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പൂർണ്ണമായും പരിഹരിക്കാവുന്നതും ഭാഗികമായി കാർഷിക അഭിവൃദ്ധിക്കും പ്രയോജനപ്പെടുത്താവുന്നതുമാണ്.

## കുടിവെള്ള പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

| വാർഡ് | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം |
|---|---|
| I | പ്രാരംഭം കുറിക്കപ്പെടുന്ന 1-ാം വാർഡ് പദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി മുഴുവൻ ഭാഗങ്ങളിലേക്കും ശുദ്ധജല വിതരണം നടത്താം. |
| II | അടുപ്പുട്ടി കുന്ന് ജലസംഭരണി മുഖേനയുള്ള പദ്ധതി പ്രകാരം വാർഡിന്റെ എല്ലാ ഭാഗങ്ങളിലേക്കും ശുദ്ധജല വിതരണം നടത്താവുന്നതാണ്. |
| III | പ്രാരംഭം കുറിക്കുന്ന 8-ാം വാർഡ് പദ്ധതി പ്രകാരം ടാപ്പുകളില്ലാത്ത അടുപ്പുട്ടികുന്നിന്റെ താഴ്ഭാഗങ്ങളിലേക്ക് ജല വിതരണം നടത്താം. |
| IV | അമ്പല പരിസരത്ത് സർവ്വേ നടത്തി കുഴൽകിണർ കുഴിച്ച് ജല വിതരണം നടത്തുക, 8-ാം വാർഡ് പദ്ധതി ചില ഭാഗങ്ങളിൽ ഉപയോഗപ്പെടുത്തുക. |
| V | കൂമ്പഴ ജലവിതരണ പദ്ധതി ദീർഘിപ്പിച്ചുകൊണ്ടും വാർഡ് 5,6 ഭാഗങ്ങളിൽ ജല വിതരണം നടത്താവുന്നതാണ്. |
| VII | വാർഡിൽ മുഴുവൻ ഭാഗങ്ങളിലും ശുദ്ധ ജല വിതരണം നടത്തുന്നുണ്ട്. |
| VIII | പ്രാരംഭ നടപടികൾ പൂർത്തിയാക്കിയ പദ്ധതി പ്രകാരം മുഴുവൻ ഭാഗങ്ങളിലും ശുദ്ധജല വിതരണം നടത്താൻ കഴിയുന്നതാണ്. |
| IX | ഇന്ദിരാനഗർ ഒഴിച്ചുള്ള ഭാഗങ്ങളിലേക്ക് 8-ാം വാർഡ് പദ്ധതിയിലൂടെയും ഇന്ദിരാ നഗർ ഭാഗത്തേക്ക് അടുപ്പുട്ടി ജലസംഭരണി മുഖേനയുള്ള പദ്ധതിയിലൂടെയും ജല വിതരണം നടത്താവുന്നതാണ്. |
| X | പുതുശ്ശേരി കോളനി ഒഴികെയുള്ള ഭാഗങ്ങളിലേക്ക് 11-ാം വാർഡിലെ ഇഞ്ചിക്കുന്ന് പദ്ധതിയുമായി ബന്ധപ്പെടുത്തികൊണ്ട് ജല വിതരണം നടത്താം. |
| XI | പരിഗണനയിലുള്ള ഇഞ്ചിക്കുന്ന് പദ്ധതി പ്രകാരം ജല വിതരണം നടത്തുന്നത് കൂടാതെ, കാണിയാംമ്പാൽ പ്രദേശത്ത് കുഴൽ കിണർ കുഴിച്ചും ജലവിതരണം നടത്താവുന്നതാണ്. |

## ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് ശുദ്ധജല വിതരണ സംവിധാനം

| വാർഡ് | പൊതു കുളം | പൊതു കിണർ | പൊതു കുഴൽകിണർ | ശുദ്ധജല വിതരണ പദ്ധതി |
|---|---|---|---|---|
| I. | 8 | 4 | 2 | മൈക്രോ വാട്ടർ പദ്ധതി പ്രാരംഭ ഘട്ടത്തിൽ |
| II. | 3 | 4 | 1 | |
| III | - | 4 | - | 29 ടാപ്പുകൾ ഉപയോഗിച്ച് ശുദ്ധജല വിതരണം നടത്തുന്നു. |
| IV | 2 | 1 | 1 | |
| V | 3 | 2 | 1 | |
| VI | 2 | 10 | 3 | |
| VII | 2 | 5 | 2 | മൈക്രോ വാട്ടർ പദ്ധതി പ്രകാരം 30 ടാപ്പുകളിൽ ശുദ്ധ ജലവിതരണം നടത്തുന്നു. |
| VIII | 1 | 2 | 2 | നിർദ്ദിഷ്ട സ്ഥലത്ത് കുഴൽ കിണർ കുഴിച്ച് ജല വിതരണം നടത്താനു ള്ള പദ്ധതി പ്രാരംഭ ഘട്ടത്തിൽ |
| IX | - | 1 | 1 | |
| X | 1 | 6 | 5 | പുതുശ്ശേരി കോളനി പ്രദേശത്ത് "രാജീവ് നാഷ്ണൽ ഡ്രിംങ്കിംഗ് വാട്ടർ മിഷൻ" പ്രകാരം ജലവിതരണം നടത്തുന്നു. |
| XI | - | 5 | - | |
| ആകെ | 22 | 44 | 18 | |

## പട്ടിക 4

| വാർഡ് നമ്പർ | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി | വാർഡ് നമ്പർ | ജനപങ്കാളിത്തത്തോടെ മിനി ജലസേചന പദ്ധതികൾ നടപ്പിലാക്കാവുന്ന കോളനികൾ |
|---|---|---|---|
| I | a) ചൊവ്വന്നൂർ പഞ്ചായത്ത് ഓഫീസിന് | X | കാണിപ്പയൂർ കോളനി |
| | b)സമീപമുള്ള കോളനി | | ആനായ്ക്കൽ |
| VI | a) പഴുനാന ഹരിജൻ കോളനി | | |
| | b) പഴുനാന തെക്കുമുറി കോളനി | | |
| X | a) കാണിപ്പയൂർ കോളനി ആനായ്ക്കൽ | | |
| VIII | a) കാണിപ്പയൂർ ലക്ഷംവീടിന് സമീപമുള്ള കോളനി | | |



# വ്യവസായം

പുരാതനകാലം മുതൽ തന്നെ വ്യാപാര സ്ഥാപനങ്ങളുടെ കേന്ദ്രവും നോട്ടുബുക്ക് നിർമ്മാണരംഗത്തെ ആസ്ഥാനവുമായ കുന്നംകുളത്തിന്റെ കിഴക്കേ അതിർത്തിയിൽ 18.39 ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചു കിടക്കുന്ന പഞ്ചായത്താണ് ചൊവ്വന്നൂർ. പഞ്ചായത്തിന്റെ വ്യാവസായമേഖലയുടെ 50% കുന്നംകുളത്തോടു ചേർന്നുകിടക്കുന്ന II-ാംവാർഡിലാണ്. I, III, V വാർഡുകളിലായി 35% വും മറ്റുവാർഡുകളിൽ 15% വും പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിൽ ആകെയുള്ള 176 വ്യവസായ യൂണിറ്റുകളിലും മറ്റുവിവിധ വ്യാവസായിക മേഖലകളിലുമായി 2573 പേർ ജോലിചെയ്യുന്നു ഇവരിൽ 571 പേർ സ്ത്രീകളും 2002 പേർ പുരുഷന്മാരുമാണ്. ഈ വ്യവസായ യൂണിറ്റുകളിൽ 112 എണ്ണം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നവയാണ്. കുന്നംകുളത്തെപോലെ ചൊവ്വന്നൂർ പഞ്ചായത്തിലെ വ്യവസായ മേഖലയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് നോട്ടുബക്ക് നിർമ്മാണരംഗമാണ്. 27 സൈന്റിങ്ങ് യൂണിറ്റുകളിലായി 171 തൊഴിലാളികൾ ജോലിചെയ്യുന്നു എന്നു മാത്രമല്ല, 150 ഓളം കുടുംബങ്ങൾ ഈ യൂണിറ്റുകളിൽ നിന്നും പുസ്തകം തുന്നുന്ന ജോലിയിൽ ഏർപ്പെടുകയും കൂടി ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ വ്യവസായ മേഖലയെ പ്രധാനമായും മൂന്നായി തരം തിരിക്കാം.

### 1. ചെറുകിട വ്യവസായ യൂണിറ്റുകൾ

ഈ മേഖലയിലെ 125 യൂണിറ്റുകളിൽ 550 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവരിൽ 21.25% സ്ത്രീകളാണ്. ഈ യൂണിറ്റുകളിൽ പ്രധാനമായും റൈസ് പൗണ്ടിങ്ങ് ഫ്ലവർമില്ലുകൾ, ലെയ്ത്ത് വെൽഡിങ്ങ് ഓട്ടോമോബൈൽ വർക്കുകൾ ഇരുമ്പ് മരം ഫർണിച്ചർ നിർമ്മാണയൂണിറ്റുകൾ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ സ്ഥാപനങ്ങൾ ഹോട്ടലുകൾ, ബേക്കറി ഉൽപ്പന്നങ്ങളുടെ നിർമമാണ യൂണിറ്റുകൾ തുടങ്ങിയവയാണ്. വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിക്കുന്ന 64 യൂണിറ്റുകളിലായി ആകെ 596.25 HP വൈദ്യുതി ഉപയോഗിക്കുന്നു. ഈ മേഖലയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഓട്ടോമോബൈൽ, വെൽഡിങ്ങ്, ലെയ്ത്ത് വർക്ക് ഷോപ്പുകളിലായി 209 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഈ രംഗങ്ങളിൽ സ്ത്രീ തൊഴിലാളികൾ ഒട്ടും തന്നെയില്ല എന്നത് എടുത്തുപറയാവുന്ന

വസ്തുതയാണ്. കുന്ദംകുളത്തെ വിപണന സാദ്ധ്യത മുന്നിൽ കണ്ടുകൊണ്ട് ഏറ്റവും പുരോഗതി കൈവരിക്കാവുന്ന മേഖലയാണ് ഹലുവ, ചിപ്സ് തുടങ്ങിയ ബേക്കറി ഉൽപന്നങ്ങളുടെ നിർമ്മാണരംഗം. ഈ രംഗത്ത് 50 തൊഴിലാളികൾ ജോലി ചെയ്യുന്നു. കാർഷിക മേഖലയിലെ ഉൽപന്നങ്ങളെ ആശ്രയിച്ചുള്ള 29 റൈസ് ഫ്ലവർ പൗണ്ടിങ്ങ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

## 2. ഇടത്തരം വ്യവസായ യൂണിറ്റുകൾ

ഈ മേഖലയിലുള്ള 48 യൂണിറ്റുകളിൽ 328 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇവരിൽ 51.5% സ്ത്രീകളാണ്. ഈ 48 യൂണിറ്റുകളിൽ ഉപയോഗിക്കുന്ന ആകെ വൈദ്യുതി 447HP ആകുന്നു. ധാരാളം കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗമായ ബുക്-ബൈന്റിങ്ങ് മേഖലയിലുള്ള 27 യൂണിറ്റുകളിൽ 171 തൊഴിലാളികൾ ജോലിചെയ്തുവരുന്നു. ഈ മേഖലയിലുള്ള മറ്റു യൂണിറ്റുകൾ പ്രിന്റിങ്ങ് പ്രസ്, അലുമീനിയ പാത്രനിർമ്മാണ യൂണിറ്റുകൾ, സോമിൽ, ഓയിൽ മിൽ, ടയർ റിസോളിങ്ങ്, കളിക്കോപ്പ് നിർമ്മാണയൂണിറ്റുകൾ തുടങ്ങിയവയാണ് ബുക്ക് ബൈന്റിങ്ങ് നിർമ്മാണരംഗത്ത് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് ജോലിചെയ്യുന്നു എന്നത് പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

## 3. മറ്റു തൊഴിൽ മേഖലകൾ

കളിയടക്ക, താളിപൊടി നിർമ്മാണ രംഗങ്ങളിലായി മൂന്ന് യൂണിറ്റുകളാണ് ഈ മേഖലയിലുള്ളത്. കൂടാതെ മറ്റുപ്രദേശങ്ങളിലെ വിവിധ വ്യവസായ സ്ഥാപനങ്ങളിലായി ഈ മേഖലയിൽ 1695 തൊഴിലാളികൾ ജോലിചെയ്യുന്നു. ഇവരിൽ 17% പേർ സ്ത്രീകളാണ്. ഈ മേഖലയിൽ ആശാരിമാർ, തട്ടാൻമാർ, തുന്നൽകാർ, വൈരക്കൽ, ബീഡിതെറുപ്പ്, തൊഴിലാളികൾ പീടിക തൊഴിലാളികൾ എന്നിവരാണുള്ളത്. ബീഡിതെറുപ്പ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 92% പേർ സ്ത്രീകളാണ്.

## പ്രശ്നങ്ങൾ

1. ഓട്ടോമോബൈൽ, ലെയ്ത്ത് വെൽഡിങ്ങ് വർക്ക്ഷോപ്പുകളിലെ മാലിന്യങ്ങൾ പരിസരമലിനീകരണത്തിന് കാരണമാക്കുന്നു.
2. ബുക്ക് ബൈന്റിംങ്ങ് വ്യവസായത്തിന്റെ പ്രധാന സീസൺ മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിലാണ് ഈ മാസങ്ങളിൽ കണ്ടുവരുന്ന അമിത വൈദ്യുതി നിയന്ത്രണം ഈ മേഖലയിലെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.
3. ബുക്ക് ബൈന്റിങ്ങ് യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നത് കുന്നംകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന "ബുക് ബൈൻഡിങ്ങ് അസോസിയേഷൻ" മുഖേനയാണ്. എന്നാൽ ആറ് മാസം ജോലിചെയ്യാനുള്ള അസംസ്കൃത വസ്തുക്കൾ മാത്രമേ ലഭിക്കുന്നുള്ളൂ. അതിനാൽ തൊഴിലാളികൾ തൊഴിൽ ഇല്ലാതെ കഴിയുന്നു.
4. IRDP വ്യവസായ സംരംഭകർക്ക് വായ്പ നൽകുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ട് എങ്കിലും പല ബാങ്കുകളും വായ്പ നൽകുവാൻ വിമുഖത പ്രകടിപ്പിക്കുന്നു.

5. വ്യവസായ യൂണിറ്റുകൾക്ക് വായ്പ ലഭിച്ച് യന്ത്രസാമഗ്രികൾ വാങ്ങിയതിനുശേഷം വൈദ്യുതി കണക്ഷൻ ലഭിക്കാത്ത നിരവധി സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. വായ്പ തിരിച്ചടക്കാൻ കഴിയാത്ത ഈ സംരംഭകർക്ക് വൈദ്യുതി ലഭിക്കുന്നതിനുവേണ്ട നടപടി ക്രമങ്ങൾ ലഘൂകരിക്കണം.

6. പഞ്ചായത്തിന്റെ വ്യാവസായിക മേഖലയിൽ വളരെ പ്രാധാന്യമുള്ള പുതുശ്ശേരി "ഫൈബർ സെന്റർ" (ഗ്രാമീണ വ്യവസായ സഹകരണ സംഘം) തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

## സാദ്ധ്യതകൾ

1. നെല്ല് മൊത്തമായി സംഭരിച്ച്കൊണ്ട് ആധുനിക രീതിയിൽ നെല്ല് കുത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതുമൂലം കർഷകർക്ക് നെല്ലിന് ഉയർന്ന വില ലഭിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കി തീർക്കുന്നതിനും കഴിയുന്നതാണ്.

2. കാർഷിക ഉൽപന്നങ്ങളായ കശുവണ്ടി, കൊപ്ര, അടക്ക എന്നിവ സംഭരിച്ചുകൊണ്ട് വിപണനം നടത്തുവാനുള്ള സൗകര്യം ലഭ്യമാക്കിയാൽ അത് കാർഷിക മേഖലയെ പുരോഗതിയിലേക്ക് നയിക്കുന്നതാണ്.

3. ഹോട്ടൽ, വർക്ഷോപ്പ്, കച്ചവടമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് കോഴിക്കോട് റോഡിൽ നിന്നും വടക്കാഞ്ചേരി റോഡിനെ ബന്ധിപ്പിച്ച് തൃശ്ശൂർ റോഡിലേക്ക് ഒരു "ബൈ-പാസ്" നിർമ്മിക്കുക. ഈ ബൈപാസ് പഞ്ചായത്തിലെ എട്ടു വാർഡുകൾക്ക് വ്യവസായി തൊഴിൽ മേഖലകളിൽ വികസന സാദ്ധ്യതയുള്ളതാണ്.

4. പഞ്ചായത്തിലെ ഇപ്പോഴുള്ള സൗകര്യപ്രദമല്ലാത്ത കളിസ്ഥലം ഉപയോഗിച്ച് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റാക്കി മാറ്റിയാൽ പരിശീലനം ലഭിച്ച തൊഴിൽ സംരംഭകർക്ക് ഗുണകരമാകും വിധം റോഡ്, വൈദ്യുതി സൗകര്യം തുടങ്ങിയവ ഇവിടെ ഇപ്പോൾ ലഭ്യമാണ്.

5. തൊഴിൽപരമായ വൈദഗ്ദ്യം ഉള്ള തൊഴിലാളികളുടെ, വിദഗ്ദ മാനേജ്മെന്റിന്റെ അഭാവവും സ്ഥാപനത്തിന്റെ പ്രവർത്തനരാഹിത്യത്തിന് കാരണമാകുന്നു. വിപണി സാദ്ധ്യതയുള്ള ചെറുകിടയൂണിറ്റുകൾ കൂടുതലായി പഞ്ചായത്തിൽ ഉണ്ടാകണം. വിപണി സാധ്യതകളുള്ള ചെറുകിടയൂണിറ്റുകൾ കൂടുതലായി പഞ്ചായത്തിൽ ഉണ്ടാകണം. ആവശ്യമായ സമയത്ത് വൈദ്യുതി ലഭിക്കാത്ത സാഹചര്യം തൊഴിൽ സംരംഭകരെ ബുദ്ധിമുട്ടിക്കുന്നു.

6. അഭ്യസ്ഥവിദ്യരായ സ്ത്രീകൾക്ക് തൊഴിൽ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതും കൂടുതൽ വിപണനസാദ്ധ്യതയുള്ളതുമായ കുടിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുക.

പഞ്ചായത്തിലെ അഭ്യസ്ഥവിദ്യരായവരുടെ അഭിരുചിക്ക് ഇണങ്ങിയ തൊഴിൽ സാധ്യതകൾ കണ്ടെത്തി പരിശീലനം നടത്തുന്നതിന് പഞ്ചായത്ത് തല രജിസ്ട്രേഷൻ നടത്തുക.

കുന്നംകുളത്ത് വിപണനം നടത്താവുന്ന മെഴുകുതിരി, ചന്ദനത്തിരി, അച്ചാർ, വിനാഗിരി, മിഠായി എന്നിവയുടെ നിർമ്മാണം കോഴിവളർത്തൽ, പന്നിവളർത്തൽ, കുറ്റിയും കൊളുത്തും നിർമ്മാണം, എന്നീ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുകയും തൊഴിൽ രഹിതർ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള പരിശീലനം നൽകുകയും ചെയ്താൽ പഞ്ചായത്തിന്റെ വ്യാവസായിക മേഖല അഭിവൃദ്ധിപ്പെടുന്നതാണ്. ഇതിനു വേണ്ടിയാ യിരിക്കട്ടെ നമ്മുടെശ്രമം.

# ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് - വ്യവസായം

| ക്രമ നമ്പർ | വ്യവസായ യൂണിറ്റുകൾ (ഇടത്തരം) | എണ്ണം | സ്ത്രീ തൊഴി ലാളികൾ | പുരുഷതൊഴി ലാളികൾ | ആകെ തൊഴി ലാളികൾ | ഉപയോഗി ക്കുന്ന വൈദ്യുതി |
|---|---|---|---|---|---|---|
| 1. | ബുക്ക് ബൈന്റിംഗ് | 27 | 111 | 60 | 171 | 29.5HP |
| 2. | പ്രിന്റിംഗ് പ്രസ്സ് | 4 | 20 | 13 | 33 | 138.0HP |
| 3. | സോമിൽ | 3 | - | 22 | 22 | 96.0HP |
| 4. | അലൂമിനിയ പാത്രനിർമ്മാണം | 2 | 13 | 12 | 25 | 20.0HP |
| 5. | ടയർ റീസോളിംഗ് | 4 | - | 19 | 19 | 53.0HP |
| 6. | പെയ്ന്റ് നിർമ്മാണം | 1 | 5 | 7 | 12 | 18.0HP |
| 7. | ഓയിൽമിൽ (കൊപ്ര) | 1 | - | 6 | 6 | 10.0HP |
| 8. | പ്ലാസ്റ്റിക്, കളിക്കോപ്പ് നിർമ്മാണം | 5 | 20 | 14 | 34 | 77.5HP |
| 9. | മോട്ടോർ നിർമ്മാണം | 1 | - | 6 | 6 | 5.0HP |
| | ആകെ | 48 | 169 | 328 | 447.0HP | |

| ക്രമ നമ്പർ | മറ്റു തൊഴിൽ മേഖലകൾ | എണ്ണം | സ്ത്രീ തൊഴിലാ ളികൾ | പുരുഷ തൊഴിലാ ളികൾ | ആകെ തൊഴിലാ ളികൾ |
|---|---|---|---|---|---|
| 1. | കളിയടക്ക നിർമ്മാണം | 2 | 2 | 2 | 4 |
| 2. | കുട്ടനെയ്ത്ത് | - | 7 | 10 | 17 |
| 3. | ഇരുമ്പ് പണി (കരുവാൻ) | - | - | 13 | 13 |
| 4. | പപ്പട നിർമ്മാണം | - | 12 | 10 | 22 |
| 5. | മദ്ദള നിർമ്മാണം | | | 4 | 4 |
| 6. | താളിപ്പൊടി നിർമ്മാണം | 1 | 2 | 2 | 4 |
| 7. | ചെമ്പു പണി | - | - | 8 | 8 |
| 8. | ബീഡി തൊഴിലാളികൾ | - | 60 | 5 | 65 |
| 9. | വൈരക്കല്ല് തൊഴിലാളികൾ | - | 25 | 50 | 75 |
| 10. | പീടിക തൊഴിലാളികൾ | - | 50 | 250 | 300 |
| 11. | കച്ചവടക്കാർ | - | - | 400 | 400 |
| 12. | മരപ്പണിക്കാർ (ആശാരിമാർ) | - | - | 203 | 205 |
| 13. | സ്വർണ്ണപ്പണിക്കാർ (തട്ടാൻ) | - | - | 77 | 77 |
| 14. | ഓട്ട് നിർമ്മാണം (മൂശാരി) | - | - | 8 | 8 |
| 15. | തയ്യൽക്കാർ | - | 22 | 132 | 154 |
| 16. | മറ്റ് തൊഴിലാളികൾ | - | 105 | 234 | 339 |

| ക്രമ നമ്പർ | ചെറുകിട വ്യവസായ യൂണിറ്റുകൾ | എണ്ണം | സ്ത്രീ തൊഴിലാളികൾ | പുരുഷ തൊഴിലാളികൾ | ആകെ തൊഴിലാളികൾ | ഉപയോഗിക്കുന്ന വൈദ്യുതി H.P |
|---|---|---|---|---|---|---|
| 1. | റൈസ്, ഫ്ലവർ & പൗണ്ടിംഗ് മിൽ | 29 | - | 33 | 33 | 335.5 |
| 2. | ലെയ്ത്ത്, വെൽഡിംഗ്, വർക്ക് ഷോപ്പ് | 14 | - | 61 | 61 | 139.75 |
| 3. | ഇരുമ്പ്, മരം ഫർണ്ണീച്ചർ വർക്സ് | 11 | 4 | 75 | 79 | 56.00 |
| 4. | ഓട്ടോമോബൈൽ വർക്ക്ഷോപ്പ് | 37 | - | 148 | 148 | - |
| 5. | ബേക്കറി, ഹൽവ, ചിപ്സ് നിർമ്മാണം | 6 | 26 | 24 | 50 | - |
| 6. | ഹോട്ടൽ | 6 | - | 50 | 50 | - |
| 7. | വിനാഗിരി നിർമ്മാണം | 2 | 7 | 3 | 10 | - |
| 8. | സോഡ നിർമ്മാണം | 3 | - | 3 | 3 | - |
| 9. | ഐസ് പ്ലാന്റ് | 2 | - | 5 | 5 | 25.00 |
| 10. | ഡി.ഡബ്ലിയു.സി.ആർ.എ | 4 | 40 | - | 40 | 10.00 |
| 11. | സർജിക്കൽ യൂണിറ്റ് | 1 | - | 4 | 4 | 15.0 |
| 12. | അപ്പോൾസ്റ്ററി വർക്സ് | 4 | - | 13 | 13 | - |
| 13. | സർവ്വീസ് സ്റ്റേഷൻ | 2 | - | 6 | 6 | 5.0 |
| 14. | സിനിമ തിയ്യറ്റർ | 1 | - | 5 | 5 | 10.00 |
| 15. | റെഡി മെയ്ഡ് യൂണിറ്റ് | 4 | 31 | - | 31 | - |
| 16. | ഔഷധ നിർമ്മാണം | 1 | 3 | 3 | 6 | - |
| 17. | ഖാദി യൂണിറ്റ് | 1 | 6 | - | 6 | - |
| **ആകെ** | | **128** | **117** | **433** | **550** | **596.25** |



# ഗതാഗതം

ചെവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ ഗതാഗതത്തിനായി റോഡുകൾ മാത്രമാണ് പ്രധാനമായിട്ടുള്ളത്. പഞ്ചായത്തിൽ വിവിധ വാർഡുകളെയും പ്രധാന കേന്ദ്രങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന റോഡുകൾ നിലവിലുണ്ട്. പഞ്ചായത്തിലെ മൊത്തം റോഡിന്റെ നീളം 138.15 KM ആണ്. ഇതിൽ 29.15 KM മാത്രമെ ടാർ ചെയ്തിട്ടുള്ളൂ. ബാക്കി വരുന്നതിൽ മണ്ണ് റോഡിന്റെ നീളം 104.6 KM ഉം മെറ്റൽ റോഡിന്റെ നീളം 4.4KMഉം ആണ്. സ്റ്റെയ്റ്റ് ഹൈവേയിൽപ്പെട്ട 3.8KMഉം PWD യിൽപ്പെട്ട 6KM റോഡും ഇതിൽ ഉൾപ്പെടുന്നു.

J.R.Y ഫണ്ടും അൺടൈഡ് ഫണ്ടും മറ്റ് ഗ്രാന്റുകളും ഉപയോഗിച്ചാണ് പഞ്ചായത്ത് റോഡുകൾ നിർമ്മിക്കുന്നതും സംരക്ഷിക്കുന്നതും. എന്നാൽ പൂർണ്ണമായി റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ സാധിക്കാറില്ല. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പഞ്ചായത്ത് വിവിധ റോഡുകൾക്കായി 9.38 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. വേണ്ടത്ര റോഡുകൾ ഉണ്ടെങ്കിലും റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ഭൂരിഭാഗം റോഡുകൾക്കും കാനകളോ, ഓവു ചാലുകളോ, വേണ്ടത്ര കൾവർട്ടുകളോ ഇല്ല.

പഞ്ചായത്തിലെ പ്രധാനപ്പെട്ട പല റോഡുകളും ടാർ ചെയ്യേണ്ടതുണ്ട്. ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ട പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് റോഡിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിത്തന്നെയായിരുന്നു.

## പഞ്ചായത്തിലെ ടാർചെയ്ത റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ. | വീതി(മീറ്റർ) |
|---|---|---|---|---|
| 1. | തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ | സ്റ്റേറ്റ് | 3.80 | 6 |
| | പുതുശ്ശേരി-കാണിപ്പയൂർ | ഹൈവേ | | |
| 2. | വടക്കാഞ്ചേരി-കുന്ദംകുളം റോഡിൽ | PWD | 4.00 | 3.8 |
| | മരത്തംകോട്- ഗുഡ്ഷെപ്പേർഡ് | | | |
| 3. | കാണിപ്പയൂർ-ഇരിങ്ങപ്പുറം റോഡ് | PWD | 2.00 | 3.3 |
| 4. | പഞ്ചായത്താഫീസ് റോഡ് | പഞ്ചായത്ത് | 1.00 | 7 |
| 5. | പാറേമ്പാടം-അകതിയൂർ റോഡ് | " | 1.50 | 7 |
| 6. | അയ്യപ്പത്ത് റോഡ് | " | 2.00 | 8 |
| 7. | പന്തല്ലൂർ റോഡ് | " | 1.25 | 4 |
| 8. | പുതുശ്ശേരി-പഴുനാന-മരത്തംകോട്റോഡ് | " | 6.00 | 8 |
| 10. | ബ്ലോക്കാഫീസ് റോഡ് | " | 3.00 | 8 |
| 11. | കാണിപ്പയൂർ-മുത്തങ്ങാട്ട്കുളം റോഡ് | " | 1.50 | 6 |
| 12. | ശ്രീകോവിൽ റോഡ്-കാണിപ്പയൂർ | " | 0.15 | 8 |
| 13. | കണ്ടിക്കുളം-ആനായ്ക്കൽ റോഡ് | " | 1.20 | 8 |
| 14. | കാണിപ്പയൂർഗാരേജി റോഡ് | " | 0.65 | 6 |
| 15. | അടുപ്പൂട്ടി St Jeorge പള്ളി റോഡ് | " | 0.40 | 6 |
| 16. | അടുപ്പൂട്ടി പള്ളി ത്രിവേണി സെന്റർ | " | 0.30 | 6 |
| | ആകെ | | 29.15km | |

സ്റ്റേറ്റ് റോഡ്, PWD റോഡ് എന്നിവയുടെ വീതി ടാർചെയ്ത ഭാഗത്തെ മാത്രം സൂചിപ്പിച്ചിരിക്കുന്നു. പഞ്ചായത്തുറോഡുകളുടെ മൊത്തം വീതിയാണ് കാണിച്ചിരിക്കുന്നത്.

ഈ പഞ്ചായത്തിൽ 5,6,7 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന പുതുശ്ശേരി,പഴുന്നാന,മരത്തംകോട് പഞ്ചായത്ത് റോഡിൽ മാത്രമെ നിലവിൽ ബസ്സ് സർവ്വീസുള്ളു. തൃശ്ശൂർ - കുറ്റിപ്പുറം റോഡിനേയും, കുന്ദംകുളം വടക്കാഞ്ചേരി റോഡിനേയും പരസ്പരം ബന്ധിപ്പിക്കുന്ന റോഡാണ്. 8 വർഷത്തോളമായി ഈ റോഡിന്റെ അറ്റകുറ്റപണികൾ കാര്യക്ഷമമായി നടത്തിയിട്ടില്ല. 2 ബസ്സുകൾ സർവ്വീസ് നടത്തിയരുന്നതിൽ ഒരെണ്ണം ഈയിടെയായി സർവ്വീസ് നിർത്തിയിരിക്കുകയാണ്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന PWD റോഡുകളിലൂടെയും ബസ്സ് സർവ്വീസ് ഉണ്ട്.

ജനങ്ങളുടെ പ്രധാന കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്ന ഈ പഞ്ചായത്തിലെ ബ്ലോക്കാഫീസും, സർവ്വീസ് സഹകരണ ബാങ്കും സ്ഥിതിചെയ്യുന്ന റോഡിലൂടെയും, പഞ്ചായത്താഫീസ് റോഡിലൂടേയും മലങ്കര ആശുപത്രി വഴിയും ബസ്സ് സർവ്വീസ് ഇല്ലാത്തത് വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

പഞ്ചായത്തിൽ വേണ്ടത്ര ബസ്ഷെൽട്ടറുകൾ നിലവിലില്ല. ഉള്ളതിൽ അപൂർവ്വം ചില ബസ്ഷെൽട്ടറിൽ അവ ദുരുപയോഗം ചെയ്യുന്ന അവസ്ഥ നിലവിലുണ്ട്.

റോഡുകൾ മോശമായതിനാൽ യാത്രക്കാരിൽ നിന്നും ഓട്ടോചാർജ്ജ് കൂടുതലായി ഈടാക്കുന്നുണ്ട്. പഞ്ചായത്തിൽ ചൊവ്വന്നൂർ ബസ്സ്റ്റോപ്പ് കേന്ദ്രീകരിച്ചും, പഴുനാന L.P. School പരിസരം കേന്ദ്രീകരിച്ചും, മലങ്കര ആസ്പത്രി പരിസരത്തുമാണ് ഓട്ടോറിക്ഷാപാർക്കിംഗ് ഉള്ളത്.

ചരക്ക് ഗതാഗതത്തിന് കാളവണ്ടികൾ ഉപയോഗിക്കുന്നതിന് പകരം ലോറികളും, പിക് അപ് വാനുകളും ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്.

റോഡരികിൽ ഉള്ള നെൽപ്പാടങ്ങൾ മണ്ണിട്ടുനികത്തുന്ന അവസരത്തിൽ നിലവിലുള്ള കാനകൾ കൂടി മണ്ണിട്ടുമൂടുന്നതിനാൽ വെള്ളം ഒഴിഞ്ഞുപോകാതെ റോഡിൽതന്നെ നിൽക്കുന്ന അവസ്ഥ റോഡുകൾ കേടുവരുന്നതിന് കാരണമാകുന്നു.

ഫാം റോഡുകളിൽ പലതിന്റെയും പാർശ്വവശങ്ങൾ സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയതിനാൽ കൃഷിയാവശ്യത്തിന് ട്രാക്ടറുകളും മറ്റ് വാഹനങ്ങളും ഇറക്കുന്നതിനുള്ള സൗകര്യം നഷ്ടമായിട്ടുണ്ട്.

റോഡുകളിൽ കേടുപാടുകൾ സൃഷ്ടിക്കുന്നതിൽ ടെലിഫോൺ, വാട്ടർ സപ്ലൈ എന്നീ വകുപ്പുകൾക്കും ഒരു പ്രധാന പങ്കുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള പരസ്പര ധാരണക്കുറവുമൂലം പലപ്പോഴും റോഡുകൾ അറ്റകുറ്റപണികൾ നടന്നുകഴിഞ്ഞ ഘട്ടത്തിലായിരിക്കും കേബിൾ ഇടുന്നതിനു വേണ്ടിയോ, പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയോ റോഡരുകിൽ ട്രഞ്ച് കുഴിക്കുന്നത്. ചില സ്ഥലങ്ങളിൽ റോഡിന് കുറുകെയും ട്രഞ്ച് എടുക്കേണ്ടതായി വരുന്നു. എന്നാൽ പ്രസ്തുത പണികൾ പൂർത്തീകരിക്കുന്ന ഘട്ടത്തിൽ റോഡിന്റെ പൂർവ്വ സ്ഥിതി പുനഃ സ്ഥാപിക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി

കാണിക്കാറില്ല. പഞ്ചായത്ത് റോഡുകളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോൾ പഞ്ചായത്തിനെ അറിയിക്കാറുമില്ല.

കെട്ടിടനിർമ്മാണ ഘട്ടത്തിലും, മറ്റും വാഹനങ്ങൾ പറമ്പിൽ കടത്തുന്നതിനും വേണ്ടി കാനകൾ മണ്ണിട്ടുമൂടുന്ന പ്രവണതയുണ്ട്. എന്നാൽ വർഷക്കാലം തുടങ്ങുന്നതിനു മുമ്പായി കാനകളിലെ മണ്ണ് നീക്കി വെള്ളം ഒഴുകുന്നതിനുള്ള തടസ്സം നീക്കാറില്ല.

റോഡുകളിൽ വേണ്ടത്ര പാർശ്വ ഭിത്തികൾ ഇല്ലാത്തതും റോഡുകൾ കേടുവരുന്നതിന് ഇടയാക്കുന്നു.

റോഡിൽനിന്നും മൂന്ന് മീറ്റർ വിട്ട് മാത്രമെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്ന നിയമം നിലനിൽക്കുന്ന അവസരത്തിൽ പഞ്ചായത്ത് നോട്ടീസിലൂടെ നിർദ്ദേശിച്ചിട്ടുള്ള റോഡുകളിൽതന്നെ നിയമവിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇത് ഭാവിയിലെ റോഡ്‌വികസന സാദ്ധ്യതയെ തടസ്സപ്പെടുത്തുന്നതാണ്.

## സാധ്യതകൾ

1. സമയബന്ധിതമായി റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്തു തീർക്കുക.

2. എല്ലാ റോഡുകൾക്കും കാനകൾ നിർമ്മിക്കുക. കാനകൾ സംരക്ഷിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുക. കാനകൾ മൂടുന്ന വ്യക്തികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.

3. റോഡുകളുടെ വീതി വർദ്ധിപ്പിക്കുന്നതിന് തടസ്സമായിട്ടുള്ള പുറമ്പോക്ക് കയ്യേറ്റക്കാരിൽ നിന്നും അവ തിരിച്ചെടുത്ത് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.

4. പട്ടാമ്പി റോഡിൽ നിന്നും വടക്കാഞ്ചേരി റോഡിനെ ബന്ധിപ്പിച്ച് തൃശ്ശൂർ റോഡിലേക്ക് ഒരു ബൈപാസ് നിർമ്മിക്കുക.

5. വേണ്ടത്ര സൈഡ്കെട്ടുകൾ ഇല്ലാത്ത സ്ഥലത്ത് സൈഡ് കെട്ട് നടത്തി റോഡ് സംരക്ഷിക്കുക.

6. വിവിധ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഞ്ചായത്തിലെ പ്രധാന റോഡുകൾ ടാർചെയ്യുക.

7. രണ്ടും മൂന്നും മീറ്റർ മാത്രം വീതിയുള്ള മണ്ണ് റോഡുകൾ പൊതുജന പങ്കാളിത്തത്തോടെ വീതി കൂട്ടി ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക.

8. ബ്ലോക്ക് ആഫീസ് റോഡ്, പഞ്ചായത്താഫീസ് റോഡ്, മലങ്കര ഹോസ്പിറ്റൽ വഴി എന്നിവയിലൂടെ ബസ് സർവ്വീസ് നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

9. വിവിധ വകുപ്പുകൾ തമ്മിൽ പരസ്പര ധാരണയോടുകൂടി റോഡിൽ ട്രഞ്ച് കുഴിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. പഞ്ചാ യത്തു റോഡിൽ ട്രഞ്ചുകൾ എടുക്കുമ്പോൾ പഞ്ചായത്തിനെ അറിയി ക്കുകയും പണി പൂർത്തീകരിക്കുന്ന ഘട്ടത്തിൽ റോഡിന്റെ സ്ഥിതിയെക്കുറിച്ചുള്ള അഭിപ്രായം റിപ്പോർട്ട് ചെയ്യുന്നതിനുള്ള അവസരം പഞ്ചായത്തുകൾക്ക് നൽകുക.

10. ഫാം റോഡ് ചെന്നു ചേരുന്ന സ്ഥലം മണ്ണിട്ട് നികത്തുകയാണെങ്കിൽ തൊട്ടടുത്ത കൃഷിഭൂമിയുള്ള കർഷകർക്ക് വാഹന

സൗകര്യത്തിനുള്ള സ്ഥലം വിട്ടുകൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കിയതിനുശേഷമേ നിലം മണ്ണിട്ട് നികത്താൻ അനുവാദം കൊടുക്കാവൂ.

11. വികസന സാധ്യത മുന്നിൽ കണ്ടുകൊണ്ട് പഞ്ചായത്തിലെ നാലു മീറ്റർ എങ്കിലും വീതിയുള്ള റോഡുകളെ കൂടി, പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന അവസരത്തിൽ റോഡിൽ നിന്ന് 3 മീറ്റർ വിടണമെന്ന നിയമ പരിധിക്കുള്ളിൽ കൊണ്ടുവരികയും നിയമം കർശനമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യുക.

12. പാലക്കാട് വരെ ദേശീയ ഹൈവേയെ (NH47) തിരുവത്ര (ചാവക്കാട്) വഴി കടന്നുപോകുന്ന ദേശീയ ഹൈവേയുമായി ബന്ധപ്പെടുത്തുവാൻ മണ്ണുത്തി മുതൽ തൃശ്ശൂർ ഗുരുവായൂർ വരെ കടന്നുപോകുന്ന ലിങ്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ ലിങ്ക് റോഡിന് പാറേമ്പാടം റോഡിൽ നിന്ന് ആരംഭിക്കുന്ന, ചൊവ്വന്നൂർ വഴി വടക്കാഞ്ചേരി റോഡിൽ പ്രവേശിക്കുന്ന റോഡ് പന്തല്ലൂർ സാംസ്കാരിക നിലയത്തിനടുത്തു കൂടി ചൂണ്ടൽ സെന്ററിലേക്ക് ഒരു ബൈപാസ് നിർമ്മിക്കുകയാണെങ്കിൽ കുന്ദംകുളം പട്ടണത്തിലെ ഗതാഗത കുരുക്കിൽപ്പെടാതെ വളരെ കുറച്ചുദൂരം മാത്രം സഞ്ചരിച്ച്, കോഴിക്കോട് റോഡിലൂടെ വരുന്ന വാഹനങ്ങൾ സുഗമമായി കടന്നു പോകുവാൻ കഴിയും. ഈ റോഡ് ചൊവ്വന്നൂർ പഞ്ചായത്തിലെ മർമ്മ പ്രധാനമായ മേഖലകളെ സ്പർശിച്ചു കടന്നു പോകുന്നതിനാൽ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് സാധ്യതയുണ്ട്.

13. പുതുശ്ശേരി - മരത്തംകോട് റൂട്ടിൽ നിർത്തിവെച്ചിരിക്കുന്ന ബസ് സർവീസ് പുനരാരംഭിക്കുക.

14. മണ്ണ് റോഡുകളുടെ അറ്റകുറ്റപണികൾക്ക് ടെൻഡർവെച്ച് കോൺട്രാക്ടറെ ഏൽപ്പിക്കുന്നതിനു പകരം വാർഡു തല ജനകീയ കമ്മറ്റികൾ രൂപീകരിച്ച് അവരുടെ നേതൃത്വത്തിൽ പ്രസ്തുത പണികൾ നടത്തുക.

പഞ്ചായത്തിലെ എല്ലാം റോഡുകളും റിപ്പയർ ചെയ്യണമെന്നും സഞ്ചാര യോഗ്യമാക്കണമെന്നും ഗ്രാമസഭയിൽ നിർദ്ദേശങ്ങൾ ഉണ്ടായി. എന്നാൽ അടിയന്തര പ്രാധാന്യം കൊടുത്ത് നന്നാക്കേണ്ട റോഡുകളുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| വാർഡ് | | റോഡ് | ദൂരം മീറ്റർ | വീതി | മണ്ണ്/മെറ്റൽ |
|---|---|---|---|---|---|
| WARD I | 1. | പന്തല്ലൂർ ഒഴുക്കുപാറ റോഡ് | 975 | 6 | മണ്ണ് |
| | 2. | തന്ത്ര വിദ്യാപീഠംമുതൽ | | | |
| | | കല്ലഴി വിഷ്ണുക്ഷേത്രം | 750 | 4 | " |
| | 3. | ഋഷമണ്ണ ക്ഷേത്രം റോഡ്, അയ്യംപറമ്പ് | 900 | 4 | " |
| WARD II | 4. | ചൊവ്വന്നൂർ കുട്ടംകുളം റോഡ് അടിയിൽ വഴി | 700 | 4 | " |
| | 5. | കുരിശുപള്ളി-കുന്ദംകുളം റോഡ് | 1500 | 4 | " |
| | 6. | കോട്ടയിൽ റോഡ് | 400 | 4 | " |
| WARD III | 7. | പുത്തനങ്ങാടി റോഡ് | 300 | 4 | " |
| | 8. | സെന്റ് ജോർജ്ജ് റോഡ് | 1500 | 4 | " |
| | 9. | ആശ്രമം റോഡ് | 500 | 3 | " |
| WARD IV | 10. | കൊടുവായൂർ ശിവക്ഷേത്രം റോഡ് | 650 | 4 | " |
| | 11. | എളാട്ടുകുളം to പന്തല്ലൂർ റോഡ് | 1000 | 4 | " |
| | 12. | കണ്ടിരുത്തി വഴി | 500 | 4 | " |
| WARD V | 13. | കുമരംകുളങ്ങര ക്ഷേത്രം റോഡ് | 550 | 4.5 | " |
| | 14. | പൂശപ്പിള്ളി മദ്രസ്സ-വിഷ്ണുക്ഷേത്രം റോഡ് | 500 | 3.5 | " |
| | 15. | ചെമ്മന്തട്ട കരുവാൻ പടി റോഡ് | 550 | 3.5 | " |
| WARD VI | 16. | വെള്ളിത്തിരുത്തി മനപ്പടി വടക്കുമുറി | | | |
| | | പഴുനാന മസ്ജിദ് റോഡ് | 1250 | 6 | " |
| | 17. | പന്തല്ലൂർ റോഡ്-പഴുനാന മസ്ജിദ് റോഡ് | 1000 | 6 | " |
| | 18. | പഴുനാന സ്കൂൾ-കാണിപ്പയൂർ റോഡ് | 1250 | 8 | മെറ്റൽമണ്ണ് |

| വാർഡ് | | റോഡ് | ദൂരം മീറ്റർ | വീതി | മണ്ണ്/മെറ്റൽ |
|---|---|---|---|---|---|
| WARD VII | 19. | പുതുശ്ശേരി-അയ്യംകുളങ്ങര റോഡ് | 300 | 4 | മണ്ണ് |
| | 20. | പടിക്കത്താഴം റോഡ് | 100 | 3 | " |
| | 21. | ഗാന്ധിജി റോഡ് മുതൽ ചൂണ്ടൽ P.W.D റോഡ് | 200 | 4 | " |
| WARD VIII | 22. | ഫാം റോഡ് | 1000 | 2.5 | " |
| | 23. | കാണിപ്പയൂർ-മുത്തങ്ങാട്ടുകുളം-പഴുനാന റോഡ് | 800 | 8 | " |
| | 24. | കാണിപ്പയൂർ-കറുനെല്ലിപറമ്പ്-പുതുശ്ശേരി റോഡ് | 1800 | 6 | " |
| WARD IX | 25. | കാണിപ്പയൂർ അന്നംകുളങ്ങര അമ്പലം -ബ്ലോക്ക് റോഡ് | 500 | 4 | " |
| | 26. | കാണിപ്പയൂർ-കരുമത്തിൽ റോഡ് | 1000 | 3.5 | " |
| | 27. | പഞ്ചാംഗം പ്രസ്സ്-കാണിപ്പയൂർ പാടം റോഡ് | 500 | 3 | " |
| WARD X | 28. | കാണിപ്പയൂർ ഹരിജൻകോളനി റോഡ് | 200 | 5 | " |
| | 29. | കണിയാമ്പാൽ ഹരിജൻ കോളനി റോഡ് | 200 | 5 | " |
| | 30. | ആനായ്ക്കൽ ലക്ഷംവീട് കോളനി റോഡ് | 300 | 3.5 | " |
| WARD XI | 31. | ഇടക്കാട്ടിൽ കോളനി റോഡ് | 750 | 5 | " |
| | 32. | പനങ്ങാട്ട് റോഡ് | 750 | 5 | " |
| | 33. | ചിറക്കൽ റോഡ് | 1000 | 5 | " |



# ഊർജ്ജം

ചൊവ്വന്നൂർ പഞ്ചായത്തിലെ കാണിപ്പയ്യൂർ സ്ഥിതിചെയ്യുന്ന 66KV സബ്സ്റ്റേഷനിൽ നിന്ന്, കുന്ദംകുളം, കൂനംമൂച്ചി, പഴഞ്ഞി, കേച്ചേരി എന്നീ ഫീഡറുകൾ വഴിയാണ് വൈദ്യുതി ഈ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നത്. വിവിധ കപ്പാസിറ്റിയിലുള്ള 19 ട്രാൻസ്ഫോർമറുകൾ ഈ പഞ്ചായത്തിലുണ്ട്. ഗാർഹിക ആവശ്യങ്ങൾക്കായിട്ടാണ് കൂടുതലും വൈദ്യുതി ഉപയോഗിക്കുന്നത്. 72% വീടുകളും വൈദ്യുതീകരിച്ചതാണ്. വ്യാപാര ആവശ്യത്തിന് 168ഉം വ്യവസായിക ആവശ്യങ്ങൾക്കായി 104ഉം കാർഷികാവശ്യത്തിനായി 798 കണക്ഷനുമാണ് നിലവിലുള്ളത്.

**പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും ചുവടെ ചേർത്തിരിക്കുന്നു.**

| നമ്പർ | പേര് | കപ്പാസിറ്റി |
|---|---|---|
| 1. | പുതുശ്ശേരി (കോളനി) | 100 KVA |
| 2. | പുതുശ്ശേരി സ്കൂൾ | 100 KVA |
| 3. | പുതുശ്ശേരി No.II | 63 KVA |
| 4. | പഴുന്നാന No.I | 100 KVA |
| 5. | പഴുന്നാന No.II | 100 KVA |
| 6. | കുറുനെല്ലി പറമ്പ് | 63 KVA |
| 7. | വെള്ളിത്തിരുത്തി No.I | 100 KVA |
| 8. | വെള്ളിത്തിരുത്തി No.II | 100 KVA |
| 9. | പൂശപ്പിള്ളി | 100 KVA |
| 10. | ചൊവ്വന്നൂർ No.I | 160 KVA |

| നമ്പർ | പേര് | കപ്പാസിറ്റി |
|---|---|---|
| 11. | ചൊവ്വന്നൂർ No.II | 100 KVA |
| 12. | പന്തല്ലൂർ | 100 KVA |
| 13. | കല്ലഴികുന്ന് | 100 KVA |
| 14. | പയ്യൂർ No.I | 250 KVA |
| 15. | മാന്തോപ്പ് | 100 KVA |
| 16. | കാണിപ്പയ്യൂർ ഗ്രൗണ്ട് | 63 KVA |
| 17. | കാണിപ്പയ്യൂർ പള്ളി | 100 KVA |
| 18. | യൂണിറ്റി ഹോസ്പിറ്റൽ | 100 KVA |
| 19. | അയ്യപ്പത്ത് റോഡ് | 100 KVA |

വിവിധ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയുടെ പരിധിക്കപ്പുറമായി കണക്ഷനുകൾ നൽകിയിരിക്കുന്നതിനാൽ പഞ്ചായത്തിലെ പല ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ മെർക്കുറി വേപ്പർ ലൈറ്റുകളോ സോഡിയം വേപ്പർ ലൈറ്റുകളോ ഇല്ല. പഞ്ചായത്തിലെ പല പ്രധാന റോഡുകളിലും സ്ട്രീറ്റ് ലൈറ്റും ഇല്ല. ഉദാഹരണമായി ബസ്സ് സർവ്വീസ് നിലവിലുള്ള പുതുശ്ശേരി-മരത്തം കോട് റോഡിൽ, പഴുന്നാന മുതൽ മരത്തംകോട് വരെ 2 കി.മീറ്റർ ദൂരത്തിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ല. സ്ട്രീറ്റ് ലെറ്റ് ഉള്ള സ്ഥലങ്ങളിൽ പലതും ബൾബ് ഫ്യൂസായതിനെ തുടർന്ന് കത്തുന്നില്ല. ഇവയിൽ പലതും ഷെയ്ഡുകളോ, അനുബന്ധ ഉപകരണങ്ങളോ ഇല്ലാത്തവയാണ്. വോൾട്ടേജ് കുറവുള്ളതിനാൽ ഉള്ള ട്യൂബ് ലൈറ്റുകളിൽ പലതും കത്താറില്ല. സ്ട്രീറ്റ് ലൈറ്റിനു വേണ്ടി വെച്ചിട്ടുള്ള ഫ്യൂസ് കാരിയറുകൾ പലതും കേടുവന്നവയും അപകടം ക്ഷണിച്ചു വരുത്തുന്നവയുമാണ്.

പവർകട്ടും ലോഡ്ഷെഡിംങ്ങും ഉള്ള ഈ കാലഘട്ടിൽ പോലും തെരവുവിളക്കുകൾ പകൽ സമയത്തും കത്തുന്ന കാഴ്ചയും വിരളമല്ല.

ഉപഭോക്താക്കളെ സ്ലാബ് അടിസ്ഥാനത്തിൽ തിരിച്ചാണ് കറന്റ് ചാർജ് ഈടാക്കി വരുന്നത്. ആറുമാസത്തിലൊരിക്കൽ മീറ്റർ റീഡിംങ്ങ് എടുത്ത് അമിത ഉപയോഗത്തിനുള്ള

ചാർജ്ജും ഈടാക്കുന്നു. എന്നാൽ പലപ്പോഴും കൃത്യമായി ആറുമാസത്തിലൊരിക്കൽ മീറ്റർ റീഡിംങ്ങ് എടുക്കുന്ന പതിവില്ല. കൃത്യമായി റീഡിംങ്ങ് നടക്കാത്തതിനാൽ പല ഉപഭോക്താക്കൾക്കും അവർ ഉപയോഗിക്കാത്തെ കറന്റിനും പോലും പണം നൽകേണ്ടി വരുന്നുണ്ട്. മീറ്ററുകളിൽ പലതും കേടുവന്നവയാണെന്ന പരാതി നിലവിലുണ്ട്.

വീടുകൾക്ക് വൈദ്യുതി ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ കാണിക്കുന്ന കണക്റ്റിംങ്ങ് ലോഡിലും ഉപരിയായി വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളും ഉണ്ട്. അനധികൃതമായി സ്റ്റപ്പ് അപ്പ് ഉപയോഗിക്കുന്നവരുമുണ്ട്.

റോഡ് വീതി കൂട്ടുമ്പോൾ അതിനനുസൃതമായി ഇലക്ട്രിക്ക് പോസ്റ്റുകൾ പഴയ സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കാത്തതിനാൽ പല സ്ഥലങ്ങളിലും റോഡ് വീതി കൂട്ടിയതിന്റെ ഗുണഫലം ഗതാഗതത്തിന് ലഭ്യമല്ലാതായിട്ടുണ്ട്.

ഇനിയും വൈദ്യുതി എത്തിനോക്കാത്ത സ്ഥലങ്ങൾ പഞ്ചായത്തിലെ വിവിധ വാർഡുകളിലുണ്ട്. ഗാർഹിക ആവശ്യത്തിനും മറ്റും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ലഭ്യമായ കണക്കനുസരിച്ച് 8-3-1994നു ശേഷം ഓർഡിനറി കണക്ഷനു വേണ്ടി അപേക്ഷിച്ചവർ മുഴുവൻ കാത്തിരിപ്പിലാണ്. 15-4-1996നു ശേഷം OYEC യിൽ പണമടച്ചവർക്കും കണക്ഷൻ ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ എണ്ണം

| | |
|---|---|
| ഓർഡിനറി | 134 |
| OTP | 11 |
| OYEC | 63 |
| ആകെ | 208 |

വൃക്ഷത്തലപ്പുകൾ ലൈനിൽ തട്ടി ഫ്യൂസ് പോകുന്നതിനാൽ പലപ്പോഴും വൈദ്യുതി ലഭിക്കാതെ വരുന്നുണ്ട്. വൈദ്യുതി ലൈനുകളുടെ നീളത്തിനും കണക്റ്റിംഗ് ലോഡിനും അനുസൃതമായി വേണ്ടത്ര ട്രാൻസ്ഫോർമറുകൾ ഇല്ലാത്തതിനാൽ വോൾട്ടേജ് ക്ഷാമവും വൈദ്യുതി പ്രസരണ നഷ്ടവും ഉണ്ടാകുന്നു.

## വൈദ്യുതി എത്താത്ത പഞ്ചായത്തിലെ വിവധ മേഖലകൾ

**വാർഡ് 1.**

പഞ്ചായത്ത് ആഫീസിനു സമീപം

അയ്യംപറമ്പ് പള്ളിക്ക് സമീപം

അഗതിയൂർ മാഞ്ചേരി നരിമടക്കുന്ന് താഴം

**വാർഡ് 2**

കോലാടി മണ്ഡപത്തിനു പിൻവശം ചാണയിൽ കറപ്പൻ ലൈൻ

**വാർഡ് 3**

ബ്ലോക്കോഫീസ് റോഡു മുതൽ ശാന്തിനഗർ വരെയുള്ള റോഡ് (തത്തമ്മ പറമ്പ്)

ഐ.പി.സി. ഹാൾ റോഡ്

ബ്ലോക്കോഫീസ് റോഡിൽ നിന്നും കുന്നത്തേക്കുള്ള റോഡ്

അടുപ്പൂട്ടി പള്ളി റോഡിൽ നിന്ന് തരകൻ കുന്ന്

വരെ

**വാർഡ് 4**

കണ്ടിരുത്തി വഴിയുടെ കിഴക്കു വശം

പാറപ്പുറം വഴിയുടെ തെക്കു വശം

**വാർഡ് 5**

വെള്ളിതിരുത്തി, വിഷ്ണു ക്ഷേത്രം റോഡ്

ചർച്ച് ബാക്ക് റോഡ്

മിച്ചഭൂമി റോഡിൽ പടിഞ്ഞാറുഭാഗം

**വാർഡ് 6**

വടക്കുമുറി പള്ളി

ലക്ഷം വീട് കോളനി, പഴുന്നാന ഹരിജൻ കോളനി,

**വാർഡ് 7**

പുതുശ്ശേരി സെന്റ് മേരീസ് റോഡ് പുതുശ്ശേരി കോളനി

**വാർഡ് 8**

നെല്ലികുന്ന് പ്രദേശം, കാണിപ്പയ്യൂർ ലക്ഷം വീട് കോളനി

വാർഡ് 9

ഗാന്ധി നഗറിൽ കരുവാരക്കുണ്ട് പ്രദേശം, കാണിപ്പയൂർ ത്രിവേണി സെന്ററിനു സമീപം

വാർഡ് 10

കോതമംഗലം റോഡ്, നെടിയേടത്ത് റോഡ്- കാണിയാമ്പാൽ പരിസരം ഇഞ്ചിക്കുന്ന് - ഹെൽത്ത്സെന്റർ റോഡ് പരിസരം (മിച്ചഭൂമി)

## സാദ്ധ്യതകൾ

1. കണക്റ്റിംങ്ങ് ലോഡിനും ദൂരത്തിനുമനുസരിച്ച് ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുക.
2. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തിന് നൽകുക. പൊതുജന പങ്കാളിത്തത്തോടെ സ്ട്രീറ് ലൈറ്റിനു വേണ്ട അനുബന്ധ സാധനങ്ങൾ സംഘടിപ്പിക്കാൻ കഴിയുന്നതാണ്.
3. ഇനിയും വൈദ്യുതി എത്താത്ത സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുക.
4. സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി ഓൺ ചെയ്യുന്നതിനും ഓഫ് ചെയ്യുന്നതിനുമുള്ള സംവിധാനം കാര്യക്ഷമമാക്കുക.
5. ഗതാഗതത്തിന് തടസ്സമായിട്ടുള്ള ഇലക്ട്രിക്ക് പോസ്റ്റുകൾ ജന പങ്കാളിത്തത്തോടെ പുനഃസ്ഥാപിക്കുക.
6. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായി വരുന്ന ഇലക്ട്രിക് പോസ്റ്റുകൾക്കുവേണ്ടി ഉപഭോക്താവിൽ നിന്നും പണം ഈടാക്കുന്നതിനു പകരം പോസ്റ്റുകളുടെ ലഭ്യത ഉറപ്പാക്കുന്നതാണ്.
7. ലൈനുകൾ വലിച്ചു പോയിട്ടുള്ളതിലെ അപാകതകൾ പരിഹരിച്ചാൽ പല സ്ഥലങ്ങളിലും ലൈൻ ദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പ്രസരണ നഷ്ടം ഒഴിവാക്കാനും കഴിയും.
8. സമയാ സമയങ്ങളിൽ വൃക്ഷത്തലപ്പുകൾ വെട്ടിമാറ്റുന്നത് ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക.
9. മുഴുവൻ പട്ടിക ജാതി വീടുകളും വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
10. പഴുന്നാനയിലുള്ള ഉപഭോക്തക്കൾക്ക് കറന്റുബിൽ അടയ്ക്കുന്നതിന് 7 കി.മീ. അകലെയുള്ള കൂനംമൂച്ചി സെക്ഷൻ ആഫീസിലേക്ക് പോകേണ്ടതുണ്ട്. എന്നാൽ ഈ റൂട്ടിൽ നേരിട്ട് ബസ് സർവീസ് ഇല്ലാത്തതിനാൽ ബിൽ അടയ്ക്കുന്നതിന് വളരെ ബുദ്ധിമുട്ട്

നേരിടുന്നുണ്ട്. അതിനാൽ പഴുന്നാനയ്ക്കും പുതുശ്ശേരിക്കുമിടയിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു കളക്ഷൻ കൗണ്ടർ സ്ഥാപിക്കുക.

11. വയറിങ്ങ് നടത്തി അപേക്ഷ സമർപ്പിച്ച എല്ലാ വീടുകളിലും എത്രയും പെട്ടെന്ന് വൈദ്യുതി എത്തിക്കുക.

12. പൂശപ്പിള്ളി ശിവക്ഷേത്ര പറമ്പിലും മിച്ചഭൂമി പ്രദേശത്തുമുള്ള പോസ്റ്റുകൾ പനുഃക്രമീകരിച്ച് റോഡിലേക്ക് മാറ്റിയാൽ സ്ട്രീറ്റ് ലൈറ്റ് ഇടുന്നതിനും പുതിയ കണക്ഷനുകൾ നൽകുന്നതിനും കഴിയുന്നതാണ്. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും മറ്റുള്ള മനുഷ്യ പ്രയ്തനം നൽകുന്നതിന് ഗ്രാമവാസികൾ തയ്യാറായിട്ടുള്ളതിനാൽ വളരെ കുറഞ്ഞ ചെലവിൽ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

കുറുനെല്ലി പറമ്പ് റോഡിൽ, ഇപ്പോൾ പറമ്പിലുള്ള പോസ്റ്റുകൾ പുതിയതായി പണിയുന്ന റോഡിലേക്ക് മാറ്റി സ്ഥാപിക്കുക യാണെങ്കിൽ കണക്ഷൻ നൽകുന്നതിനും സ്ട്രീറ്റ് ലൈറ്റ് ഇടുന്നതിനും സൗകര്യമാണ്.

13. ഇലക്ട്രിസിറ്റി ജീവനക്കാരിൽ പലരുടേയും സാമൂഹ്യപ്രതിബദ്ധതക്കുറവും, അഴിമതിയും, ജോലിയിൽ കാണിക്കുന്ന നിരുത്തരവാദിത്വവും പല ഗ്രാമ സഭകളിലും ഉയർന്നു വന്നിട്ടുള്ള വിമർശനങ്ങളാണ്. ബോർഡിന്റെ പ്രവർത്ത നങ്ങൾ കുറേക്കൂടി സുതാര്യമാ ക്കുകയും ജനകീയ പരിശോധനക്ക് സാഹചര്യം സൃഷ്ടിക്കുന്ന വിധത്തിൽ ഗ്രാമ പഞ്ചായത്തു കൾക്ക് വൈദ്യുതി മേഖലയിലെ, പൊതു ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങളിൽ; (സ്ട്രീറ്റ് ലൈറ്റ്, കാർഷികവും ഗാർഹികവുമായ കണക്ഷനുകൾ നൽകൽ, ലൈനിലെ ചെറിയ തോതിലുള്ള അറ്റകുറ്റ പണികൾ നടത്തൽ) നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും നൽകുന്നതി നുള്ള അധികാരം ലഭ്യമാക്കുക.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് വിറകാണ് പ്രധാന ഇന്ധനമായി ഉപയോഗിക്കുന്നത്. ചെറിയ തോതിൽ മണ്ണെണ്ണയും ഉപയോഗിക്കുന്നുണ്ട്. വളരെ പരിമിതമായ തോതിൽ മാത്രമാണ് ഗ്യാസ് ഉപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. കാർഷിക ആവശ്യത്തിന് വൈദ്യുതിക്കു പുറമേ മണ്ണെണ്ണയും ഡീസലും ഉപയോഗിക്കുന്നുണ്ട്.

വിറകിന്റെ വില വർദ്ധനവും ലഭ്യതക്കുറവും പരിഹരിക്കുന്നതിന് വൃക്ഷങ്ങൾ നട്ടുപിടി പ്പിക്കുവാൻ ജനങ്ങളെ ബോധവൽക്കരിക്കുക. വിറകിന്റെ ലഭ്യതയും അതുവഴി പരിസ്ഥിതി സംരക്ഷണവും ഇതുമൂലം സാധ്യമാകുന്നതാണ്.

പുകയില്ലാത്തതും ദക്ഷതയുമുള്ള അടുപ്പുകളുടെ ഉപയോഗം പ്രചരിപ്പിക്കുകയും, അവയുടെ ലഭ്യതക്കുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. അനെർട്ട് പോലെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യാപകമാക്കുക.

ചൊവ്വന്നൂർ പഞ്ചായത്തിലും ഗ്യാസ് കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

പാചകത്തിന് മണ്ണെണ്ണ പെർമിറ്റ് ലഭിക്കു ന്നതിന് പല തവണ സപ്ലൈ ഓഫീസുമായി ബന്ധപ്പെടേണ്ടി വരുന്നു മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.

ക്ഷീര കാർഷക കുടുംബങ്ങൾക്ക് ഗോബർ ഗ്യാസ് ഉൽപാദനത്തിനുവേണ്ട പരിശീലനവും പ്രോത്സാഹനവും നൽകുക.

അനെർട്ടിന്റെ സഹായത്തോടെ കച്ചിപ്പെട്ടി നിർമ്മാണം പഞ്ചായത്തു തലത്തിൽ നടത്തുകയും അതിന്റെ ഉപയോഗത്തിന്റെ മേന്മയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്താൽ ഇന്ധനലാഭവും, കച്ചിപ്പെട്ടി നിർമാണത്തിലൂടെ തൊഴിലവസരവും ലഭ്യമാക്കാവുന്നതാണ്.



# പാർപ്പിടം

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 7069 കുടുംബങ്ങളിലായി 25456 ആളുകൾ വസിക്കുന്നു. 12069 പുരുഷൻമാരും 13427 സ്ത്രീകളുമാണ്. ഇവരാകട്ടെ ഓലമേഞ്ഞതും ഓടിട്ടതും ടെറസ് വീടുകളിലും കഴിയുന്നു. നേരിയ ശതമാനം ആളുകൾ ഇപ്പോഴും കുടിലുകളിൽ അഭയം തേടുന്നു. പൊതുവെ പഞ്ചായത്തിലെ പാർപ്പിട സൗകര്യങ്ങൾ തൃപ്തികരമാണ്. വീടുകളെ നാലായി തരം തിരിക്കാവുന്നതാണ്. കുടിൽ, ചെറിയ ഓടിട്ട വീടുകൾ ഇടത്തരം വീടുകൾ, ടെറസ് വീടുകൾ. സാധാരണക്കാരായവർ ഉഇപ്പോഴും തറ ചാണകം മെഴുകിയതും സാമ്പത്തികമായി ഉയർന്നവരാകട്ടെ തറയിൽ മാർബിളോ ഗ്രാനൈറ്റോ പതിച്ച് വരുന്നതായി കണ്ട് വരുന്നു. പരമ്പരാഗതമായ മാതൃകയിൽ വീടുകൾ പണിയുന്നവർ അപൂർവ്വമായിരിക്കുന്നു.

വീട് പണിക്കാവശ്യമായ സാധനസമഗ്രികളുടെ വിലവർദ്ധനവും കൂലികൂടുതലും പുതിയ വീട് പണിയാനുള്ള ഇടത്തട്ടുക്കാരുടേയും, പാവപ്പെട്ടവരുടേയും മോഹം വിഫലമാക്കുകായണ്. സാധാരണക്കാർ കൂടുതലും പഞ്ചായത്ത് ബ്ലോക്ക് ഭവന നിർമ്മാണബോർഡ് മറ്റ് സന്നദ്ധ ഏജൻസികൾ എന്നിവയുടെ സഹായത്താൽ വീട് പണിയുന്നുണ്ട്.

1995-96 വർഷത്തിൽ വിവിധ പദ്ധതികൾ വഴി വീട്ടിനായി ചിലവാക്കിയ തുക ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിൽ പുറമ്പോക്ക് ഭൂമികളിലും വാടക വീടുകളിലും താമസിക്കുന്നവർ പൊതുവെ കുറവാണ്. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും വൈദ്യുതികരിച്ചതാണ്. എന്നാൽ ഒറ്റപ്പെട്ട ചില വീടുകൾ വൈദ്യുതികരിക്കാനായി ഇപ്പോഴുമുണ്ട്. വൈദ്യുതിതീകരിച്ച വീടുകളിൽ 60% വോൾട്ടേജ് പ്രശ്നം നിലനിൽക്കുന്നു. രൂക്ഷമായ കുടിനീർ പ്രശ്നമുള്ള പഞ്ചായത്തിൽ പൊതുടാപ്പല്ലാതെ ആർക്കും തന്നെ പൈപ്പ് വഴി വെള്ളം ലഭിക്കുന്നില്ല.

ഈ വർഷത്തെ വികസനവാരത്തോടനുബന്ധിച്ച് ഭൂരഹിതരായവർക്ക് വീട് പണിയുന്നതിന് 52 പേർക്ക് 3 സെന്റ് സ്ഥലം പഞ്ചായത്ത് നൽകി. ഇവർക്ക് വീട് പണിയുന്നതിനുള്ള സഹായവും പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക

2. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ തുക വർദ്ധിപ്പിക്കുക.

3. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

4. നിർമ്മാണച്ചെലവ് 2ലക്ഷത്തിൽ കൂടുതൽ വരുന്ന വീടുകൾക്ക് കർശനമായ പരിധി ഏർപ്പെടുത്തുക.

5. സർക്കാർ ലഭ്യമാക്കുന്ന വായ്പകളുടെ സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

6. ഭൂമിയില്ലാത്തവർക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

7. പട്ടയം ലഭിക്കേണ്ടവർക്ക് അത് നൽകുന്നതിനുള്ള നടപടികൾ ഉണ്ടാക്കുക,

8. സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഉപയോഗപ്പെടുത്തുക.

9. കാലതാമസം ഒഴിവാക്കുക

10. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

11. സർക്കാർ ധനസഹായത്തിന്റെ പരിധി വർദ്ധിപ്പിക്കുക.

### 95-96 കാലയളവിൽ അനുവദിച്ച വീടുകൾ

| വാർഡ് നമ്പർ | I.A,Y, JRY & MWS | Amount |
|---|---|---|
| I | 3 | 47400 |
| II | 4 | 63200 |
| III | 6 | 94800 |
| IV | 2 | 31600 |
| V | 3 | 47400 |
| VI | 5 | 79000 |
| VII | 2 | 31600 |
| VIII | 2 | 31600 |
| IX | 3 | 47400 |
| X | 4 | 63200 |
| XI | 1 | 15800 |
| ആകെ | 35 | 5,53000 |

| വാർഡ് നമ്പർ | ആകെ വീടുകൾ | ഓല മേഞ്ഞത് | ഓട് മേഞ്ഞത് | കോൺക്രീറ്റ് | ഷീറ്റ് | ആൾതാമസമുള്ള വീടുകൾ | വാടകക്ക് താമസിക്കുന്നവർ | ലക്ഷംവീടുകൾ | പുറമ്പോക്കിൽ താമസിക്കുന്നവർ | സെറ്റിൽമെന്റ് കോളനികൾ | ഭൂമിയും വീടും കൂടി വേണ്ടവർ | വീട് മാത്രം വേണ്ടവർ | വൈദ്യുതി ഇല്ലാത്ത വീടുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| I | 763 | 117 | 416 | 223 | 7 | 618 | 21 | 26 | - | 3 | 131 | 123 | 114 |
| II | 875 | 75 | 423 | 327 | 50 | 734 | 25 | - | 1 | 2 | 163 | 92 | 201 |
| III | 604 | 163 | 341 | 92 | 8 | 579 | 20 | - | 15 | 3 | 150 | 85 | 105 |
| IV | 470 | 25 | 333 | 112 | - | 415 | - | - | - | - | 75 | 90 | 87 |
| V | 640 | 74 | 477 | 86 | 3 | 605 | 4 | - | 4 | - | 28 | 54 | 192 |
| VI | 646 | 32 | 463 | 143 | 8 | 606 | 11 | 18 | - | 2 | 52 | 84 | 166 |
| VII | 599 | 5 | 518 | 76 | - | 579 | 8 | 20 | 4 | 1 | 70 | 81 | 25 |
| VIII | 546 | 20 | 250 | 276 | - | 521 | 25 | 18 | 6 | 1 | 25 | 44 | 53 |
| IX | 739 | 25 | 275 | 424 | 15 | 719 | 85 | - | - | - | 70 | 94 | 89 |
| X | 605 | 25 | 370 | 202 | 8 | 575 | 10 | 18 | 3 | - | 56 | 85 | 41 |
| XI | 582 | 152 | 280 | 148 | 2 | 567 | 8 | - | - | - | 24 | 102 | 92 |

# സംസ്കാരം

സാംസ്കാരിക പൈതൃകത്താൽ അനുഗ്രഹീതമാണ് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് പുരാതനങ്ങളായ മുനിഗൃഹങ്ങളും, തന്ത്രവിദ്യാപീഠവും, ക്ഷേത്ര സമുച്ചയങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും നൂറ്റാണ്ടുകൾക്ക് മുമ്പ് ജന്മംകൊണ്ട ഭൂപ്രദേശമാണിവിടം.

സാമൂഹ്യ വിപ്ലവത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങൾ ഇവിടെ സജീവമായിരുന്നു. ക്ഷേത്രപ്രവേശനം വിളംബരത്തിന് മുമ്പ് തന്നെ അധഃസ്ഥിതർക്ക് ക്ഷേത്രപ്രവേശനം ലഭ്യമായ ശ്രീ വിഷ്ണുക്ഷേത്രവും ദേശീയ പ്രസ്ഥാനത്തിലെ അതികായൻമാരായ കേളപ്പജി, ഇക്കണ്ടവാരിയർ, കുറൂർ നീലകണ്ഠൻ നമ്പൂതിരി, T.S. ബന്ധുജി, M.K. രാജ, V.R. കൃഷ്ണനെഴുത്തച്ഛൻ, ശ്രീമതി സുജാത കൃപാലിനി, സൗന്ദര്യരാമചന്ദ്രൻ, ലക്ഷ്മി എൻ മേനോൻ, മേരി ജോർജ്ജ്, കമലാനമ്പീശൻ തുടങ്ങിയവർ സന്ദർശനം നടത്തിയിരുന്ന വെള്ളിത്തിരുത്തിയിലെ ഖാദി കേന്ദ്രവും സെൻട്രൽ മൈതാനവും ഈ പ്രദേശത്തിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിലെ ഉദാഹരണങ്ങളാണ്.

സാഹിത്യ സാംസ്കാരിക രംഗത്തെ ശ്രദ്ധേയനും കവിയും എഴുത്തുകരനുമായ ശ്രീ തേറാമ്പിൽ ശങ്കുണ്ണിമേനോൻ പഞ്ചായത്തിലെ നിരവധി സാംസ്കാരിക പ്രവർത്തകർക്ക് പ്രചോദനമായിരുന്നു. നിരവധി പണ്ഡിതവരേണ്യർ സമ്മേളിച്ചിരുന്ന സഭാമഠത്തിന്റെ പ്രഭാപൂരത്തിൽ അസ്തമിക്കാത്ത പ്രകാശധാരകളിൽ നിഴലുകളായി പഞ്ചായത്തിൽ വായനശാലകൾ പ്രവർത്തിച്ചു വരുന്നു.

| ക്രമ നമ്പർ | വായനശാലയുടെ പേര് | രജിസ്റ്റർ ചെയ്ത വർഷം | പുസ്തകങ്ങളുടെ എണ്ണം | മെമ്പർമാരുടെ എണ്ണം |
|---|---|---|---|---|
| 1. | പോർക്കളേങ്ങാട് ഗ്രാമീണ വായന ശാല | 1956 | 9900 | 789 |
| 2. | ഗാന്ധി ശതാബ്ദി മെമ്മോറിയൽ വായനശാല | 1972 | 2000 | 170 |
| 3. | ചൊവ്വന്നൂർ പഞ്ചായത്ത് ഗ്രന്ഥശാല - വായനശാല | 1991 | 1503 | 107 |

പഞ്ചായത്തിലെ മൂന്ന് വായനശാലകൾക്ക് സൗജന്യമായി റേഡിയോ നൽകിയിട്ടുണ്ട്. വായനശാലകൾക്ക് മെയിൻറനൻസ് ഗ്രാന്റും പ്രതിവർഷം നൽകിവരുന്നു. 1995 ലെ ബ്ലോക്ക്തല കേരളോത്സവത്തിൽ കൂടുതൽ പോയിന്റ് നേടിയത് ചൊവ്വന്നൂർ പഞ്ചായത്തായിരുന്നു.

ഈ പഞ്ചായത്തിൽ യുവജനങ്ങളെ കലാകായിക വാസനകളെ പോഷിപ്പിക്കുന്നതിന് 14 സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പലതും സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തവയാണ്. ചില ക്ലബ്ബുകളിൽ സജീവമായ സാമൂഹ്യപ്രവർത്തനങ്ങളും നടത്തുന്നവയാണ്. ചില ക്ലബ്ബുകൾ രക്ത ദാനത്തിന് സന്നദ്ധരായിട്ടുള്ളവരുടെ ഗ്രൂപ്പ് നിർണ്ണയിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

### പഞ്ചായത്തിലെ വിവിധ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ

1. മെഗാസ്റ്റാർ സ്പോർട്സ് ക്ലബ് - ചൊവ്വന്നൂർ
2. മാനിഷാദ ആർട്സ് & സ്പോർട്സ് ക്ലബ്ബ് - അയ്യംപറമ്പ്
3. ഷെപ്പേർഡ് ബാസ്ക്കറ്റ് ബാൾ ക്ലബ്ബ് - വടക്കാഞ്ചേരി റോഡ്
4. ജിപ്സർ ഫ്രൻസ് അസോസിയേഷൻ - പഴുന്നാന
5. ചിയേഴ്സ് ക്ലബ്ബ് - ഫുട്ബോൾ ക്ലബ്ബ്
6. ദൃശ്യ ക്ലബ്ബ് - കാണിപ്പയ്യൂർ
7. ഒളിമ്പിയൻസ് ക്ലബ്ബ് - പഴുന്നാന
8. അക്ഷയ കലാകായികവേദി - അടുപ്പുട്ടി
9. F.A.S.C. കാണിപ്പയ്യൂർ
10. ക്രൗൺ ക്ലബ്ബ് - ചൊവ്വന്നൂർ
11. യുവദർശനാ - ആർട്സ് & സ്പോർട്സ് ക്ലബ്ബ് - ആനായ്ക്കൽ
12. സ്നേഹ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കാണിപ്പയ്യൂർ അടുപ്പുട്ടി
13. ദേശാഭിമാനി സ്പോർടസ് & ആർട്സ് ക്ലബ്ബ് - ആനായ്ക്കൽ
14. സഹൃദയ സ്പോർട് & ആർടസ് ക്ലബ്ബ് - പോർക്കളേങ്ങാട്.

പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങളും പരസ്പരധാരണയിലും, ഐക്യത്തോടെയും കഴിയുന്നു. ഓണവും, ക്രിസ്തുമസും, ഈദ് പെരുന്നാളും എല്ലാവരുടെയും ഉത്സവമാണ്. പൂക്കളവും, ക്രിസ്തുമസ് ക്രിബും ജാതിവ്യത്യാസമില്ലാതെ എല്ലാ വീടുകളിലും കാണാം. പൂരവും പെരുന്നാളും മറ്റുത്സവങ്ങളും എല്ലാവരും കൊണ്ടാടുന്നു.

പോയ്പോയ ഓണക്കാലങ്ങളിലെ കൈകൊട്ടിക്കളിയും, തിരുവാതിരക്കളിയും ചില ഉത്സവങ്ങളിൽ കാണാവുന്ന തെയ്യവും തിറയും പൂരക്കളികളും പുതിയ തലമുറക്ക് അപരിചിതമായിത്തുടങ്ങിയിരിക്കുന്നു. സാഹിത്യ ചർച്ചകളും, സംവാദങ്ങളും സാഹിത്യമത്സരവും സാംസ്കാരിക കേന്ദ്രങ്ങളിൽ നിന്ന് അപ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു. ടി.വി., സിനിമാ അതിപ്രസരം വിദ്യാർത്ഥികളിലും, യുവജനങ്ങളിലും വായനാശീലം കെടുത്തിത്തുടങ്ങിയിരിക്കു ന്നു. സാംസ്കാരിക പാരമ്പര്യത്തിന്റെ മികവറ്റ ചൊവ്വന്നൂരിൽ പ്രകാശ നാളങ്ങൾ കെടാതിരിക്കട്ടെ.

## പഞ്ചായത്തിലെ ഹിന്ദു ആരാധനാലയങ്ങൾ

| വാർഡ് | പേര് | പ്രാധാന്യം |
|---|---|---|
| 1. | 1. കല്ലഴി വിഷ്ണു ഭഗവതി ക്ഷേത്രം<br>2. ഋഷമണ്ണ വിഷ്ണുക്ഷേത്രം<br>3. സഭാമഠം ക്ഷേത്രം | പൂരാഘോഷം<br>പ്രാചീനയോഗക്ഷേമ സഭ ചേർന്നിരുന്ന സ്ഥലം |
| 2. | 1. ശങ്കരപുരം വിഷ്ണു ക്ഷേത്രം | പൂരാഘോഷം നടത്തിവരുന്നു. |
| 4 | 1. പന്തല്ലൂർ ഭഗവതി ക്ഷേത്രം<br>2. കൊടുവായൂർ ശിവ ക്ഷേത്രം<br>3. അടുപ്പുട്ടി താഴ്വാരത്തിലുള്ള സുബ്രഹ്മണ്യക്ഷേത്രം | പൂരാഘോഷം നടത്തിവരുന്നു.<br>ശിവരാത്രി ഉത്സവം നടത്തുന്നു. |
| 5 | 1. പൂശപ്പിള്ളി വിഷ്ണുക്ഷേത്രം<br>2. പൂശപ്പിള്ളി ശിവക്ഷേത്രം<br>3. പുറമേരികുന്ന് അയ്യപ്പക്ഷേത്രം<br>4. കുമരം കുളങ്ങരെ ഭഗവതി ക്ഷേത്രം<br>5. ചെമ്മന്തട്ട ക്ഷേത്രം (ശിവ) | പൂരം നടത്തുന്നു<br>ശിവരാത്രി ഉത്സവം നടത്തുന്നു |
| 6 | 1. പഴുന്നാന പറപ്പൂകാവ് ക്ഷേത്രം<br>2. പഴുന്നാന അയ്യപ്പൻകാവ്<br>3. പഴുന്നാന പേട്ടക്കൊരു മകൻ കാവ്<br>4. പഴുന്നാന കോളനി അയ്യപ്പൻകാവ് | പൂരാഘോഷം നടത്തിവരുന്നു.<br>കളമഴുത്തപാട്ട് നടത്തുന്നു |
| 7 | 1. അയ്യംകുളങ്ങരെ ദേവീ ക്ഷേത്രം<br>2. ശിവസുബ്രഹ്മണ്യക്ഷേത്രം<br>3. പുതുശ്ശേരികുളങ്ങര ക്ഷേത്രം | പൂരാഘോഷം നടത്തിവരുന്നു. |
| 8 | 1. കാണിപ്പയ്യൂർ ദുർഗ്ഗാദേവി ക്ഷേത്രം | |
| 9. | 1. വിഷ്ണുക്ഷേത്രം | |
| 10 | 1. ഉടയൂർ ശിവക്ഷേത്രം<br>2. തോന്നിയാം കാവ് ശിവക്ഷേത്രം | |
| 11 | 1. കോതമംഗലം മനവകശിവക്ഷേത്രം<br>2. ഇഞ്ചികുന്ന് അയ്യപ്പസ്വാമി ക്ഷേത്രം | |

# പഞ്ചായത്തിലെ മുസ്ലീം ആരാധനാലയങ്ങൾ

| വാർഡ് | പ്രധാന ജുമാ അത്ത് പള്ളി | പ്രാധാന്യം | നമസ്കാരപള്ളി | മദ്രസ്സ |
|---|---|---|---|---|
| 1. | ഇല്ല | | | |
| 2. | ഇല്ല | | | |
| 3 | ഇല്ല | | | |
| 4 | | | | I |
| 5 | | | I | I |
| 6 | പഴുന്നാന ജുമാ അത്ത് പള്ളി | പഴക്കം ചെന്ന പള്ളി ശമശാനം | | |
| 7 | ഇല്ല | | | I |
| 8. | കാണിപ്പയ്യൂർ ജുമാ അത്ത് പള്ളി പുതുശ്ശേരി ജുമാ അത്ത് പള്ളി | | | 2 |
| 9 | ഇല്ല | | | |
| 11 | പൊർക്കളേങ്ങാട് ജുമാ അത്ത് പള്ളി | | | I |

# പഞ്ചായത്തിലെ ക്രിസ്ത്യൻ ആരാധനാലയങ്ങൾ

| വാർഡ് | പ്രധാന പള്ളി | പ്രാധാന്യം | കുരിശുപള്ളി |
|---|---|---|---|
| 1 | 1. സെന്റ് തോമാസ്സ് R.C. ചർച്ച് ചൊവ്വന്നൂർ<br>2. സെന്റ് ഗ്രീഗോറിയോസ് ചർച്ച്<br>3. ഓർത്തഡോക്സ് ചർച്ച് അയ്യം പറമ്പ് | അമ്പ് പെരുന്നാൾ നടത്തുന്നു<br>പെരുന്നാൾ നടത്തുന്നു<br>പെരുന്നാൾ നടത്തുന്നു | 4 |
| 3 | 1. അടുപ്പുട്ടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് | പെരുന്നാൾ നടത്തുന്നു. | 2 |
| 4. | | | 1 |
| 5. | 1. സെന്റ് ഗ്രിഗോറിയോസ് ചർച്ച് മരംത്തംകോട് | പെരുന്നാൾ നടത്തുന്നു. | 2 |
| 6. | | | 1 |
| 7. | 1. സെന്റ് മേരീസ് RC ചർച്ച് പുതുശ്ശേരി | 1875ൽ സ്ഥാപിതം അമ്പ് പെരുന്നാർ നടത്തുന്നു | 1 |
| 8 | | | 3 |

"ഭാരതീയ സ്ത്രീ ഒരടി മുന്നോട്ടു പോയാൽ രാഷ്ട്രം രണ്ടടി മുന്നോട്ടു പോകും" - മഹാത്മാഗാന്ധി

# വനിത

ചൊവ്വന്നൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ 25496 ൽ 13427 ഉം സ്ത്രീകളാണ്. ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. എങ്കിലും സാമൂഹ്യപരമായി സ്ത്രീകൾ വളരെ പുറകിലാണ്.

കാർഷികവൃത്തി മുഖ്യതൊഴിലായിട്ടുള്ള ഈ പഞ്ചായത്തിൽ കർഷക തൊഴിലാളികളിൽ കൂടുതൽ പേരും സ്ത്രീകളാണ്. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിലെ ലഭ്യമായ കണക്കനുസരിച്ച് ക്ഷേമബോർഡിൽ അംഗത്വമുള്ള 1157 പേരിൽ 863 പേർ സ്ത്രീകളാണ്.

18-ാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ തന്നെ പ്രാഥമികവിദ്യാഭ്യാസം നേടുന്നതിന് സഹായകമാം വിധം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിച്ചു കഴിഞ്ഞിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയത് ഒരു ഇംഗ്ലീഷ് വനിതയായിരുന്നു.

സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ചൊവ്വന്നൂർ പഞ്ചായത്തിലെ വെള്ളിത്തിരുത്തി പ്രദേശത്ത് കസ്തൂർബ്ബാ ഗ്രാമസേവാ കേന്ദ്രം എന്ന പേരിൽ തക്ലിയും-കിസ്സാൻ ചർക്കയും ഉപയോഗിച്ച് നൂൽ നൂറ്റ് ഖാദി ഉൽപന്നങ്ങൾ നിർമ്മിച്ചിരുന്ന തൊഴിൽ കേന്ദ്രം ആരംഭിച്ചിരുന്നു. 1946 ഫെബ്രുവരി 22ന് ശ്രീമതി സുജാതാ കൃപാലിനി ഈ കേന്ദ്രം ഉത്ഘാടനം ചെയ്തു. പിൽക്കാലത്ത് സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശ്രീമതി. സൗന്ദര്യ രാമചന്ദ്രൻ, ക്യാപ്റ്റൻ ലക്ഷ്മി. എൻ. മേനോൻ, ശ്രീമതി മേരി ജോർജ്ജ്, കുമാരി കമല നമ്പീശൻ എന്നിവർ ഈ കേന്ദ്രം സന്ദർശിച്ചവരിൽ പെടും.

പൊതുരംഗത്ത് വരാൻ സ്ത്രീകൾ മടിച്ചിരുന്ന കാലഘട്ടത്തിൽ അയിത്തത്തിനും, അനാചാരത്തിനുമെതിരെ സ്ത്രീകളെ സംഘടിപ്പിക്കുന്നതിന് ശ്രീമതി. എം. സരോജിനി അമ്മ, ശ്രീമതി കാളി അന്തർജ്ജനം, ശ്രീമതി സാവിത്രി നമ്പീശൻ, ശ്രീമതി നളിനി നാരായണൻ തുടങ്ങിയവർ രംഗത്ത് വന്നിരുന്നു.

കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞതോടുകൂടി സ്ത്രീകൾ, കെട്ടിട നിർമ്മാണം, ബീഡി നിർമ്മാണം, ബുക്ക് ബൈന്റിംഗ്, വൈരക്കൽ പോളിഷിംഗ് എന്നീ മേഖലകളിലേക്ക് തിരിഞ്ഞു. കുന്ദംകുളം പട്ടണം ഈ പഞ്ചായത്തിന്റെ അടുത്ത പ്രദേശമായതിനാൽ അവിടെയുള്ള വ്യാപാര സ്ഥാപനങ്ങളിൽ സെയിൽസ് ഗേൾസ് ആയും ഈ പഞ്ചായത്തിലെ സ്ത്രീകൾ ജോലി ചെയ്തുവരുന്നു. അതുപോലെ പണമിടപാട് സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്.

എന്നാൽ സേവന വേതന വ്യവസ്ഥകളിൽ ഈ രണ്ടു മേഖലയിലും സ്ത്രീകളോട് വളരെയധികം വിവേചനം കാണിക്കുന്നുണ്ട്. തുല്യ ജോലിക്ക് തുല്യവേതനം എന്ന പൊതുമാനദണ്ഡം ഒരിക്കലും പാലിക്കപ്പെടുന്നില്ല. സ്ത്രീ ഇവിടെ സാമ്പത്തികമായി ചൂഷണം ചെയ്യപ്പെടുന്നു.

ഈ പഞ്ചായത്തിലെ പഴുന്നാനയിലുള്ള കസ്തൂർബാ നെയ്ത്ത് കേന്ദ്രം വനിതാ തൊഴിൽ സംരംഭമാണ്. ജോലി ചെയ്യുന്നു. മഹിളാ പ്രധാൻമാരായി ജോലിചെയ്യുന്ന ഏതാനും പേരും ഉണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങിയിട്ടുള്ള വളരെ കുറച്ചു വനിതകളേ ഈ പഞ്ചായത്തിലുള്ളൂ. ആട്, പശു എന്നിവയെ വളർത്തി കുടുംബം സംരക്ഷിക്കുന്ന സ്ത്രീകളും ധാരാളം ഉണ്ട്. പരമ്പരാഗത തൊഴിൽ രംഗത്ത് തൊഴിലെടുക്കുന്നവർ നാമമാത്രമെയുള്ളു.

വിദ്യാഭ്യാസപരമായി നോക്കുമ്പോൾ സ്ത്രീകളുടെ അനുപാതം കൂടുതലുണ്ടെങ്കിലും, ഉയർന്ന സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഇവർ വളരെ കുറഞ്ഞതോതിലേ ഉള്ളൂ. സ്ത്രീ വിദ്യാഭ്യാസം ഒരു നിശ്ചിത ഘട്ടത്തിൽ നിലച്ചുപോകുന്നതിനാൽ ഉയർന്ന നിലവാരത്തിലെത്താൻ സ്ത്രീകൾക്ക് സാധിക്കാതെ വരുന്നു. അദ്ധ്യാപനരംഗത്ത് മാത്രമാണ് സ്ത്രീകൾ പുരുഷന്മാരേക്കാൾ മുൻപന്തിയിൽ നിൽക്കുന്നത്. പ്രീമൈറി രംഗത്ത് പൂർണ്ണമായും സ്ത്രീകളാണ്. എന്നാൽ എല്ലാ വാർഡുകളിലും അംഗൻവാടികൾ നിലവിലില്ല.

രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ പീഠനക്കേസുകൾ പഞ്ചായത്തിൽ കുറവാണ്. സ്ത്രീ പീഠനത്തിന്റെ പേരിൽ വിവാഹമോചനത്തിൽ കലാശിച്ചിട്ടുള്ള ചില ഒറ്റപ്പെട്ട കേസുകൾ ഇല്ലാതില്ല.

ത്രിതല പഞ്ചായത്ത് സംവിധാനം സ്ത്രീകൾക്ക് മൂന്നിലൊന്ന് സംവരണം ഉറപ്പുവരുത്തുന്നതിനാൽ രാജ്യത്തിന്റെ വികസനപ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം അനിവാര്യമാക്കുന്നു. പഞ്ചായത്ത്രാജ് നിയമത്തിലൂടെ ഗ്രാമീണ വനിതകൾക്ക് ലഭിച്ചുവരുന്ന ബോധവൽക്കരണ ത്തിന്റെ സത്ഫലങ്ങൾ കുടംബത്തിലും സമൂഹത്തിലും പ്രതിഫലിക്കുകയും രാജ്യത്തിന്റെ മൊത്തം പുരോഗതിക്ക് അത് വഴി തെളിയിക്കുകയും ചെയ്യും.

ഇന്ന് പുരോഗമന സ്വഭാവമുള്ള രാഷ്ട്രീയ പാർട്ടികളിൽ പോലും സ്ത്രീ പ്രാതിനിധ്യം തീരെ കുറവാണ്. പേരിന് മാത്രമാണ് പലയിടത്തും പ്രാതിനിധ്യം. അസംബ്ലിയിലേക്കും, പാർലിമെന്റിലേക്കും പ്രാതിനിധ്യം സംവരണം ചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ വനിതകൾക്ക് രാഷ്ട്രീയ അവബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ചാരായ നിരോധനം നിലവിലുണ്ടെങ്കിലും വിദേശ മദ്യം വ്യാജചാരായം എന്നിവ ലഭിക്കുന്നതിനുള്ള സാഹചര്യവും നിലനിൽക്കുന്നതിനാൽ പല കുടുംബങ്ങളുടെയും സാമ്പത്തിക ഭദ്രതയും സൈ്വര്യ ജീവിതവും ഇന്നും തടസ്സപ്പെടുന്നുണ്ട്. തന്മൂലം കുടുംബ സംരക്ഷണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്ത്രീയിൽ വന്നുചേരുന്ന അവസ്ഥയും നിലവിലുണ്ട്.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സ്ത്രീകൾക്കുണ്ട്. രോഗാതുരത ഏറ്റവും കൂടുതൽ സ്ത്രീകളിലാണ്. തൊഴിൽ കഴിഞ്ഞ്

വീട്ടിൽ തിരിച്ചെത്തുന്ന സ്ത്രീകളിൽ തന്നെ കുട്ടികളെ സംരക്ഷിക്കേണ്ട ചുമതലയും, വീട്ടിലെ മറ്റു ജോലികൾ ചെയ്തു തീർക്കേണ്ട ഭാരവും വരുന്നതിൽ സ്ത്രീകൾക്ക് കായികാദ്ധ്വാനം കൂടുതൽ വേണ്ടി വരുന്നുണ്ട്. കുടിവെള്ള പ്രശ്നം കൂടുതലായി ബാധിക്കുന്നത് സ്ത്രീകളെയാണ്. ദൂരെ സ്ഥലങ്ങളിൽ നിന്നും വെള്ളം ചുമന്നു കൊണ്ടുവരുന്നത് സ്ത്രീകൾ തന്നെയാണ് എന്നാൽ വേണ്ടത്ര ആരോഗ്യ സംരംക്ഷണത്തിനുള്ള അവസരം മിക്ക സ്ത്രീകൾക്കും ലഭിക്കുന്നില്ല.

ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും മഹിളാ സമാജങ്ങൾ ഇല്ല. അതുപോലെ DWCRA യൂണിറ്റുകളും വാർഡ് അടിസ്ഥാനത്തിലില്ല.

| വാർഡ് | സമാജത്തിന്റെ പേര് | സ്ഥാപിത വർഷം | അംഗങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|---|---|
| I | ഉദയ മഹിളാസമാജം | 1984 | 46 | ക്രഷ് |
| II | DWCRA | 1995 | 10 | കറി പൗഡർ തയ്യാറാക്കൽ |
| III | DWCRA | 1995 | 8 | പലഹാരം |
| IV | ഇല്ല | - | - | - |
| V | ഭാരതമാതാ മഹിളാസമാജം | 1984 | 9 | ബാലവാടി |
| VI | കസ്തൂർബാ മഹിളാസമാജം | 1968 | 145 | ടൈലറിംഗ് ബാലവാടി-2 ക്രഷ് |
| VII | പ്രിയദർശിനി മഹിളാസമാജം | 1996 | 70 | DWCRA യൂണിറ്റ് ആരംഭിക്കുവാൻ പ്രാരംഭ പ്രവർത്തനങ്ങൾ |
| VIII | ഇല്ല | - | - | - |
| IX | ഫ്ലോറൻസ് മഹിളാസമാജം | | | |
| X | ഫ്രൻസ് മഹിളാസമാജം | | | നേഴ്സറി |
| XI | - | - | - | - |

## നിർദ്ദേശങ്ങൾ

1. വനിതാ സഹകരണസംഘം രൂപീകരിക്കുക

2. ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും സ്ത്രീകൾക്ക് വേണ്ടത്ര പരിശീലനം നൽകുകയും ചെയ്യുക.

3. സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുക.

4. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യ വേതനം ഉറപ്പുവരുത്തുക.

5. മഹിളാപ്രധാൻമാരായി ജോലി ചെയ്യുന്നവർക്ക് ടാർജറ്റ് ലിമിറ്റ് ചെയ്യുക. ഇതുമൂലം കൂടുതൽ പേർക്ക് തൊഴിലവസരം ലഭ്യമാക്കാവുന്നതാണ്.

6. വനിതകൾക്ക് രാഷ്ട്രീയവും, സാമൂഹികവുമായ അവബോധം വളർത്തുന്നതിന് സെമിനാറുകളും, പ്രോത്സാഹജനകമായ മറ്റു പരിപാടികളും ആവിഷ്കരിക്കുക.

7. അടുക്കളത്തോട്ടം വ്യാപകമാക്കുക.

8. സഭ്യമല്ലാത്ത രീതിയിൽ സ്ത്രീകളെ ചിത്രീകരിക്കുന്ന പരസ്യങ്ങളും, പോസ്റ്ററുകളും നിരോധിക്കുക.

9. സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനും, പ്രസവകാലഘട്ടങ്ങളിൽ ആവശ്യമായ സാമ്പത്തിക സഹായത്തിനും വേണ്ട സാഹചര്യം സൃഷ്ടിക്കുക.

10. സമ്പൂർണ്ണ മദ്യനിരോധനം നിയമം മൂലം നടപ്പിലാക്കുകയും ബോധവൽക്കരണത്തിലൂടെ ജനങ്ങളെ മദ്യപാനാസക്തിയിൽ നിന്നും പിന്തിരിപ്പിക്കുകയും ചെയ്യുക.

11. എല്ലാ വാർഡുകളിലും അംഗൻവാടികളും, ക്രഷുകളും ആരംഭിക്കുക. നിലവിലുള്ള അംഗൻവാടികളിൽ വേണ്ടത്ര സൗകര്യം ഏർപ്പെടുത്തുക.

12. പ്രീ-പ്രൈമറി രംഗത്ത് പ്രവർത്തിച്ച്വരുന്നവർക്ക് കാലാനുസൃത ശമ്പള വർദ്ധനവും പെൻഷൻ പദ്ധതിയും ആവിഷ്കരിക്കുക.

13. ബ്ലോക്ക് തലത്തിൽ വനിതകൾക്കായി ലീഗൽ സെൽ ആരംഭിക്കുക.

14. മഹിളാ സമാജങ്ങൾ നിലവിലില്ലാത്ത വാർഡുകളിൽ മഹിളാസമാജങ്ങൾ രൂപീകരിക്കുകയും, ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

15. ഹോർട്ടികൾച്ചർ വികസന ഏജൻസികളുമായി ബന്ധപ്പെട്ട് സഹകരണസംഘങ്ങൾ രൂപീകരിക്കുക.

16. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.

17. പരിസരശുചിത്വം, പോഷകാഹാര കുറവ് എന്നിവ കൊണ്ടുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് അറിവ് നൽകുന്നതിന് വേണ്ടബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

18. മാതൃശുശ്രൂഷാകേന്ദ്രങ്ങളുടെയും, പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

| | സ്കൂൾ | Sector | കുട്ടികളുടെ എണ്ണം | | | പട്ടിക ജാതി കുട്ടികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | M | F | Total | M | F | Total | M | F | Total |
| 1. | M.T.S. Chowannoor | M | 337 | 384 | 721 | 39 | 28 | 67 | 1 | 16 | 17 |
| 2. | D.S.S. Pazhunnana | M | 130 | 115 | 245 | 8 | 12 | 20 | 1 | 8 | 9 |
| 3. | St.Francis Puthusseri | M | 113 | 120 | 233 | 18 | 22 | 40 | 2 | 7 | 9 |
| 4. | A.L.P.S. Payyure | M | 61 | 57 | 118 | 4 | 6 | 10 | 1 | 5 | 6 |
| 5. | St. M.M. L.P.S. Kanippayur | M | 352 | 227 | 519 | 33 | 23 | 56 | | 17 | 17 |
| 6. | St. M.M. U.P.S. Kanippayur | M | 516 | 246 | 781 | 63 | 24 | 97 | | 23 | 23 |
| 7. | St. Mary's U.P.S. Chowannur | | 271 | 460 | 731 | 38 | 43 | 84 | | | |
| 8. | St. mary's H.S. Chowannur | M | - | 433 | 433 | - | 44 | 44 | | 33 | 33 |

# സഹകരണം

ചൊവ്വന്നൂർ പഞ്ചായത്തിൽ സഹകരണ മേഖലക്ക് വിപുലീകരണ സാദ്ധ്യതയുള്ള പഞ്ചായത്താണ്. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിലൂടെ സാമ്പത്തിക ഉന്നതിയും തൊഴിലില്ലായ്മയും പരിഹരിയ്ക്കാനും സാധിക്കും. പഞ്ചായത്തിന്റെ പ്രാദേശിക വികസനത്തിൽ നിർണ്ണായകമായ പങ്കുവഹിയ്ക്കാൻ കഴിയുന്ന ഈ മേഖലയിൽ ഫലപ്രദമായ ജനകീയ ഇടപെടലുകളിലൂടെ സഹകരണ മേഖല ശക്തിപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങളാണ് കാണിപ്പയ്യൂർ സർവ്വീസ് സഹകരണബാങ്ക്, കാണിപ്പയ്യൂർ ക്ഷീരവികസന സംഘവും നിർജ്ജീവാവസ്ഥയിലായ പുതുശ്ശേരിയിലുള്ള ചൂണ്ടൽ വില്ലേജ് ഗ്രാമവ്യവസായ സഹകരണ സംഘവും.

## കാണിപ്പയ്യൂർ സർവ്വീസ് സഹകരണബാങ്ക്

"കാണിപ്പയ്യൂർ പരസ്പര സഹായ സഹകരണ സംഘം"എന്ന പേരിൽ 23.6.1932ൽ റജിസ്റ്റർചെയ്ത് പ്രവർത്തനമാരംഭിച്ച സംഘത്തിന് പ്രാരംഭത്തിൽ 23 അംഗങ്ങളും 33 രൂപ ഓഹരി മൂലധനവും മാത്രമാണ് ഉണ്ടായിരുന്നത്. ചെറുവത്തൂര് വറീത് പാവൂ, സ്ഥാപക പ്രസിഡന്റും കോലാടി ഉട്ടൂപ്പ് വറീത്, പുലിക്കോട്ടിൽ വറീത് കാക്കു, ചെറുവത്തൂര് ഉട്ടൂപ്പ് കുഞ്ഞിപ്പാലു എന്നീ മൂന്നുപേർ ഭരണ സമിതി അംഗങ്ങളുമായിരുന്നു. തുടക്കത്തിൽ ആസ്ഥാനമില്ലാതിരുന്ന സംഘത്തിന് കുറച്ചുകാലം ഒരു സ്കൂൾ കെട്ടിടത്തിന്റെ വരാന്തയും തുടർന്ന് അടുത്തുള്ള പീടിക മുറിയും ആയിരുന്നു ആസ്ഥാനം. 1965ൽ സർവ്വീസ് സഹകരണ സംഘമായി ഉയർത്തിയ സംഘം പിന്നീട് 1975ൽ തലപ്പിള്ളി താലൂക്കിലെ ആദ്യത്തെ സർവ്വീസ് സഹകരണബാങ്ക് എന്ന ബഹുമതിയോടുകൂടി സംഘം കാണിപ്പയ്യൂർ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തുകയുണ്ടായി. തുടർന്നങ്ങോട്ട് അഭൂതപൂർവ്വമായ വളർച്ചയുടെ പടവുകൾ ചവുട്ടികയറിയ സംഘത്തിന് സ്വന്തമായ സ്ഥലത്ത് ഗോഡൗൺ സൗകര്യത്തോടുകൂടിയ ഹെഡ് ആഫീസും, കൂടാതെ ഒരു ബ്രാഞ്ചുമായി പ്രവർത്തിച്ചു വരുന്നു.

ചൊവ്വന്നൂർ പഞ്ചായത്ത് പ്രവർത്തന പരിധിയായുള്ള സംഘത്തിൽ 4810 അംഗങ്ങളും, 917935 രൂപ ഓഹരിമൂലധനവുമുണ്ട്. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച ഹ്രസ്വ ദീർഘകാല നിക്ഷേപങ്ങൾ 22808733 രൂപയാകുന്നു. വിവിധയിനം വായ്പകളിലായി സംഘം 19654212 രൂപ വിതരണം ചെയ്തിട്ടുണ്ട്. സഹകരണനിയമം 80-ാം വകുപ്പ് പ്രകാരം ക്ലാസ്സ് II ൽ പ്രവർത്തിക്കുന്ന സംഘത്തിൽ 14 ജീവനക്കാരുണ്ട്. വളം വ്യാപാരം-റേഷൻതുണി വിതരണം, കശുവണ്ടി സംഭരണം എന്നീ പ്രവർത്തനങ്ങൾ സംഘം നടത്തിവരുന്നു.

| ഇനം | തുക |
| --- | --- |
| ഹ്രസ്വകാല കാർഷിക വായ്പ | 1230884 |
| വസ്തു പണയ വായ്പ | 6979307 |
| സ്വർണ്ണ പണ്ട പണയ വായ്പ | 10333430 |
| IRDP വായ്പ | 59972 |
| ഭവന നിർമ്മാണ വായ്പ | 37247 |
| സാധാരണ വായ്പ | 255939 |
| ഗൃഹോപകരണ വായ്പ | 717820 |
| സ്വയം തൊഴിൽ വായ്പ | 39613. |
| **ആകെ** | **19654212** |

ബാങ്ക് അതിന്റെ വളർച്ചയിലൂടെ കടന്നു പോകുമ്പോൾ പ്രശ്നങ്ങൾ ബാങ്കിന്റെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.

1. സ്വകാര്യപണമിടപാടു സ്ഥാപനങ്ങളുടെ ആവിർഭാവം

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച്, ബാങ്കിന്റെ പ്രവർത്തന പരിധിയിലും സമീപപ്രദേശമായ കുന്നംകുളത്തും ബ്ലേഡ് കമ്പനികൾ അനുദിനം വർദ്ധിച്ചുവരുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. നിക്ഷേപങ്ങൾക്ക് അവിശ്വസനീയമായ പലിശ വാഗ്ദാനം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങൾ മൂലം ബാങ്കിലെ നിക്ഷേപങ്ങൾ, വായ്പയുടെ ആവശ്യകതയനുസരിച്ച് വർദ്ധിപ്പിക്കുവാൻ കഴിയുന്നില്ല.

2. വായ്പ തിരിച്ചടക്കുന്നതിലെ കാലതാമസം

അംഗങ്ങൾക്ക് കാലാകാലങ്ങളിലായി വിതരണം ചെയ്യുന്ന വായ്പകൾ യഥാസമയം തിരിച്ചടക്കുന്നതായി കാണുന്നില്ല. ഇതു മൂലം പുതിയ വായ്പകൾ യഥാസമയങ്ങളിൽ അനുവദിക്കുവാൻ പ്രയാസം നേരിടുന്നു.

വായ്പകളുടെ "പ്രൊഡക്ടീവ് - പർപ്പസ്" ഉറപ്പു വരുത്തുകയും, സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനാവശ്യമായ നിയമം സർക്കാർ തലത്തിൽകൊണ്ടുവരികയും ചെയ്താൽ സഹകരണ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയുന്നതാണ്.

## കാണിപ്പയ്യൂർ ക്ഷീരോൽപാദക സഹകരണ സംഘം

1976ൽ റജിസ്റ്റർ ചെയ്ത പ്രവർത്തനമാരംഭിച്ച സംഘത്തിന്റെ പ്രവർത്തന മേഖല പഞ്ചായത്തിലെ X, XI വാർഡുകളാണ് A ക്ലാസ്സ് അംഗങ്ങൾ 405 പേരും B ക്ലാസ്സ് അംഗങ്ങൾ 825 പേരുമുള്ള സംഘത്തിന് സ്വന്തമായ സ്ഥലത്ത് ഗോഡൗൺ സൗകര്യത്തോടുകൂടിയ കെട്ടിടവും, കൂടാതെ ആനായ്ക്കൽ പുതുശ്ശേരി, പഴുന്നാന, പൂശപ്പള്ളി, പന്തല്ലൂർ എന്നിവിടങ്ങളിൽ അള

വുകേന്ദ്രങ്ങളും ഉണ്ട്. പ്രതിദിനം ശരാശരി 200 ലിറ്റർ പാൽ ശേഖരിച്ച് വ്യാപരം നടത്തുന്ന സംഘത്തിൽ 3 പേർ സ്ഥിരമായും 2 പേർ താൽകാലികമായും ജോലിചെയ്യുന്നു. സംഘത്തിലെ കരുതൽ നിക്ഷേപം 40000 രൂപയാകുന്നു.

അംഗങ്ങളിൽ നിന്ന് സംഭരിക്കുന്ന പാൽ സംസ്കരിച്ച് സ്വന്തമായ വാഹനത്തിൽ വീടുകളിലേയ്ക്കും കൂടാതെ ഹോട്ടലുകൾ ആശുപത്രികൾ, സ്കൂളുകൾ എന്നിവിടങ്ങളിലേയ്ക്കും വിതരണം നടത്തുന്നു. സംഘത്തിൽ കാലിതീറ്റ സൂക്ഷിക്കുന്നതിനുള്ള ഒരു ഗോഡൗണും 4 പേർ ജോലിചെയ്യുന്ന ഒരു മിൽക് - പ്രോഡക്റ്റ് യൂണിറ്റും കൂടിയുണ്ട്.

സംഘത്തിൽ ശേഖരിക്കുന്ന പാൽ സംസ്കരിച്ചു സംഭരിക്കുന്നതിനായി അത്യാധുനിക സംവിധാനമുള്ള ഒരു ഫ്രീസറിന്റെ അഭാവം സംഘത്തിന്റെ സുഗമമായ പ്രവർത്തനങ്ങളെ ബാധിക്കുന്നു. കർഷകരുടെ പാലിനും പാൽ ഉൽപന്നങ്ങളും 'മിൽമ' യുടെ പാലിന് സമാനമായ വില നൽകുന്നതിന് സംഘത്തിന് കഴിയുന്നില്ല പെട്ടെന്നുള്ള ഹോട്ടൽ പണിമുടക്കുകൾ സംഘത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞാൽ സംഘത്തിന്റെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിയുന്നതാണ്.

## ഫൈബർ സെന്റർ

കേരള ഖാദി ബോർഡിന്റെ ധനസഹായത്തോടുകൂടി 1965ൽ ചൂണ്ടൽ വില്ലേജ് ഗ്രാമവ്യവസായ സഹകരണസംഘം റജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു. പ്രാരംഭഘട്ടത്തിൽ 20 വനിതാ തൊഴിലാളികളുണ്ടായിരുന്ന സംഘത്തിൽ കൈതനാര്, വാഴനാര്, ചകിരിനാര് എന്നിവ ഉപയോഗിച്ചുകൊണ്ട് ചവിട്ടി, തടുക്ക്, ബ്രഷ്, തുടങ്ങിയ ഉൽപന്നങ്ങളും സോപ്പ്, കളിമൺ ഉൽപന്നങ്ങൾ, തുകൽ ഉൽപ്പന്നങ്ങൾ തുടങ്ങിയവ നിർമ്മിച്ചു വിപണനം നടത്തി വന്നിരുന്നു. കൂടാതെ നെല്ല് കുത്ത് ജോലിയും സംഘം നടത്തിയിരുന്നു. എന്നാൽ 1967ൽ സംഘത്തിന്റെ പ്രവർത്തനം നിൽക്കുകയാണുണ്ടായത്.

അസംസ്കൃത വസ്തുക്കളുടെ അഭാവം, വിപണി കണ്ടെത്താനുള്ള തടസം, മെച്ചപ്പെട്ട മറ്റ് തൊഴിൽ സാധ്യതകളുടെ വളർച്ച തൊഴിലാളികളുടെ അഭാവം, മാനേജ്മെന്റ് പാകപിഴവുകൾ സാമ്പത്തിക സഹായത്തിന്റെ പ്രശ്നങ്ങൾ എന്നിവ ഇത് പരാജയപ്പെടുന്നതിന് കാരണമാണ്.

സഹകരണ മേഖലക്ക് കൂടുതൽ സാധ്യതയുള്ള ഒരു പഞ്ചായത്താണ് ചൊവ്വന്നൂർ. സംഘങ്ങളുടെ പ്രവർത്തനം നിർദ്ദിഷ്ട രീതിയിൽ നടപ്പിലാക്കുന്നതിലൂടെ കാർഷികരംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം കൈവരുത്താൻകഴിയില്ല. ഗവ. അനാവശ്യമായ ഇടപെടലുകൾ രാഷ്ട്രീയ അതിപ്രസരവും സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിന് മങ്ങലേൽക്കും.

സാമ്പത്തിക മേഖലയിൽ കൂടുതൽ ഫലങ്ങളുണ്ടാക്കാനും, ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക വികസന രംഗങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുവാനും കഴിയുന്ന സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തി വിലമതിക്കാനാവാത്തത് തന്നെയാണ്.

# ധനകാര്യം വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് പണം അത്യാവശ്യമാണല്ലോ? ഈ പണത്തിന്റെ ധനാഗമമാർഗ്ഗങ്ങൾ ആശ്രയിച്ച് മാത്രമെ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. ആയതുകൊണ്ട് പഞ്ചായത്തിലെ ധനാഗമമാർഗ്ഗങ്ങളും ഈ പഞ്ചായ ത്തിൽ വന്നു ചേരുന്ന പണത്തെക്കുറിച്ച് മനസി ലാക്കേണ്ടതുണ്ട്.

ചൊവ്വന്നൂർ പഞ്ചായത്ത് ഒരു ഒന്നാം ഗ്രേഡ് പഞ്ചായത്താണ്. 1995-96 ലെ ഈ പഞ്ചായത്തിലെ വരവിനങ്ങൾ താഴെകൊടു ത്തിരിക്കുന്നു.

| | ഇനം | വരവ് |
|---|---|---|
| 1. | കെട്ടിടനികുതി | 325000 രൂപ |
| 2. | തൊഴിൽനികുതി | 99105 രൂപ |
| 3. | വിനോദനികുതി | 66977 രൂപ |
| 4. | ലൈസൻസ് ഫീസ് | 13033 രൂപ |
| 5. | വസ്തുകൈമാറ്റനികുതി | 90457 രൂപ |
| 6. | സർക്കാർ ഗ്രാന്റുകൾ | 867971 രൂപ |
| 7. | ഡെപ്പോസിറ്റുകൾ | 16041 രൂപ |
| 8. | മറ്റു വരുമാനങ്ങൾ | 512799 രൂപ |

മുകളിൽ പ്രസ്താവിച്ച പട്ടിക നോക്കു മ്പോൾ പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകൾ കെട്ടിടനികുതിയാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാനങ്ങളായി ആശ്രയിക്കുന്നത് സർക്കാർ ഗ്രാന്റുകൾ തന്നെയാണ്. പഞ്ചായത്തിന്റെ ധനാഗമനമാർഗ്ഗ ങ്ങളുടെ സ്ഥിതി വിവരണക്കണക്കുകൾ പരിശോധിക്കുമ്പോൾ വരുമാനത്തിന്റെ വർദ്ധ നവിൽ വലിയ വ്യതിയാനം കാണുവാൻ കഴിയു ന്നില്ല. മാത്രമല്ല ചില വർഷങ്ങളിൽ വരുമാന ത്തിൽ കുറവും കാണപ്പെടുന്നു.

പഞ്ചായത്തിന്റെ ചിലവ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | ഇനം | ചിലവ് |
|---|---|---|
| 1. | ഭരണം | 416406 |
| 2. | പൊതുമരാമത്ത് | 378671 |
| 3. | വിദ്യാഭ്യാസം | 13890 |
| 4. | ജലവിതരണം, പൊതുജനാരോഗ്യം | 49702 |
| 6. | തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 96345 |
| 6. | മറ്റുള്ളവ | 465343 |

മുകളിൽ പറഞ്ഞ പട്ടിക പരിശോധി ക്കുകയാണെങ്കിൽ ഭരണ ചിലവുകൾ മാറ്റി നിറുത്തിയാൽ പഞ്ചായത്തിന്റെ പ്രധാന ചിലവ് റോഡ്, തെരുവു വിളക്ക്, ജലവിതരണം, എന്നീ കാര്യങ്ങൾക്കായി ചെലവിടുന്നു. ഉൽപാദന രംഗങ്ങളിൽ പഞ്ചായത്തിന്റെ നിക്ഷേപം തീരെ ഇല്ലെന്നുതന്നെ പറയാം. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന വാണിജ്യ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചൊവ്വന്നൂരും

കാണിപ്പയ്യൂർ സർവ്വീസ് സഹകരണ ബാങ്കും ആണ്. ഇവ കൂടാതെ സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ ഏകദേശം 35ഓളം പഞ്ചായത്തിൽ ഉണ്ട്. മുകളിൽ പറഞ്ഞ SBI യിൽ കൂടി മാത്രമാണ് ഹൃസ്വമദ്ധ്യദീർഘ കാല വായ്പകൾ പ്രധാനമായും നൽകിവരുന്നത്. സ്വകാര്യപണമിടപാടുകളിൽ നിന്നും വിവിധതര പലിശകൾ ഈടാക്കി വായ്പകൾ നൽകിവരുന്നുണ്ട്.

ഈ പഞ്ചായത്തിൽ പ്രതിമാസം ഏകദേശം $1^1/_2$ മുതൽ $1^3/_4$ കോടിരൂപയോളം ഗൾഫ് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും എത്തിചേരുന്നുണ്ട്. അവ പ്രധാനമായും മുടക്കപ്പെടുന്നത് കെട്ടിടനിർമ്മാണത്തിനും റിയൽ എസ്റ്റേറ്റുകൾക്കുമായിട്ടാണ്. ഉൽപാദനമേഖലയിൽ മുതൽമുടക്ക് തീരെ അപര്യാപ്തമാണ്.

## പ്രശ്നങ്ങളും സാദ്ധ്യതകളും

1. പഞ്ചായത്തിന്റെ തനതു വരുമാനം വളരെ പരിമിതമായതിനാൽ കെട്ടിട നികുതി സ്ട്രക്ചറിൽ പുനരവലോകനം നടത്തേണ്ടതാണ്.
2. വ്യാപാരസ്ഥാപനങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീസ് കാലോചിതമായി പുതുക്കേണ്ടതാണ്.
3. പഞ്ചായത്ത് നടപ്പാക്കുന്ന പണികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി ആവർത്തന ചിലവുകൾ കുറയ്ക്കേണ്ടതാണ്.
4. നഗരസഭകളുടെ അടുത്ത് കിടക്കുന്ന പഞ്ചായത്തായതിനാൽ സേവന നികുതി ഏർപ്പെടുത്തി (കേബിൾ ടി.വി.) പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. പ്രത്യുൽപാദനപരമല്ലാത്ത രംഗങ്ങളിൽ പഞ്ചായത്തിന്റെ ചിലവ് നിയന്ത്രിക്കേണ്ടതാണ്.
5. പരസ്യനികുതി ഇനങ്ങളിൽ പഞ്ചായത്തിന്റെ വരുമാനം (പരസ്യബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിക്കുന്നതിന്) വർദ്ധിപ്പിക്കേണ്ടതാണ്.
6. വസ്തു കൈമാറ്റ നികുതി നേരിട്ട് പഞ്ചായത്തിന് ഏൽപിക്കേണ്ടതാണ്.
7. വൻ വിസ്തൃതിയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും (2000 ചതുരശ്ര അടി) ഒരു പിഴ ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.
8. പഞ്ചായത്തിലെ പണികൾ ജനകീയ കമ്മറ്റികൾ പ്രാദേശികമായി രൂപീകരിച്ച് അവരെ ഏൽപ്പിക്കേണ്ടതാണ്.
9. പഞ്ചായത്തിന്റെയും ഇവിടുത്തെ ജനങ്ങളുടേയും വികസന പ്രവർത്തനങ്ങളെ പ്രധാനമായും സഹായിക്കുന്ന വിധത്തിൽ കാണിപ്പയ്യൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ മാറ്റേണ്ടതാണ്.
10. നിക്ഷേപ സമാഹരങ്ങളിൽ കൂടി (ഇന്ദിരാ വികാസ് പത്ര, കിസാൻ വികാസ്പത്ര) സമ്പാദ്യശീലം വളർത്തുകയും അതിൽകൂടി പഞ്ചായിന്റെ വരുമാനം വർദ്ധിപ്പിക്കണം.
11. ഈ പഞ്ചായത്തിലെ പ്രധാന വിഭവമായ മനുഷ്യ ശക്തിയെ സന്നദ്ധപ്രവർത്തനങ്ങൾക്കും പഞ്ചായത്തിന്റെ എല്ലാ തര വികസനപ്രവർത്തനങ്ങൾക്കുമായി ഉപയോഗപ്പെടുത്തണം.

തികൈവരിക്കാൻ കഴിഞ്ഞിട്ടില്ല. SSLCക്ക് ശേഷം തുടർന്ന് പഠിക്കുന്നതിന് പലരും താൽപര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ തുടർന്നുള്ള പഠനത്തിന് ഇക്കാര്യത്തിൽ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. കുടുംബ ഭാരം ഏറ്റെടുക്കേണ്ടിവന്നതിനാൽ പഠനം നിർത്തേണ്ടി വന്ന നിരവധികുട്ടികളും ഉണ്ട്.

1996-97 അദ്ധ്യയനവർഷത്തിൽ സ്കൂളു കളിലും കോളേജുകളിലുമായി 204 പട്ടികജാതി കുട്ടികൾ പഠനം നടത്തുന്നുണ്ട്. ഇവരുടെ പഠന നിലവാരത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിന് ഇവർക്കാവശ്യമായ പഠനോപകരണങ്ങൾ പുസ്തകങ്ങൾ സൗജന്യസാമ്പത്തിക സഹായ ങ്ങൾ നൽകുക, ട്യൂഷൻ സെന്ററുകൾ ആരംഭി ക്കുക, മുതലായ പദ്ധതികൾ അത്യന്താപേക്ഷി തമാണ്. അതുപോലെ തന്നെ പൊതുവെ SSLC ക്ക് ഉപരിയായി പഠനം നടത്തുന്നവർ വളരെ കുറവാണ്. ഈ അവസ്ഥ മാറ്റി എടുക്കുന്നതി നുവേണ്ടി SSLCയ്ക്ക് പരാജയപ്പെട്ടി കുട്ടികളെ തുടർന്ന് പഠിപ്പിക്കുന്നതിനുള്ള ഒരു അവസ്ഥ ഉണ്ടാക്കിയെടുക്കേണ്ടതാണ്

## തൊഴിൽമേഖല

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷം ആളുകളും കാർഷികമേഖലകളിൽ തൊഴിലെ ടുത്ത് ഉപജീവനം കഴിച്ചുവരുന്ന കർഷകതൊ ഴിലാളികളാണ്. തൊഴിൽ സ്തംഭനാവസ്ഥ വരി കയും മെച്ചപ്പെട്ട കൂലി നിർമ്മാണരംഗത്ത് കിട്ടു ന്നതിനാലും കാർഷിക വൃത്തിയിൽ നിന്നും പട്ടിക ജാതി അംഗങ്ങൾ നിർമ്മാണരംഗത്ത് ഉള്ള തൊഴിൽ മേഖലയിൽ ഏറിയ പങ്കും എത്തി ച്ചേർന്നിട്ടുണ്ട്. എന്നാൽ ഈ അടുത്ത കാല ത്തായി ഗൾഫ് വരുമാനത്തിന്റെ തോത് കുറ ഞ്ഞുവരുന്നതുമൂലം ഈ മേഖലയിലും തൊഴിൽ സ്തംഭനാവസ്ഥ വന്നരിക്കുകയാണ്. അതിന്റെ ഫലമായി പട്ടികജാതി അംഗങ്ങളുടെ തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട് വരികയാണ്.

എന്നാൽ കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങൾ ചില സീസണുകളിലാണ് എന്നു ള്ളത്കൊണ്ട് മിക്ക കർഷക തൊഴിലാളികളും തൊഴിൽ സീസൺ കഴിഞ്ഞാൽ വെറുതെയിരി ക്കുക പതിവാണ്. ഇത്തരം സന്ദർഭങ്ങളിൽ തൊഴിൽ സാധ്യതകൾ ഉറപ്പുവരുത്തുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുക. പര മ്പരാഗത കൈതൊഴിൽ മേഖലകളെ നവീക രിക്കുന്നതിന് വേണ്ട സഹായങ്ങൾ നൽകി പരി പോഷിപ്പിക്കുക; സേവനമേഖലയിൽ "മാൻപവ്വർ ബ്യൂറോ" തുടങ്ങുന്നതിന് സഹായധനം നൽകുക ലളിതമായ നിയമവ്യവസ്ഥയിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും; പട്ടികജാതി കോർപ്പറേഷനിൽ നിന്നും വായ്പകളും, സഹാ യധനങ്ങളും നൽകി അഭ്യസ്ഥ വിദ്യരായ ഉദ്യോ ഗാർത്ഥികൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പി ക്കുക, സമയാ-സമയങ്ങളിൽ പട്ടികജാതി കുടുംബങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ നൽകുക, പരിശീലനം നൽകി വ്യവസായ യൂണി റ്റുകൾ തുടങ്ങാൻ ആവശ്യമായ വായ്പ അനു വദിക്കുക, സ്ത്രീകൾക്ക് തൊഴിൽ സാധ്യതക്ക് വേണ്ടി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പ്ലാ സ്റ്റിക് കവർ നിർമ്മാണം, ബുക്ക്ബൈന്റിംഗ് എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവി ഷ്കരിക്കുക.

# പട്ടികജാതി

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 11.7% പട്ടികജാതി വിഭാഗമാണ് 592 പട്ടിക ജാതി കുടുംബങ്ങൾ ഇവിടെ താമസിച്ചുവരുന്നു. 4 അംഗീകൃതകോളനികളും 12 സെറ്റിൽമെന്റ് കോളനികളുമുണ്ട്. 286 കുടുംബങ്ങൾ ഇടകലർന്നുമാണ് വസിക്കുന്നത്. ആകെ 3035 പട്ടികജാതി അംഗങ്ങൾഉണ്ട്. പട്ടികവർഗ്ഗക്കാർ പഞ്ചായത്തിൽ ഇല്ല.

വിദ്യാഭ്യാസ സാമൂഹിക തലങ്ങളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് ഉയർന്ന പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശാവും മിച്ച ഭൂമിയുടെ ലഭ്യതയും കൂലി വർദ്ധനവും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരിയ്ക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്ന് പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്.

ഈ വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കികൊണ്ട് സർക്കാരും മറ്റു ഇതര ഏജൻസികളും നടപ്പിലാക്കിവരുന്ന പല പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളെ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ ഇത്തരം പദ്ധതികളുടെ സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ ചില നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ തന്നെ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനികളിൽ കൂട്ടമായി താമസിക്കുന്നവർക്കാണ്. എന്നാൽ ഇനിയും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ കഴിയാതെ നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങളിലെ പ്രാഥമിക അടിസ്ഥാന ആവശ്യങ്ങളെ സംബന്ധിച്ചും ഉള്ള വിവരം ഒന്നാം (പട്ടിക-I) പട്ടികയിൽ ചേർക്കുന്നു.

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പുരോഗ

പട്ടികജാതി വികസന വകുപ്പ് മുഖേന യും, കോർപ്പറേഷൻ മുഖേനയും നൽകപ്പെടുന്ന വായ്പകളെ സംബന്ധിച്ചും ആനുകൂല്യങ്ങളെ സംബന്ധിച്ചും, സമയാസമയങ്ങളിൽ വിവരം ലഭി ക്കുന്നതിന് വേണ്ടി വിവരങ്ങൾ ഗ്രാമപഞ്ചായ ത്തിന് കാലവിളംബം കൂടാതെ അറിയിക്കണം.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരി ക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും വലിയ ഒരളവോളം ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. വിവിധ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക പട്ടിക ജാതി കോളനികളിലും പരിമിതമായ സൗകര്യങ്ങളാണ് ഉള്ളതെങ്കിലും ഏറെകുറെ കുടുംബങ്ങളും ചെറ്റ കുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട്. ഒറ്റ പ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല.

ഭൂരഹിത തൊഴിലാളികളെ പുനരധിവസി പ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ 52 കുടുംബങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 26 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നവ രാണ്.

എന്നാൽ ഇപ്പോഴും മറ്റ് പല പ്രശ്നങ്ങ ളും പരിഹരിക്കപ്പെടാതെ കിടക്കുന്നുണ്ട്. പട്ടിക ജാതിക്കാരുടെ ഇടയിലും കോളനികളിലും.

കോളനികളെ സംബന്ധിച്ചുള്ള വിവരം 2-ാം പട്ടികയിൽ ചേർക്കുന്നു.

വീടിനെസംബന്ധിച്ചും, കക്കൂസുകളെ സംബന്ധിച്ചും, കോളനികളിൽ പോരായ്മകൾ നിലനിൽക്കുന്നു. ഇവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം നിർബ്ബന്ധമായും ചെയ്തുകൊടുക്കേണ്ട താണ്. മേൽസംബന്ധിച്ച വിവരങ്ങൾ 3-ാം പട്ടി കയിൽ ചേർക്കുന്നു. കോളനികളിൽ ഉൾപ്പെ ടാത്ത ഒറ്റപ്പെട്ട കുടുംബങ്ങളിലെ വീടുകളുടെ യും കക്കൂസുകളുടെയും വിവരങ്ങളെ സംബ ന്ധിച്ച് പട്ടി-1 ൽ ചേർത്തിരിക്കുന്നു.

**പ്രശ്നങ്ങൾ:**

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല ഉ ന്നത വിദ്യാഭാസരംഗത്തും സാങ്കേതിക വിദ്യാ ഭ്യാസരംഗത്തും പിറകിൽ.
2. പിന്നോക്കബോധാവസ്ഥ ചിലരിൽ നില നിൽക്കുന്നു.
3. സാമ്പത്തിക പിന്നോക്കവാസ്ഥ നില നിൽക്കുന്നു.
4. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു.
5. നിർമ്മാണരംഗത്ത് ഗൾഫ് വരുമാനതോത് കുറഞ്ഞുവരുന്നതിന്റെ ഫലമായി തൊഴിൽ സ്തംഭനാവസ്ഥ.
6. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
7. വീട് വെക്കാൻ സ്ഥലമില്ല.
8. വീടുനിർമിക്കാൻ നൽകുന്ന ധനസഹായ തുകയുടെ കുറവ് നിമിത്തം വീടിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ വന്നിരിക്കുന്നു.
9. കോളനികളിലും ഒറ്റപ്പെട്ട കുടുംബങ്ങളി ലും കുടിവെള്ള ക്ഷാമം രൂക്ഷം.
10. ചില പ്രദേശങ്ങളിൽ പൊതു ശ്മശാനം ഇല്ല.
11. വൈദ്യുതി മുഴുവൻ വീടുകളിലും ഇല്ല.

## പട്ടിക 2

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | X | കാണിപ്പയൂർ കോളനി, പുതുശ്ശേരി [IRDP] | 63 | 186 |
| 2. | X | കാണിപ്പയൂർ കോളനി ആനായ്ക്കൽ | 32 | 122 |
| 3. | VII | പുതുശ്ശേരി ഹരിജൻ സെറ്റിൽമെന്റ് കോളനി | 12 | 54 |
| 4. | VI | പഴുന്നാന ഹരിജൻ കോളനി | 160 | 120 |
| | | **അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളത്** | | |
| 1. | I | പഞ്ചായത്ത് ഓഫീസിനുസമീപമുള്ള കോളനി | 15 | 67 |
| 2. | " | തന്ത്രവിദ്യാപീഠം വഴിയിൽ കനിയുൽകുണ്ട് സ്ഥലത്തെ കോളനി | 38 | 38 |
| 3. | " | അയ്യംപറമ്പ് പള്ളിസമീപമുള്ള കോളനി | 13 | 85 |
| 4. | II | മണലുമുക്കിൽ കോളനി | 13 | 52 |
| 5. | " | അയ്യപ്പത്ത് പണിയിൽ കോളനി | 14 | 56 |
| 6. | III | അയ്യപ്പത്ത് റോഡുമുതൽ അടുപ്പൂട്ടി പള്ളി റോഡിനിടയിൽ ഉള്ള കോളനി | 13 | 62 |
| 7. | " | കൊട്ടിലിപ്പടി മുതൽ സീനിയർ ഗ്രൗണ്ടിനിടയിൽ ഉള്ള കോളനി (ശവക്കോട്ട സമീപം) | 10 | 58 |
| 8. | " | സെന്റ് ജോർജ്ജ് സമീപം ഉള്ള കോളനി | 11 | 60 |
| 9. | VI | തെക്കുമുറി കോളനി | 11 | 42 |
| 10. | IX | കാണിപ്പയൂർ ത്രിവേണി സെന്റർ കോളനി | 11 | 36 |
| 11. | XI | ആനായ്ക്കൽ ഇടക്കാട്ടിൽ സമീപം ഉള്ള കോളനി | 10 | 41 |
| 12. | VIII | കാണിപ്പയൂർ ലക്ഷംവീട് സമീപം ഉള്ള കോളനി | 10 | 42 |

12. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെടുത്തണം.

13. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കണം.

14. നിർദ്ധനപട്ടിക ജാതി കുടുംബങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ കൊടുക്കണം.

15. IRDP പദ്ധതിയും മറ്റ് ഏജൻസികൾ നൽകുന്ന സാമ്പത്തിക സഹായ പദ്ധതികളും ഫല പ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

16. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പുനൽകി വരുന്ന വായ്പകളും സഹായധനങ്ങളും ഗുണപരമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

17. സർക്കാർ പരിശീലനം കൊടുത്തിട്ടുള്ള പരിശീലകരെ ഈ മേഖലയിൽ തന്നെ നിലനിർത്തുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.

18. പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

## സാദ്ധ്യതകൾ

വൈദ്യുതി: പഞ്ചായത്തിൽ ഏറെകുറെ കോളനികളും വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട് എങ്കിലും ചില വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല. ആകെ പഞ്ചായത്തിൽ വൈദ്യുതികരിച്ച വീടുകൾ 401 ആണ്.

## കുടിവെള്ളം

കുടിവെള്ളം പഞ്ചായത്തിൽതന്നെ ഭൂരിഭാഗം പ്രദേശങ്ങളിലും വാർഡുകളിലും അതിരൂക്ഷമാണ്. മഴക്കാലം കഴിഞ്ഞാൽ കുടിവെള്ളം ക്ഷാമം തുടങ്ങി എന്ന് തന്നെ പറയാം. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും, എന്നാൽ വേനൽക്കാലം ആരംഭിക്കുന്നതോടെ കോളനികളിൽ താമസിക്കുന്നവർ ആയാലും ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്നവർ ആയാലും കി.മീറ്ററോളം നടന്ന് പോയി വെള്ളം കൊണ്ടുവരേണ്ട ഒരു ദുഃസ്ഥിതിയാണ് ഇപ്പോൾ ഭൂരിഭാഗം പ്രദേശങ്ങളിലും നിലനിൽക്കുന്നത്. ആയതിനാൽ ഇത് പരിഹരിക്കുന്നതിന് വേണ്ടി പട്ടിക 4ൽ പറയുന്ന പ്രകാരം ഉള്ള കോളനികളിൽ പഞ്ചായത്ത് കിണറുകളും കുഴൽകിണറുകളും, കിണർ സംരക്ഷിക്കലും, നടത്തുക വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പിട്ട് ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുകയും ചെയ്യുക. അങ്ങനെ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ കാലാകാലമായിട്ടുള്ള കുടിവെള്ള ക്ഷാമമെന്ന ശാപത്തിൽ നിന്നും കുടുംബങ്ങളെ സംരക്ഷിക്കേണ്ട ചുമതല അത്യന്താപേക്ഷിതമായി തീർന്നിരിക്കുകയാണ്.

## റോഡുകൾ

പട്ടികജാതി കുടുംബങ്ങൾ കോളനിയായി താമസിക്കുന്ന പ്രദേശങ്ങളിലെ റോഡുകളും, ഒറ്റപ്പെട്ട് താമസിക്കുന്ന പ്രദേശത്തുള്ള റോഡുകളും അറ്റകുറ്റപ്പണി സമയം സമയാസമയങ്ങളിൽ നടത്തി റോഡുകൾ സഞ്ചാരയോഗ്യമാക്കിതീർക്കണം. പട്ടിക ജാതി ക്ഷേമത്തിനായി പ്രവർത്തി

ച്ചുവരുന്നു. ഹരിജനക്ഷേമവകുപ്പും പട്ടികജാതി കോർപ്പറേഷനും നടപ്പാക്കിവരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇപ്പോൾ നിലനിന്ന് വരുന്നമാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ.

ലളിതമായ വ്യവസ്ഥയിലൂടെ മാത്രമെ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്ത് മുഖേനെയാണങ്കിൽ കൂടുതൽ ഫല പ്രദമാക്കാൻ കഴിയും.

പട്ടികജാതി ക്ഷേമം മുൻനിർത്തി അടിയന്തിര ശ്രദ്ധ പതിയേണ്ട നിർദ്ദേശങ്ങൾ

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തിതൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
2. പരമ്പരാഗതതൊഴിൽ മേഖലകളായ കൊട്ട, മുറം, പനമ്പ്, പായനെയ്ത്ത്, മുതലായവ വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
3. പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
4. പട്ടികജാതി സർവ്വീസ് സഹകരണസംഘം പഞ്ചായത്തിൽ ആരംഭിക്കുക.
5. അഭ്യസ്ഥ വിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന പ്രട്ടിക ജാതി വികസനവകുപ്പും പട്ടികജാതി കോർപ്പറേഷനും വായ്പകളും, സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമ പഞ്ചായത്തിന് ഏൽപ്പിക്കുക.
6. പഞ്ചായത്തിൽ പട്ടികജാതിക്കാരെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ തരിശ് കൃഷി ഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിതോട്ടങ്ങളും, മറ്റ് ഇതര കൃഷികളും ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം നൽകുകയും ചെയ്യുക. അങ്ങനെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
7. വീട് നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക.
8. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
9. വീടുകളുടെ അറ്റകുറ്റപണികൾക്ക് ധനസഹായം നൽകുക.
10. 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും അങ്കണവാടികളും, നഴ്സറികളും വാർഡ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുക.
11. ബോധവൽക്കരണത്തിന്റെ ഭാഗമായി എല്ലാ കോളനികളിലും ടെലിവിഷൻ സെറ്റ് സ്ഥാപിക്കുക.
12. വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.
13. ക്ഷീര സംസ്കരണയൂണിറ്റ് * എല്ലാ പ്രദേശത്തും ആരംഭിക്കുക.
14. ഔഷധസസ്യ പുഷ്പ ഫലകൃഷിചെയ്യുന്നതിന് സഹായധനം നൽകുക.
15. പട്ടികജാതിക്കാരുടെ തനതായ കലാരൂപങ്ങൾ അന്യം നിന്ന് പോകാതിരിക്കുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്തിൽ നാടൻ കലാസംഘ ക്ലബ്ബ് രൂപീകരിക്കുക.
20. മദ്യ നിരോധന ബോധവത്ക്കരണം നടത്തി പരിപൂർണ്ണമായും കോളനികളെയും വീടുകളെയും സംരക്ഷിച്ചു ഇവരിൽ സമ്പാദ്യശീലം ഉണ്ടാക്കുന്നതിനുള്ള അവബോധം വളർത്തുക.

# പട്ടിക 3

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | |
| 1. | കാണിപ്പയൂര് കോളനി പുതുശ്ശേരി | | 40 | 5 | 5 | 15 |
| 2. | കാണിപ്പയൂര് കോളനി ആനായ്ക്കൽ | 2 | 30 | Nil | 4 | 4 |
| 3. | പുതുശ്ശേരി ഹരിജൻ സെറ്റിൽമെന്റ് | | 9 | 3 | 5 | 8 |
| 4. | പഴുനാന ഹരിജൻ കോളനി | | 21 | 5 | 12 | 15 |
| 5. | പഞ്ചായത്ത് ഓഫീസിന് സമീപമുള്ള കോളനി | 1 | 12 | 2 | 2 | 2 |
| 6. | തന്ത്രവിദ്യാപീഠം വഴിയിൽ കനിയുൽകുണ്ട് | 2 | 7 | 3 | 3 | 3 |
| 7. | അയ്യംപറമ്പ് പള്ളിസമീപമുള്ള കോളനി | | 12 | 1 | - | - |
| 8. | മണലുമുക്ക് കോളനി | | 12 | 1 | - | - |
| 9. | അയ്യപ്പത്ത് പണിയിൽ കോളനി | | 6 | 8 | 6 | 6 |
| 10. | അയ്യപ്പത്ത് റോഡ്മുതൽ അടുപ്പൂട്ടി പള്ളി റോഡിനിടയിൽ ഉള്ള കോളനി | | 7 | 6 | 7 | 8 |
| 11. | ശവക്കോട്ടമുതൽ കൊട്ടിലപ്പടി വരെയുള്ള കോളനി | | 6 | 4 | 3 | 4 |
| 12. | സെന്റ് ജോർജ്ജ് റോഡിലുള്ള കോളനി | | 6 | 5 | 5 | 4 |
| 13. | തെക്കുമുറി കോളനി | | 8 | 3 | 3 | 4 |
| 14. | കാണിപ്പയൂർ ത്രിവേണി സെന്റർ കോളനി | | 9 | 2 | 4 | 3 |
| 15. | ആനായ്ക്കൽ ഇടക്കാട്ടിൽ കോളനി | | 7 | 3 | 4 | 2 |
| 16. | കാണിപ്പയൂർ ലക്ഷം വീട് സമീപമുള്ള കോളനി | 1 | 8 | 1 | 2 | 4 |

LAYOUT PRESTO COMPUTERS KUNNAMKULAM, TEL. 525155
AND PRINTED AT U.K.C. OFFSET PRINTERS KUNNAMKULAM TEL. 523566

# ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ

1. ഗ്രാമപഞ്ചായത്ത് ഓഫീസ്
2. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
3. വില്ലേജ് ഓഫീസ്
4. ഗ്രാമവികസന ഓഫീസ്
5. V.E.O. ഓഫീസ്
6. കൃഷിഭവൻ
7. പ്രാഥമിക ആരോഗ്യകേന്ദ്രം
8. സബ്സെന്റർ-3
9. ആയുർവ്വേദ ഡിസ്പെൻസറി
10. വെറ്ററിനറി ഡിസ്പെൻസറി
11. സബ് സെന്റർ -2
12. സംയോജിത മാതൃശിശു കേന്ദ്രം (I.C.D.S.)
13. L.P. സ്കൂൾ 5
14. U.P. സ്കൂൾ 2
15. ഹൈസ്കൂൾ 1
16. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ
17. കോൺവെന്റ് 6
18. പോസ്റ്റാഫീസ് 3
19. ഷഡ്യൂൾഡ് ബാങ്ക് 1
20. സഹകരണ ബാങ്ക് 1
21. ബ്രാഞ്ച് 1
22. ക്ഷീരവ്യവസായ സഹകരണസംഘം 1
23. വ്യവസായ സഹകരണസംഘം 1
24. 66 കെ.വി. സബ്സ്റ്റേഷൻ
25. സ്വകാര്യ ആസ്പത്രികൾ 2
26. ആരോഗ്യ ക്ലീനിക് 2
27. സാംസ്കാരക നിലയം
28. വായനശാല 4
29. സിനിമാ തീയ്യറ്റർ 1
30. അടുപ്പൂട്ടി വികസന സംഘം
31. ശ്രീനാരായണാ ഹാൾ
32. ലയൺസ് (ക്ലബ്ബ്) കമ്മ്യൂണിറ്റി ഹാൾ




U.K.C. Offset Printers, Kunnamkulam. Ph: 5